Newspaper for Malayalees Worldwide ◆Estd.2020

# വാചകം
VACHAKAM

CHICAGO
Vol.5 / Issue 10/ Pages 32
26
നവംബർ 2025
ബുധനാഴ്ച
1201 വൃശ്ചികം 10

www.vachakam.com
news@vachakam.com

01 America | 11 Canada | 12 Keralam | 17 India | 20 Socialmedia | 22 Cinema | 26 Sports | 28 Technology | 30 World



# 'തിരഞ്ഞെടുപ്പിലേക്ക് ഇറങ്ങില്ല, അമേരിക്കയിലെ പുരുഷന്മാർക്ക് സ്ത്രീ ഭരിക്കുന്നത് ഇഷ്ടമല്ല'; മിഷേൽ ഒബാമ



വാഷിംഗ്ടൺ: താൻ ഒരിക്കലും തിരഞ്ഞെടുപ്പിലേക്ക് മത്സരിക്കില്ലെന്ന് മുൻ പ്രഥമ വനിത മിഷേൽ ഒബാമ. രാഷ്ട്രീയത്തിലേക്ക് ഇറങ്ങില്ലെന്ന തീരുമാനം എപ്പോഴെങ്കിലും പുനഃപരിശോധിക്കുമോ എന്ന് പോഡ്കാസ്റ്റ് അവതാരകയായ ജാമി കെർൺ ലിമ ചോദിച്ചപ്പോൾ, 'ഇല്ല, ഒരിക്കലും' എന്ന് മിഷേൽ ഒബാമ മറുപടി നൽകി.

അമേരിക്ക ഒരു വനിതാ പ്രസിഡന്റിനെ സ്വീകരിക്കാൻ തയ്യാറല്ലെന്ന് അടുത്തിടെ മിഷേൽ ഒബാമ പറഞ്ഞത് വാർത്തകളിൽ ഇടം നേടിയിരുന്നു.

'അതുകൊണ്ടാണ് മത്സരിക്കുന്നതിനെക്കുറിച്ച് എന്നെ നോക്കരുത് എന്ന് ഞാൻ പറയുന്നത്, കാരണം നിങ്ങളെല്ലാം കള്ളം പറയുകയാണ്. നിങ്ങൾ ഒരു സ്ത്രീയെ സ്വീകരിക്കാൻ തയ്യാറല്ല.' ന്യൂയോർക്കിൽ നടന്ന ഒരു പരിപാടിയിൽ അവർ പറഞ്ഞു.

അമേരിക്കയിലെ പുരുഷന്മാർക്ക് ഒരു സ്ത്രീ നേതൃത്വം നൽകുന്നത് ഇഷ്ടമാണെന്ന് താൻ വിശ്വസിക്കുന്നില്ലെന്നും മുൻ പ്രഥമ വനിത പറഞ്ഞു.

'നമുക്ക് വളരാൻ ഒരുപാട് കാര്യങ്ങൾ ചെയ്യാനുണ്ട്, പക്ഷേ ദുഃഖകരമെന്നു പറയട്ടെ, ഒരു സ്ത്രീക്ക് നയിക്കാൻ കഴിയില്ലെന്ന് തോന്നുന്ന ധാരാളം പുരുഷന്മാർ ഇപ്പോഴും ഉണ്ട്, ഞങ്ങൾ അത് കണ്ടു,' മിഷേൽ പറഞ്ഞു.

## American Diary — 40 Years Ago

### *Space Shuttle Atlantis launched for its second mission*



On this day of November 26, 1985 Space shuttle Atlantis was launched from Launch Complex 39A. It would spend 6 days and 21 hours in Earth orbit. The STS-61-B mission was the fastest ever turnaround of a space shuttle between launches at 54 days.

The US Space Shuttle Atlantis launched on mission STS-61B. In a significant event that foreshadowed a major scandal, Random House bought former U.S. President Richard Nixon's memoirs for $3 million.

November 26, 1985



# ഉക്രെയ്ൻ സമാധാന പദ്ധതി: ട്രംപിന്റെ പ്രതിനിധി മോസ്കോയിലേക്ക്

കീവ്: ഉക്രെയ്നിലെ യുദ്ധം അവസാനിപ്പിക്കാനുള്ള ട്രംപിന്റെ പദ്ധതിയിൽ സമവായം സൃഷ്ടിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പ്രതിനിധി സ്റ്റീവ് വിറ്റ് കോഫ് അടുത്ത ആഴ്ച മോസ്കോ സന്ദർശിക്കും. വിറ്റ് കോഫിന്റെ സന്ദർശനം റഷ്യ സ്ഥിരീകരിച്ചു.

സമാധാന പദ്ധതിയുടെ നിബന്ധനകൾ ഇതുവരെ ഔദ്യോഗികമായി ലഭിച്ചിട്ടില്ലെന്നും എന്നാൽ പിൻവാതിലിലൂടെ ഒരു പകർപ്പ് ലഭിച്ചിട്ടുണ്ടെന്നും റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിന്റെ വിദേശകാര്യ നയ ഉപദേഷ്ടാവ് യൂറി യുഷാക്കോവ് പറഞ്ഞു.

ഫോണിലും മറ്റും അവർ സംസാരിച്ചിരുന്നുവെങ്കിലും, ഒരു മേശയ്ക്കു ചുറ്റും വ്യക്തിഗതമായി നിബന്ധനകൾ ഇതുവരെ ചർച്ച ചെയ്തിട്ടില്ലെന്ന് യൂറി യുഷാക്കോവ് പറഞ്ഞു.

യുഎസ് ആർമി സെക്രട്ടറി ഡാൻ ഡ്രിസ്കോൾ അടുത്ത ദിവസം ഉക്രെയ്ൻ സന്ദർശിക്കുമെന്ന് ട്രംപ് പ്രഖ്യാപിച്ചു. എന്നാൽ, ഉക്രെയ്ൻ ഇക്കാര്യം സ്ഥിരീകരിച്ചിട്ടില്ല. യുഎസ്, ഉക്രെയ്ൻ, റഷ്യ എന്നിവിടങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥർ അബുദാബിയിലും യുഎസ്, ഉക്രെയ്ൻ ഉദ്യോഗസ്ഥർ കഴിഞ്ഞ ദിവസം ജനീവയിലും ചർച്ച നടത്തി.

# വെടിവെപ്പിന് പിന്നാലെ ഡി.സിയിലേക്ക് 500 നാഷണൽ ഗാർഡുകളെ അയക്കാൻ ഉത്തരവിറക്കി ട്രംപ്





വെടിവെപ്പിന് പിന്നാലെ ട്രംപ് വാഷിങ്ടൺ ഡി.സിയിലേക്ക് അഞ്ഞൂറിലധികം നാഷണൽ ഗാർഡ് സൈനികരെ അയക്കുന്നതായി റിപ്പോർട്ട്. നവംബർ 26ന് വൈറ്റ് ഹൗസിന് അടുത്ത് രണ്ട് നാഷണൽ ഗാർഡ് അംഗങ്ങൾക്ക് വെടിയേറ്റ് പരിക്ക് പറ്റിയ സംഭവത്തിന് പിന്നാലെ ആണ് ഈ നീക്കം. പ്രതിരോധ സെക്രട്ടറി പീറ്റ ഹെഗ്സെത്ത് ആണ് ഇക്കാര്യം അറിയിച്ചത്. 'വാഷിങ്ടൺ ഡി.സി സുരക്ഷിതവും മനോഹരവും ആക്കാനുള്ള ഞങ്ങളുടെ പ്രതിജ്ഞയെ ഇത് കൂടുതൽ ശക്തമാക്കും' എന്ന് ഹെഗ്സെത്ത് പ്രതികരിച്ചു.

നിലവിൽ ഏദേശം 2,200 നാഷണൽ ഗാർഡ് സൈനികർ വാഷിങ്ടൺ ഡി.സിയിലാണ്. ട്രംപ് ഓഗസ്റ്റിൽ തലസ്ഥാന നഗരിയിൽ ക്രൈം നിയന്ത്രണത്തിനായി ഈ സൈനിക വിന്യാസം ആരംഭിച്ചിരുന്നു. പുതിയ 500 പേരുടെ കൂട്ടിച്ചേർക്കൽ കൊണ്ട് ഈ സംഖ്യ 2,700 ആയി ഉയരും.

അതേസമയം ട്രംപ് നാഷണൽ ഗാർഡ് വിന്യാസത്തെ വലിയ വിജയമായി വിശേഷിപ്പിച്ചിരുന്നു. വാഷിങ്ടൺ ഡി.സിയിലേയും പോർട്ട്ലാൻഡ്, ഷിക്കാഗോ തുടങ്ങിയ നഗരങ്ങളിലേയും കുറ്റകൃത്യങ്ങൾ കുറയ്ക്കാൻ ഇതു മാതൃകയാകുമെന്ന് അദ്ദേഹം പറയുന്നു. 'ഡി.സിയിൽ ആറ് മാസമായി ഒരു കൊലപാതകവും നടന്നിട്ടില്ല' എന്നാണ് അദ്ദേഹത്തിന്റെ അവകാശവാദം.

എന്നാൽ ഇത് തെറ്റാണെന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. ഡി.സി മെട്രോപോളിറ്റൻ പൊലീസ് ഡിപ്പാർട്ട്മെന്റിന്റെ കണക്കുകൾ പ്രകാരം ഈ വർഷം 123 കൊലപാതകങ്ങൾ ഇതിനകം നടന്നിട്ടുണ്ട്. നവംബർ 19ന് ഒരു പുതിയ കൊലപാതകത്തിന്റെ അന്വേഷണവും പ്രഖ്യാപിച്ചു. 2024നെ അപേക്ഷിച്ച് 2025ൽ കൊലപാതകങ്ങൾ 29% കുറവാണ്, പക്ഷേ ഈ ഇടിവ് ട്രംപിന്റെ ഇടപെടലിന് മുമ്പേ തുടങ്ങിയിരുന്നു എന്നാണ് റിപ്പോർട്ടുകൾ.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Chairman & CEO: Jose Chennikkara
Vice Chairman and CEO: Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director: Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad
1-773-888-2242
1-773-842-9149, 1-773-888-2243
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online) for Malayalees worldwide)
Cost $1.00 per copy
1-773-888-2242
1-773-842-9149
Email: vachakamonline@gmail.com

**E-Paper reading**
**visit vachakam.com**

Disclaimer
Vachakam Ltd. assumes no liability or responsibility for claims against advertisements, advertorials, articles or copyright issues.

## റീ...പോളിംഗ്





വാങ്ങുന്നതെല്ലാം മരുന്നല്ല..! സർക്കാർ മരുന്നിലും നിലവാരമില്ല വാർത്ത

# Front page

അമേരിക്ക വാചകം

# സീറോ മലബാർ കൺവെൻഷൻ കിക്കോഫിന് കാലിഫോർണിയ ലിവർമോർ മിഷനിൽ ആവേശകരമായ പ്രതികരണം



ഷിക്കാഗോ: രജതജൂബിലി ആഘോഷിക്കുന്ന സീറോ മലബാർ രൂപതയുടെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെടുന്ന കൺവെൻഷന്റെ കിക്കോഫ് ഫാ. കുര്യൻ നെടുവേലിചാലുങ്കലിന്റെ നേതൃത്വത്തിൽ കാലിഫോർണിയ ലിവർമോർ സെന്റ് തെരേസ ഓഫ് കൽക്കട്ട സീറോ മലബാർ മിഷനിൽ വളരെ ഉത്സാഹപൂർവ്വം നവംബർ ഇരുപത്തിമൂന്നാം തീയതി നടന്നു.

കൺവെൻഷന്റെ ഭാഗമായി ഇടവകകൾ സന്ദർശിക്കുന്നതിനും വിവരങ്ങൾ പങ്കുവയ്ക്കുന്നതിനും ആയി എത്തിച്ചേർന്ന ഫാ. കുര്യൻ നെടുവേലിചാലുങ്കലിനെയും ജൂബിലി ചെയർമാൻ ജോസ് ചാമക്കാലയെയും രജിസ്ട്രേഷൻ കോർഡിനേറ്റർ സണ്ണി വള്ളിക്കളത്തിനെയും ഇടവക വികാരി ഫാദർ സിജോ തറക്കുന്നേൽ സ്കറിയയുടെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾ ഹൃദ്യമായി സ്വീകരിച്ചു.

കൺവെൻഷൻ കോർഡിനേറ്റർമാരായ ജിസ്മോൻ ഓലിക്കൽ, ടോജോ തോമസ് (ട്രസ്റ്റി), ജോബി വരമ്പേൽ, ജോസ് ചുങ്കത്തു, ട്രസ്റ്റിമാരായ ജെയിംസ് ആലുങ്കൽ, ജോസഫ് താക്കോൽക്കാരൻ, ടോജോ തോമസ് എന്നിവർ മനോഹരമായ കിക്കോഫിന് നേതൃത്വം നൽകി. ജോസ് ചാമക്കാല രജിസ്ട്രേഷൻ, സ്പോൺസർഷിപ്പ്, കൺവെൻഷൻ പരിപാടികൾ എന്നിവ വിശദീകരിച്ചു. സണ്ണി വള്ളിക്കളം ഏവരെയും കൺവെൻഷനിലേക്കു സ്വാഗതം ചെയ്തു.

രൂപതയുടെ പ്രഥമ ഇടയൻ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലി കൂടി ഇതോടൊപ്പം ആഘോഷിക്കുകയാണ്. 2026 ജൂലൈ മാസം 9 മുതൽ 12 വരെ ഈ കൺവെൻഷന്റെ വേദി നമക്കോർമിക് പ്ലേസും അതോട് ചേർന്ന മൂന്ന് ഹോട്ടലുകളും ആണ്.

ലിവർമോർ പള്ളിയിലെ അച്ചന്റെയും, ഇടവകാംഗങ്ങളുടെയും വളരെ ഹൃദ്യമായ സ്വീകരണത്തിനും സഹകരണത്തിനും കൺവെൻഷൻ ടീം പ്രത്യേകം നന്ദി അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും www.syroconvention.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

*ബീനാ വള്ളിക്കളം*



# ഷിക്കാഗോ എക്യൂമെനിക്കൽ കൗൺസിൽ ബാസ്കറ്റ്ബോൾ ടൂർണമെന്റ്

എക്യൂമെനിക്കൽ കൗൺസിൽ ഓഫ് കേരള ചർച്ചസ് ഇൻ ഷിക്കാഗോയുടെ ആഭിമുഖ്യത്തിലുള്ള ബാസ്ക്കറ്റ്ബോൾ ടൂർണ്ണമെന്റ് ഈ വർഷവും വളരെ ഭംഗിയോടും, ഉത്തരവാദിത്ത മനോഭാവത്തോടും, കായിക മര്യാദയോടും നടത്തപ്പെട്ടു. നവംബർ 22 രാവിലെ 9 മണിക്ക് 10 ടീമുകൾ ഗ്ലൻ എലൻ അക്കർമാൻ സ്പോർട്സ് കോംപ്ലക്സിൽ അണിനിരന്നു. കൗൺസിൽ പ്രസിഡന്റ് തോമസ് മാത്യു അച്ചന്റെ പ്രാർത്ഥനക്ക് ശേഷം ടൂർണമെന്റ് ഉദ്ഘാടനം ചെയ്തതായി പ്രഖ്യാപിച്ചു.

ഈടൂർണമെന്റിന്റെചെയർപേഴ്സണായിറവ. ബിജുയോഹന്നാൻഅച്ചനും, കൺവീനറായിറോഡ്ണി സൈമണും, നേതൃത്വം നൽകിയ വർണ്ണശബളമായ ഒരു കമ്മിറ്റി ഇതിന്റെ വിജയത്തിനായി പ്രവർത്തിച്ചു.

ഈടൂർണമെന്റിന്റെവിജയികളായസെക്രെഡ് ഹാർട്ട്ക്നാനായ കാത്തലിക് ചർച്ച്(ബെൻസെൻവിൽ) ക്യാപ്ടൻ ചെറിയാൻ ചാലക്കലിന് പുതുശ്ശേരിയിൽ ഫാമിലി സംഭാവന ചെയ്ത എവർ റോളിംഗ് ട്രോഫി നൽകി.

ടൂർണമെന്റ് റണ്ണേഴ്സ് അപ്പ് ഷിക്കാഗോ മാർ തോമ ചർച്ച ടീം ക്യാപ്ടൻ എബിൻ സാം ട്രോഫി സ്വീകരിച്ചു. സി.എസ്.ഐ, സിറോ മബലാർ ടീമുകൾ സെമി ഫൈനലിൽ എത്തിയിരുന്നു.

താഴെപ്പറയുന്ന ടീം മെമ്പേഴ്സ് വ്യക്തിഗത ഫലകങ്ങൾക്ക് അർഹരായി.

എംവിപി ഫൈനൽ - ആബേൽ, സേക്രഡ് ഹാർട്ട് ചർച്ച്, എംവിപി - കെവിൻ, ഷിക്കാഗോ മാർത്തോമ്മാ ചർച്ച്, എംവിപി ഡിഫൻസ് - ജാലെൻ, സേക്രഡ് ഹാർട്ട് ചർച്ച്, എംവിപി ടൂർണമെന്റ് ഡിഫൻസ് - ജാരെഡ് ബ്രാൻഡി, സിഎസ്ഐ ചർച്ച്.

ഏകദേശം 250 ഓളം കാണികളും കളിക്കാരും ഉൾപ്പെട്ട ഈ വേദി ഏകദേശം അഞ്ചര മണിയോടെ പര്യാവസാനിച്ചു.

*സാം തേക്കനാൽ, ജോൺസൺ വള്ളിയിൽ*

# 'ഉണ്ണിയേശുവെ' ഏറ്റവും പുതിയ ക്രിസ്മസ് കരോൾ ഗാനം സോഷ്യൽ മീഡിയയിൽ തരംഗമാകുന്നു




ഷിക്കാഗോ: 2025 ലെ ക്രിസ്തുമസിനൊരുക്കമായി ഷിക്കാഗോയിൽ നിന്നും പുറത്തിറങ്ങിയ ഉണ്ണിയേശുവെ എന്ന ക്രിസ്മസ്ഗാനം വിജയകരമായിഒരാഴ്ചപിന്നിടുന്നു. വോയിസ് ഓഫ് ആഡംസിന്റെ ബാനറിൽ കെവിടിവിയുടെ സഹകരണത്തോടെ ജേക്കബ് മീഡിയ ഓഫ് ഷിക്കാഗോ നിർമ്മിച്ച ഉണ്ണിയേശുവെ എന്ന ക്രിസ്മസ് കരോൾ ഗാനം പുറത്തിറങ്ങി ഒരാഴ്ച പിന്നിടുമ്പോൾ 25000 ലധികം ആസ്വാദകരയുടെപിന്തുണയാണ്യൂട്യൂബിൽ നിന്ന് മാത്രമായി നേടിയിരിക്കുന്നത്.

താരഗായകരോ സംഗീത സംവിധായകരോ ഇല്ലാതെ ഷിക്കാഗോയിലെ തന്നെ കലാകാരന്മാരെ അണിനിരത്തികൊണ്ട് പുറത്തിറക്കിയിരിക്കുന്ന ഈ ഗാനം ഈ സീസണിൽ പുറത്തിറങ്ങിയ കരോൾ ഗാനങ്ങളുടെ ഇടയിൽ ശ്രദ്ദേയമായ മുന്നേറ്റമാണ് കാഴ്ചവച്ചിരിക്കുന്നത്. ഷിക്കാഗോയിലെ അറിയപ്പെടുന്ന മാധ്യമപ്രവർത്തകനും ഗാനശുശ്രൂഷാ മേഖലയിൽ ചിരപരിചിതനുമായ അനിൽ മറ്റത്തിക്കുന്നേൽ രചനയും സംഗീത സംവിധാനവും ചെയ്യുന്ന ഈ കരോൾ ഗാനം ആലപിച്ചിരിക്കുന്നത് സിംഫണി മ്യൂസിക്ക് ഷിക്കാഗോയുടെ ബാനറിൽ സജി മാലിത്തുരുത്തേൽ, ജോബി പണയപ്പറമ്പിൽ, മനീഷ് കൈമൂലയിൽ, ജീവൻ തോട്ടിക്കാട്ട്, ലിഡിയ സൈമൺ, അമ്മു തൊട്ടിച്ചിറ, ടെസ്സി തോട്ടിക്കാട്ട്, എലിസബത്ത് തോട്ടിക്കാട്ട് എന്നിവരാണ്.

ഷിക്കാഗോ ബെൻ സ്റ്റുഡിയോയിൽ ബെന്നി തോമസ് റിക്കോർഡിങ്ങ് നിർവ്വഹിച്ച്, പ്രദീപ് ടോം ഓർക്കസ്ട്രേഷൻ ചെയ്തിരിക്കുന്ന ഈ ഗാനത്തിന്റെ ദൃശ്യാവിഷ്കാരം പകർത്തിയിരിക്കുന്നത് സജി പണയപറമ്പിലാണ്. ഈ ഗാനത്തിൽ ഏതാനും കുട്ടികൾക്കും പാടുവാൻ അവസരം നൽകിയിട്ടുണ്ട്.

പൂർണ്ണമായും ഷിക്കാഗോയിലെ ഗായകർക്ക് അവസരം നൽകികൊണ്ട് ഇദംപ്രഥമമായാണ് ഒരു ഗാനം പുറത്തിറങ്ങുന്നത്. അനിൽ മറ്റത്തിക്കുന്നേൽ രചനയും സംഗീതവും നിർവ്വഹിച്ച് പിറവം വിൽസണും അമ്മു തൊട്ടിച്ചിറയും ആലപിച്ച 'അണയാം ദൈവജനമേ' എന്ന ഗാനത്തിന്റെ വിജയത്തിന് ശേഷം വോയിസ് ഓഫ് ആഡം ഇന്റർനാഷണൽ മ്യൂസിക്ക് പ്രൊഡക്ഷന്റെ ഭാഗമായി ഷിക്കാഗോയിൽ നിന്നും വീണ്ടും ഒരു ഹിറ്റ് ഗാനം കൂടിതയ്യാറാക്കുവാൻ ശക്തി പകർന്ന ദൈവത്തിന് നന്ദി പറയുന്നതായി വോയ്സ് ഓഫ് ആഡം കോർഡിനേറ്റർ അജിത് ബേബി അറിയിച്ചു.



# പോസ്റ്റൽ കുടുംബസംഗമം വർണ്ണാഭമായി

ഷിക്കാഗോ: ഷിക്കാഗോ പോസ്റ്റൽ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ വർണ്ണാഭമായ പരിപാടികളോടെ കുടുംബസംഗമം നടത്തപ്പെട്ടു. ഷിക്കാഗോയിലെയും പരിസരപ്രദേശങ്ങളിലെയും പ്ലാന്റുകളിലും ഓഫിസുകളിലും ജോലി ചെയ്യുന്ന നിരവധി പോസ്റ്റൽ ജീവനക്കാർ കുടുംബസമേതം സംഗമത്തിൽ പങ്കചേർന്നു.

ഫാ.അനീഷ്മാവേലിപുത്തൻപുരയിൽകുടുംബസംഗമം ഉദ്ഘാടനം ചെയ്തു. റയൻ വെട്ടികാട്, ടോം സണ്ണി, ജോസഫ് മാത്യു എന്നിവർ വിശിഷ്ടാതിഥികൾ ആയിരുന്നു. ഐസ് ബ്രേക്കിംഗ് നശേഷം പോസ്റ്റൽ ജീവനക്കാരെയും കുടുംബങ്ങളെയും പരസ്പരം പരിചയപ്പെടുത്തി.

വിവിധ ഓഫിസുകളിൽ ഉന്നത പദവികളിൽ സേവനം ചെയ്യുന്നവരെയും പോസ്റ്റൽ സർവീസിൽ നിന്നും റിട്ടയർ ചെയ്തവരെയും സർവീസിൽ 25 വർഷം പൂർത്തിയാക്കിയവരെയും സംഗമത്തിൽ ആദരിച്ചു. കുട്ടികളുടെ കലാപരിപാടികളും മുതിർന്നവർക്കുവേണ്ടി ഗെയിമുകളും നടത്തപ്പെട്ടു. പോസ്റ്റൽ കുടുംബാംഗങ്ങൾ ഒരുക്കിയ ഗാനമേള സംഗമത്തെ മോടിപിടിപ്പിച്ചു. സജി പൂത്തൃക്കയിൽ മാസ്റ്റർ ഓഫ് സെറിമണി ആയിരുന്നു. മനോജ് അച്ചേട്ട് സ്വാഗതവും ആനീസ് മേനമറ്റത്തിൽ നന്ദിയും പറഞ്ഞു.



മാറുന്ന കാലം 20

# തദ്ദേശ പോരാട്ടത്തിനു താളം മുറുകുമ്പോൾ



സെർജി ആന്റണി

കേരളം തദ്ദേശ പൊതുതെരഞ്ഞെടുപ്പിനു സജ്ജമായി. നാമനിർദേശ പത്രിക സമർപ്പണവും പിൻവലിക്കലുമൊക്കെ കഴിഞ്ഞെങ്കിലും തർക്കങ്ങളും വിവാദങ്ങളും അവസാനിക്കുന്നില്ല. പാളയത്തിൽ പടയും സജീവം. എല്ലാ കക്ഷികളിലും വിമത സ്ഥാനാർഥികളുണ്ട്. പതിവിനു വിപരീതമായി കേഡർ പാർട്ടികളിലും ഇത്തവണ വിമത ശല്യം രൂക്ഷമാണ്. ഉറച്ച സീറ്റുകളിൽപോലും വിമതർ വിധി മാറ്റിയെഴുതിയേക്കാം. വിവിധ രാഷ്ട്രീയ കക്ഷികൾ തമ്മിലുള്ള പോരിനൊപ്പം പാർട്ടിക്കുള്ളിലെ പടലപിണക്കങ്ങളും പോരിന്റെ ചൂര് വർധിപ്പിക്കുന്നു.

നാമനിർദേശപത്രിക പിൻവലിക്കാനുള്ള സമയപരിധി കഴിഞ്ഞപ്പോൾ 72,005 സ്ഥാനാർഥികളാണ് ത്രിതല പഞ്ചായത്തിൽ മത്സരംഗത്തുള്ളത്. മൊത്തത്തിൽ വനിതാ സ്ഥാനാർഥികളാണ് കൂടുതൽ. ഒരു ട്രാൻസ്ജെൻഡറും മത്സരരംഗത്തുണ്ട്. മലപ്പുറം ജില്ലയിലാണ് ഏറ്റവും കൂടുതൽ സ്ഥാനാർഥികൾ 7786 പേർ.

തദ്ദേശ തെരഞ്ഞെടുപ്പിൽ രാഷ്ട്രീയത്തേക്കാളുപരി വ്യക്തിബന്ധങ്ങളും കുടംബബന്ധങ്ങളും സൗഹൃദങ്ങളുമൊക്കെ വിജയത്തെ സ്വാധീനിക്കാറുണ്ട്. അതു പക്ഷേ സമർഥമായി ഉപയോഗിക്കാൻ ചിലർക്കേ കഴിയൂ. അടിസ്ഥാനപരമായി രാഷ്ട്രീയം തന്നെയാണ് എല്ലാ തെരഞ്ഞെടുപ്പുകളിലും നിർണായകം. രാഷ്ട്രീയ ആഭിമുഖ്യം മറച്ചുവച്ച് സ്വതന്ത്ര പരിവേഷത്തിൽ തെരഞ്ഞെടുപ്പിനെ നേരിട്ട് വോട്ടർമാരിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നതും സാധാരണമാണ്.

ജനാധിപത്യ ഭരണസംവിധാനത്തിന്റെ അടിസ്ഥാന മേഖലകളാണ് പഞ്ചായത്തും നഗരസഭകളും കോർപറേഷനുമൊക്കെ. ജനങ്ങളുമായി നേരിട്ട് ഇടപെടുന്നവരെന്ന നിലയിൽ വ്യക്തിബന്ധങ്ങൾ തദ്ദേശ തെരഞ്ഞടുപ്പു വിജയത്തിൽ നിർണായകമാണ്. നിയമസഭയിലേക്കും പാർലമെന്റിലേക്കുമുള്ള തെരഞ്ഞെടുപ്പുകൾപോലെ രാഷ്ട്രീയം മുഖ്യ വിഷയമാകാറില്ലെങ്കിലും സമകാലിക രാഷ്ട്രീയ സാഹചര്യങ്ങൾ പ്രാദേശിക രാഷ്ട്രീയത്തെയും സ്വാധീനിക്കാതിരിക്കില്ല. പ്രത്യേകിച്ചും വളരെ സജീവമായ പല വിഷയങ്ങളും കത്തിജ്വലിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ.

സമൂഹ മാധ്യമങ്ങളുടെ സ്വാധീനം തദ്ദേശ തെരഞ്ഞെടുപ്പിലും നിർണായകമാകുന്നുണ്ട്. നേരിട്ടുള്ള വോട്ടുപിടുത്തം ഇപ്പോഴും പ്രധാനമാണെങ്കിലും സമൂഹ മാധ്യമ പ്രചാരണം കൂടുതൽ സജീവമാക്കേണ്ടത് കാലത്തിന്റെ അനിവാര്യതയായി മാറിയിട്ടുണ്ട്. പ്രചാരണരംഗത്തെ നിയമവിരുദ്ധ നീക്കങ്ങൾ നിരീക്ഷിക്കാൻ സംവിധാനം ഒരുക്കിയിട്ടുണ്ടെങ്കിലും അതിനെ അതിജീവിക്കുന്ന പ്രചരണ തന്ത്രങ്ങൾ പലതും രൂപപ്പെടുത്തുന്നുണ്ട്.

പത്രിക സമർപ്പണവും സ്ഥാനാർഥി നിർണയവുമായി ബന്ധപ്പെട്ട പല കൗതുകവാർത്തകളും കാണാനാവും. പത്രമാധ്യമങ്ങൾ പ്രത്യേക സ്ലഗ് ഇട്ടും കാർട്ടൂൺ വരച്ചും അങ്കം രസകരമാക്കുന്നു. അബദ്ധം പറ്റി സ്ഥാനാർഥിത്വം നഷ്ടപ്പെട്ടവരും എതിരാളികളില്ലാതെ തെരഞ്ഞെടുക്കപ്പെട്ടവരും ഒക്കെ ഉണ്ട്. കണ്ണൂരിൽ ചില തദ്ദേശസ്ഥാപനങ്ങളിൽ കാലങ്ങളായി എതിരാളികളില്ലാതെ ചില പാർട്ടി സ്ഥാനാർഥികൾ തെരഞ്ഞെടുക്കപ്പെടുന്നുണ്ട്. അത് ഇത്തവണയും ആവർത്തിച്ചു. കണ്ണൂർ ജില്ലയിലെ മലപ്പട്ടത്തും കണ്ണപുരത്തും ആന്തൂരിലുമായി ഒമ്പതു വാർഡുകളിൽ എതിർ സ്ഥാനാർഥികളെല്ലാതെ സി.പി.എം സ്ഥാനാർഥികൾ തെരഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞ തവണ തദ്ദേശ തെരഞ്ഞെടുപ്പിൽ കണ്ണൂരിലെ 18 വാർഡുകളിലാണ് സി.പി.എം സ്ഥാനാർഥികൾ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടത്.

ഭീതി മൂലമാണ് പലരും മത്സരംഗത്ത് എത്താത്തത്. അഥവാ ആരെങ്കിലും പത്രിക സമർപ്പിച്ചാൽ അവരെ ഭീഷണിപ്പെടുത്തി പിന്തിരിപ്പിക്കുന്നതായും പരാതിയുണ്ട്. സ്ഥാനാർഥിയെ തട്ടിക്കൊണ്ടുപോയതായും പരാതി ഉയർന്നു. നിശ്ചിത സമയം കഴിഞ്ഞ് പത്രിക സമർപ്പിക്കാനെത്തി സ്ഥാനാർത്ഥിമോഹം പൂവണിയാതെ പോയവരുമുണ്ട്. തിരൂരങ്ങാടി നന്നമ്പ്ര പഞ്ചായത്ത് 21-ാം വാർഡിൽ നിശ്ചിത സമയം കഴിഞ്ഞ് സ്വതന്ത്ര സ്ഥാനാർഥിയായി പത്രിക സമർപ്പിക്കാനെത്തിയ പ്രദീപ് എന്നയാൾ ബഹളം വയ്ക്കുകയും രാത്രി എത്തി പഞ്ചായത്ത് ഓഫീസിന്റെ ഗേറ്റ് പൂട്ടിയിടുകയും ചെയ്തു. രാവിലെ ജീവനക്കാർ എത്തി പൂട്ടുപൊളിച്ചാണ് അകത്തു കയറിയത്.

ജനകീയ ജനാധിപത്യത്തിന്റെ അടിസ്ഥാന ഭരണതലമായ തദ്ദേശസ്ഥാപനങ്ങളുടെ കെട്ടുറപ്പും കരുത്തും നാടിന്റെ വികസന പാന്ഥാവിൽ ഏറെ പ്രധാനമാണ്. പ്രാദേശിക വികസനത്തിന്റെ പതാകവാഹകരാകേണ്ടവരാണ് തദ്ദേശ സ്ഥാപന പ്രതിനിധികൾ. അവിടെ ഭീഷണിയും അപവാദപ്രചാരണവുമൊക്കെ മാറ്റിവച്ച് ജനാധിപത്യത്തിന്റെ മാന്യത ഉയർത്തിപ്പിടിക്കണം. കേരളം പോലൊരു സംസ്ഥാനത്തിന് അതു കഴിയില്ലെങ്കിൽ നാം ഉയർത്തിക്കാട്ടുന്ന പല മികവുകൾക്കും അടിസ്ഥാനമില്ലാതെയാകും.

അന്തസോടെ ജനത്തെ അഭിമുഖീകരിച്ച് നേടുന്ന വിജയമാണ് ജനാധിപത്യത്തിന്റെ കരുത്ത്. അതു നാം പല തവണ തെളിയിച്ചിട്ടുമുണ്ട്. ആ കരുത്ത് നിലനിർത്തേണ്ടത് രാജ്യത്തിന്റെ പൊതുവായ ആവശ്യമാണ്. ജനാധിപത്യധ്വംസനത്തിന് കൂട്ടുനിൽക്കുന്നവരെ നാം തിരിച്ചറിയുകതന്നെ വേണം.

ഔദ്യോഗിക സ്ഥാനാർഥിയുടെ പത്രിക ഏതെങ്കിലും കാരണവശാൽ തള്ളിയാലും പാർട്ടിക്ക് സീറ്റു നഷ്ടമാവരുതെന്നു കരുതി മിക്കയിടത്തും ഡമ്മി സ്ഥാനാർഥികളും പത്രിക സമർപ്പിക്കാറുണ്ട്. എന്നാൽ ഡമ്മികളെ നിർത്താൻ വിട്ടുപോയ ചില സീറ്റുകളിൽ പാർട്ടിക്കു സ്ഥാനാർഥിയില്ലാതെ പോയ സംഭവങ്ങളും ഉണ്ടായി. പാലക്കാട് നഗരസഭയിലെ രണ്ടു വാർഡുകളിൽ സി.പി.എമ്മിനും എറണാകുളം ജില്ലാപഞ്ചായത്ത് കടമക്കുടി ഡിവിഷനിൽ യു.ഡി.എഫിനും ഡമ്മി ഇല്ലാതിരുന്നതുമൂലം പാർട്ടി സ്ഥാനാർഥി ഇല്ലാതെപോയി. ഔദ്യോഗിക സ്ഥാനാർഥികളുടെ പത്രിക തള്ളിപ്പോയതിനെത്തുടർന്നാണിത്. പാലക്കാട്ട് എൽ.ഡി.എഫിന്റെ സ്ഥാനാർഥിയുടെ പത്രിക തള്ളിയതിനെത്തുടർന്ന് പ്രധാന മത്സരം കോൺഗ്രസും ബി.ജെ.പിയും തമ്മിലായി. ഇവിടെ കോൺഗ്രസ് സ്ഥാനാർഥിയെ പത്രിക പിൻവലിപ്പിക്കാൻ പണം വാഗ്ദാനം ചെയ്തു പ്രലോഭിപ്പിച്ചെന്നൊരു വിവാദവും ഉയർന്നു.

ജനാധിപത്യത്തിലെ ഏറ്റവും വലിയ അവകാശമാണ് വോട്ട്. അത് നഷ്ടപ്പെടുത്താനോ ദുരുപയോഗിക്കാനോ നടത്തുന്ന ഏതു ശ്രമവും ആരു നടത്തിയാലും അത് അതിഗുരുതരമായൊരു സാഹചര്യമാണ്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഇന്ത്യ ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നമാണിത്. അടുത്ത നാളിൽ ബിഹാറിൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ഉൾപ്പെടെ ഈ വിഷയം വലിയ വിവാദമായിരുന്നു. മഹാരാഷ്ട്രയിലും കർണാടകയിലുമൊക്കെ ഇത്തരം വോട്ടുമോഷണം നടന്നതായി ആരോപണമുയർന്നിരുന്നു. എന്നാൽ സർക്കാരും തെരഞ്ഞടുപ്പു കമ്മീഷനും ഇക്കാര്യം പാടേ നിഷേധിക്കുകയാണ്. ഈ വിഷയത്തിൽ വ്യക്തമായ നിലപാടു പറയേണ്ട തെരഞ്ഞെടുപ്പു കമ്മീഷൻ ഒളിച്ചുകളി നടത്തുകയാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട സമഗ്ര പരിശോധന നടന്നുവരികയാണ്. ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ബൂത്ത് ലെവൽ ഓഫീസർമാർ നേരിടുന്ന ജോലിഭാരവും അതുണ്ടാക്കുന്ന മനക്ലേശങ്ങളും സജീവ ചർച്ചാവിഷയമാണിപ്പോൾ. കേരളത്തിൽ തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പു പടിവാതിൽക്കൽ നിൽക്കെ എസ്ഐആർ ധൃതിപിടിച്ചു നടത്തരുതെന്ന നിയമസഭ ഏകകണ്ഠമായി ആവശ്യപ്പെട്ടിരുന്നതാണ്. കോടതിയിലും പരാതി നൽകി. പക്ഷേ ഇക്കാര്യത്തിൽ ഇടപെടാനുള്ള പരിമിതി കോടതി ചൂണ്ടിക്കാട്ടുന്നു.

വോട്ടർ പട്ടികയിലെ അപാകതകൾ എല്ലാക്കാലവും ഉണ്ടായിരുന്നു. ചിലർക്ക് രണ്ടിടങ്ങളിൽ വോട്ടുണ്ടാകും. വോട്ടർ പട്ടികയിലെ പേരിലും വിലാസത്തിലും തെറ്റുകൾ കാണാം, മരിച്ചുപോയവരുടെയും സ്ഥലത്ത് ഇല്ലാത്തവരുടെയുമൊക്കെ പേരുകൾ പട്ടികയിൽ ഉണ്ടാവും. ഇതൊക്കെ കാലാകാലങ്ങളിൽ തിരുത്തപ്പെടണം. അതിനുള്ള സംവിധാനം ഒരുക്കുക തെരഞ്ഞെടുപ്പു കമ്മീഷനാണ്. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സജീവ സഹകരണത്തോടെവേണം ഇതു നടപ്പാക്കാൻ. അതിനായി ഓരോ ബുത്ത് തലത്തിലും ബിഎൽഒ മാരെ തെരഞ്ഞെടുക്കും. സർക്കാർ, അർധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ ജോലി ചെയ്യുന്നവരാവും ബിഎൽഒമാർ.




തിരക്കുപിടിച്ചുള്ള വോട്ടർ പട്ടിക പരിശോധനയും മറ്റു ജോലികളും കണ്ണൂരിൽ ഒരു ഉദ്യോഗസ്ഥന്റെ മരണത്തിലേക്കു നയിച്ച സാഹചര്യം കേരളത്തിൽ ബിഎൽഒ മാരുടെ ജോലിഭാരത്തെക്കുറിച്ചും അവർ നേരിടുന്ന മാനസിക സമ്മർദ്ദത്തെക്കുറിച്ചും വലിയ വിവാദങ്ങൾക്ക് ഇടയാക്കി. ജോലി സമ്മർദം എന്നത് ആരുടെയും സമനില തെറ്റിക്കാം. എന്നാൽ ആവശ്യത്തിന് ആൾക്കാരെ നിയോഗിക്കുകയും അവർക്കു തങ്ങാവുന്ന ജോലി നൽകുകയും ചെയ്തിരുന്നുവെങ്കിൽ ഇതൊക്കെ ഒഴിവാക്കാമായിരുന്നു.

എസ്ഐആറിനെക്കുറിച്ചുള്ള പരാതികൾക്കിടയിലും തദ്ദേശ തെരഞ്ഞെടുപ്പിന്റെ വോട്ടർ പട്ടിക ക്രമക്കേടുമായി ബന്ധപ്പെട്ട വളരെ ഗുരുതരമായ ചില ആരോപണങ്ങൾ ഉയർന്നു. സ്ഥാനാർഥികൾക്കു പോലും വോട്ടില്ലാത്ത അവസ്ഥ. സാങ്കേതിക കാര്യങ്ങൾ പറഞ്ഞുള്ള വോട്ടുവെട്ടലിന്റെ പിന്നിൽ രാഷ്ട്രീയ വൈരവും കാണാനാവും. ഈ വിഷയം ഹൈക്കോടതി മുമ്പാകെയും എത്തി. വോട്ടർ പട്ടികയിൽ രാഷ്ട്രീയം തിരുകിക്കയറ്റരുതെന്നാണ് ഹൈക്കോടതി പറഞ്ഞത്. അശ്രദ്ധയും അറിവില്ലായ്മയും മൂലം സെലിബ്രറ്റികൾക്കുപോലും വോട്ട് നഷ്ടമായ കഥയും കൗതുകമായി.

തദ്ദേശ തെരഞ്ഞെടുപ്പിനു തൊട്ടുമുമ്പുള്ള ദിവസങ്ങളിൽ കുറെയേറെ വികസന പദ്ധതികൾ പ്രഖ്യാപിക്കപ്പെട്ടു. നാട്ടിലുടനീളം പുതിയ റോഡുകളുടെയും പാലങ്ങളുടെയും പണി ആരംഭിക്കുന്നതിന്റെ ഫ്ളെക്സുകൾ നിരന്നു. അല്ലറ ചില്ലറ പണികൾ അവിടെയും ഇവിടെയും നടന്നു. ജനങ്ങൾ തെരഞ്ഞെടുത്തവർ തങ്ങളുടെ പ്രോഗ്രസ് റിപ്പോർട്ടുകൾ ജനങ്ങളുടെ മുമ്പാകെ വയ്ക്കട്ടെ. പക്ഷേ, തെരഞ്ഞെടുപ്പ് അടുക്കുമ്പോൾ മാത്രം കാണുന്ന വികസനത്വര വിമർശന വിധേയമാകും. വികസനം ഒരു തുടർ പ്രക്രിയ ആകണം. വ്യാജ അവകാശവാദങ്ങളാൽ പൊതുജനം കബളിപ്പിക്കപ്പെടരുത്. ഒരു ദശാബ്ദം മുമ്പ് തുടക്കമിട്ട തിരുവനന്തപുരം മെട്രോയുടെ നിർമാണവുമായി ബന്ധപ്പെട്ട പ്രധാനമായൊരു നാഴികക്കല്ലാണ് പദ്ധതിയുടെ അലൈൻമെന്റിനുള്ള അനുമതി. എങ്കിലും കഴിഞ്ഞ ഒരു പതിറ്റാണ്ടുകാലം നഷ്ടപ്പെടുത്തിയതിന്റെ ബുദ്ധിമുട്ടുകൾ ഏറെയുണ്ടാവും. ഏതു വികസന പദ്ധതിയായാലും സമയബന്ധിതമായി നിർമാണം പൂർത്തിയാക്കാനും സർക്കാരുകൾ മാറി വന്നാലും പദ്ധതികളുടെ തുടർച്ച നഷ്ടമാവാതിരിക്കാനും കഴിയണം. ജനങ്ങളുടെ നികുതിപ്പണം എടുത്ത നിർമിക്കുന്ന ചെറിയൊരു റോഡിന്റെ പേരിൽപോലും ജനപ്രതിനിധികൾ ഫ്ളക്സടിച്ച് അഭിമാനം കൊള്ളുമ്പോൾ കൂട്ടായ പ്രയത്നത്തിലൂടെ നേടിയെടുക്കേണ്ട ഇത്തരം വൻപദ്ധതികൾ പലപ്പോഴും അവഗണിക്കപ്പെട്ടു പോകുന്നു. പെട്ടെന്ന് ഖ്യാതി സമ്പാദിക്കാനുള്ള വ്യഗ്രതയിൽ ജനനേതാക്കൾ അപ്രസക്തമായ കാര്യങ്ങളിൽ ശ്രദ്ധയൂന്നുമ്പോൾ ജനങ്ങളെ നേരിട്ടു ബാധിക്കുന്ന പ്രശ്നങ്ങളിൽ പലരും ശ്രദ്ധിക്കാതെ പോകുന്നു.

പദ്ധതികൾ ആരു തുടങ്ങിവച്ചാലും അതു പൂർത്തിയാക്കാൻ പിന്നാലെ വരുന്നവർ കാട്ടുന്ന ശുഷ്കാന്തി പ്രധാനമാണ്. അതിൽ ബാലിശമായ രാഷ്ട്രീയം കളിക്കുന്നവരുണ്ട്. തങ്ങൾക്കു സ്വാധീനം കുറവുള്ള സ്ഥലങ്ങളിലെ വികസനപദ്ധതികളോടു ചിലർ കാട്ടുന്ന അവഗണനയും ശ്രദ്ധേയമാണ്. വികസന പദ്ധതികളെക്കുറിച്ച് വ്യത്യസ്തമായൊരു മനോഭാവം നമ്മുടെ നേതാക്കളിലും ജനങ്ങളിലും വളരേണ്ടിയിരിക്കുന്നു. വിദേശ രാജ്യങ്ങളിലെ ചില ഭരണകൂടങ്ങൾ ഇത്തരം കാര്യങ്ങളിൽ സ്വീകരിക്കുന്ന നിലപാടുകൾ മാതൃകയാക്കേണ്ടതുണ്ട്.

നാടിന്റെ പൊതുവായ വികസന പദ്ധതികളോടു സ്വീകരിക്കുന്ന നിലപാട് പ്രധാനമാണ്. അവിടെ ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെ അഭിപ്രായങ്ങൾ തേടുകയും അതു പരിഗണിക്കുകയും ചെയ്യണം. രാഷ്ട്രീയ എതിരാളികളുടെ അഭിപ്രായങ്ങൾപോലും സ്വീകരിക്കുന്ന നല്ലൊരു പതിവ് നമ്മുടെ ഇടയിൽ ഉണ്ടായിരുന്നു. സ്വതന്ത്ര ഭാരതം അതിന്റെ ആദ്യ ദശകങ്ങളിൽ ഉണ്ടാക്കിയ ചില മുന്നേറ്റങ്ങൾ രാജ്യത്തിന്റെ സാമ്പത്തിക അടിത്തറയെ എത്രമാത്രം കരുത്തുറ്റതാക്കി എന്നതു വിസ്മരിക്കാനാവുമോ. ഇന്നിപ്പോൾ അതിന്റെയൊക്കെ എതിർസാക്ഷ്യങ്ങൾ പലതും അവതരിപ്പിക്കപ്പെടുന്നുണ്ടെങ്കിലും ഓരോ കാലത്തിന്റെയും ആവശ്യങ്ങളോട് അന്നത്തെ നേതൃത്വം എങ്ങിനെ ഇടപെട്ടു എന്നതാണു പ്രധാനം.

നാടിന്റെ വികസനത്തിന് കൂട്ടായ ശ്രമം ആവശ്യമാണ്. പ്രാദേശിക തലത്തിൽ വളരെയേറെ കാര്യങ്ങൾ ചെയ്യാൻ ദ്ദേശസ്ഥാപനങ്ങൾക്കു കഴിയും. വികസന പദ്ധതികൾക്കു പല ഇനത്തിലായി ധാരാളം തുക വകയിരുത്തപ്പെടുന്നുണ്ട്. ചില സംസ്ഥാനങ്ങൾക്കു കേന്ദ്രസർക്കാരുമായുള്ള അഭിപ്രായവ്യത്യാസങ്ങൾ വിനയാകാറുണ്ടെങ്കിലും വികസനരംഗത്ത് നാം പിന്തള്ളപ്പെടാതിരിക്കാൻ ബോധപൂർമായ ശ്രമങ്ങൾ ഉണ്ടാവണം. ഇത്തരം കാര്യങ്ങളിൽ കക്ഷിരാഷ്ട്രീയ ഭേദമന്യേ ഭരണാധികാരികളും നേതാക്കളും ജനങ്ങളും ഒന്നിച്ചു നിൽക്കണം. എല്ലാം വോട്ടിനുവേണ്ടി മാത്രമാവരുത്. ആത്മാർഥമായി പ്രവർത്തിക്കുന്നവരെ ജനം തിരിച്ചറിയും. ആ തിരിച്ചറിവാകണം നമ്മുടെ ജനപ്രതിനിധിയെ തെരഞ്ഞെടുക്കാനുള്ള പ്രധാന അളവുകോൽ. നിലപാടുകളും പ്രധാനംതന്നെ.

# ഫോമ സെൻട്രൽ റീജിയന്റെ നേതൃത്വത്തിൽ നിയമ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു




ഷിക്കാഗോ: അമേരിക്കയിലെ മലയാളി സമൂഹത്തിന് ഏറെ ഉപകരിക്കുന്ന, ആവശ്യം അറിഞ്ഞിരിക്കേണ്ടതുമായ ഒരു നിയമ ബോധവൽക്കരണ സെമിനാർ ഫോമ സെൻട്രൽ റീജിയന്റെ ആഭിമുഖ്യത്തിൽ ഞായറാഴ്ച (നവംബർ 23 രാവിലെ ഷിക്കാഗോ സീറോമലബാർ കത്തോലിക്ക കത്തീഡ്രലിൽ വെച്ച് നടന്നു. നൂറ്റമ്പതിലധികം ആളുകൾ വളരെ താൽപ്പര്യത്തോടെ പങ്കെടുത്ത ഈ സെമിനാർ വൻ വിജയമായി മാറി.

പ്രമുഖ അഭിഭാഷകരായ അറ്റോർണി ജെഫ് കുലിൻസ്കി, അറ്റോർണി വിമൽ കൊട്ടുകാപ്പള്ളി എന്നിവരായിരുന്നു സെമിനാർ നയിച്ചത്. ഇല്ലിനോയി സംസ്ഥാനത്തു വർഷങ്ങളായി മികച്ച രീതിയിൽ നിയമസഹായം നൽകിവരുന്നവരാണ് ഇരുവരും. കോർപ്പറേറ്റ് & ബിസിനസ് നിയമങ്ങൾ, വിൽപത്രം, ട്രസ്റ്റുകൾ, എസ്റ്റേറ്റ് പ്ലാനിംഗ്, റിയൽ എസ്റ്റേറ്റ് ഇടപാടുകൾ, ലീസ് & എവിക്ഷൻ കേസുകൾ, പവർ ഓഫ് അറ്റോർണി, സിവിൽ വ്യവഹാരങ്ങൾ, കുടുംബ നിയമങ്ങൾ, വിവാഹമോചനം തുടങ്ങി നിയമത്തിന്റെ വിവിധ മേഖലകളിൽ ആയിരക്കണക്കിന് ആളുകൾക്ക് അനുകൂലമായ വിധി സമ്പാദിക്കാൻ ഇവർക്ക് സാധിച്ചിട്ടുണ്ട്. വീലിംഗ്, ബഫല്ലോ ഗ്രോവ്, ലിബർട്ടിവിൽ എന്നിവിടങ്ങളിലാണ് ഇവരുടെ ഓഫീസുകൾ പ്രവർത്തിക്കുന്നത്. (കൂടുതൽ വിവരങ്ങൾക്ക്: 847-459-4448).

വികാരി ജനറൽ റവ. മോൺസിഞ്ഞോർ തോമസ് കടുകപ്പിള്ളിയുടെ പ്രാർത്ഥനയോടെയാണ് സെമിനാർ ആരംഭിച്ചത്. ഫോമ റീജിയണൽ വൈസ് പ്രസിഡന്റ് ജോൺസൺ കണ്ണൂക്കാടന്റെ മികച്ച നേതൃത്വത്തിലും, ഫോമ (സെൻട്രൽ റീജിയൻ) സീനിയേഴ്സ് ഗ്രൂപ്പ് ചെയർ ജോർജ്ജ് ജോസഫ് കൊട്ടുകാപ്പള്ളിയുടെ കൃത്യമായ ആസൂത്രണത്തിലുമാണ് പരിപാടി സംഘടിപ്പിച്ചത്. ഫോമ റീജിയണൽ ചെയർമാൻ ആന്റോ കാവലക്കൽ, ഇതര കമ്മറ്റി അംഗങ്ങളായ മോനി തോമസ്, ഷാബു മാത്യു, ലൂക്ക് (കൊച്ചുമോൻ) ചിറയിൽ, അച്ചൻകുഞ്ഞ് മാത്യു എന്നിവരുടെ പൂർണ്ണ സഹകരണവും പരിപാടിയുടെ വിജയത്തിന് മാറ്റുകൂട്ടി.

## കെ.എച്ച്.എൻ.എ ട്രൈസ്റ്റേറ്റ് ന്യൂജേഴ്സി ആർവിപിയായി മാലിനി നായർ ചുമതലയേൽക്കും



ന്യൂജേഴ്സി: കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്ക (കെ.എച്ച്.എൻ.എ) യുടെ ട്രൈസ്റ്റേറ്റ് ന്യൂജേഴ്സി റീജിയണൽ വൈസ് പ്രസിഡന്റായി പ്രശസ്ത നർത്തകിയും സാമൂഹ്യ പ്രവർത്തകയുമായ മാലിനി നായർ ചുമതലയേൽക്കും. തിരുവനന്തപുരം സ്വദേശിനിയായ മാലിനി നായർ നിലവിൽ ന്യൂജേഴ്സിയിലാണ് താമസം. എൻജിനീയറിങ് ബിരുദധാരിയായിരുന്ന അവർ, നൃത്തത്തോടുള്ള അടങ്ങാത്ത അഭിനിവേശം കാരണം പ്രൊഫഷണൽ ജീവിതമായി നൃത്തത്തെ തന്നെ തിരഞ്ഞെടുക്കുകയായിരുന്നു. ഭരതനാട്യം, മോഹിനിയാട്ടം നർത്തകിയായ അവർ 2008ൽ സൗപർണിക ഡാൻസ് അക്കാദമി സ്ഥാപിക്കുകയും നിരവധി വിദ്യാർത്ഥികളെ പരിശീലിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ട്രൈസ്റ്റേറ്റ് ഏരിയയിലെ സാമൂഹിക സാംസ്കാരിക രംഗത്തെ സജീവ നേതൃത്വമാണ് മാലിനി നായർ. കേരള അസോസിയേഷൻ ഓഫ് ന്യൂജേഴ്സി, നാമം എന്നിവയുടെ പ്രസിഡന്റ് സ്ഥാനങ്ങൾ ഉൾപ്പെടെ പ്രാദേശിക, ദേശീയ തലങ്ങളിലെ വിവിധ സംഘടനകളിൽ അവർ നേതൃത്വപരമായ പങ്കു വഹിച്ചിട്ടുണ്ട്.

ഏഷ്യാനെറ്റ് യു.എസ്.എയുടെ ആദ്യ അവതാരക കൂടിയായ അവർ ദേശീയ തലത്തിൽ രണ്ടുതവണ 'മലയാളി മങ്ക' പട്ടം നേടി. ഫോമാ മയൂഖം നാഷണൽസിൽ 'മിസ്. വിവേഷ്യസ്' പട്ടവും സ്വന്തമാക്കി. ദുബായ് ഗ്ലോബൽ വില്ലേജ് ഉൾപ്പെടെ നോർത്ത് അമേരിക്കയിലും വിദേശത്തും നിരവധി വേദികളിൽ അവർ നൃത്തം അവതരിപ്പിച്ചിട്ടുണ്ട്. മാലിനി നായരുടെ ഭർത്താവ് ജയകൃഷ്ണൻ മണിയിൽ ആണ്. അർജുൻ നായർ, അജയ് നായർ എന്നിവരാണ് മക്കൾ.

നമ്മുടെ സാംസ്കാരിക മൂല്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലും സമുദായ ഐക്യം ശക്തിപ്പെടുത്തുന്നതിലും അവരുടെ നേതൃത്വം നിർണായകമാകും,' കെ.എച്ച്.എൻ.എ പ്രസിഡന്റ് ടി. ഉണ്ണികൃഷ്ണൻ അഭിപ്രായപ്പെട്ടു. ജനറൽ സെക്രട്ടറി സിനു നായർ, ട്രഷറർ അശോക് മേനോൻ, വൈസ് പ്രസിഡന്റ് സഞ്ജീവ് കുമാർ, ജോയിന്റ് സെക്രട്ടറി ശ്രീകുമാർ ഹരിലാൽ, ജോയിന്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള, ബോർഡ് ഓഫ് ഡയറക്ടേഴ്സ്, ട്രസ്റ്റീ ബോർഡ് എന്നിവരും ആശംസകൾ നേർന്നു.

## കെ.എച്ച്.എൻ.എ സൗത്ത് ഈസ്റ്റ് റീജിയണൽ വൈസ് പ്രസിഡന്റായി ഷജീവ് പത്മനിവാസ് ചുമതലയേറ്റു



അറ്റ്ലാന്റ (ജോർജിയ): കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക (കെ.എച്ച്.എൻ.എ) യുടെ സൗത്ത് ഈസ്റ്റ് റീജിയണൽ വൈസ് പ്രസിഡന്റായി സാമൂഹ്യപ്രവർത്തകനായ ഷജീവ് പത്മനിവാസ് ചുമതലയേറ്റു. ജോർജിയ, അലബാമ, മിസിസിപ്പി സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന മേഖലയെയാണ് അദ്ദേഹം പ്രതിനിധീകരിക്കുന്നത്. എറണാകുളം സ്വദേശിയായ ഷജീവ് നിലവിൽ അറ്റ്ലാന്റയിലാണ് താമസിക്കുന്നത്.

കേരള ഹിന്ദൂസ് ഓഫ് ജോർജിയയുടെ സ്ഥാപകാംഗവും നിലവിലെ ബോർഡ് ഓഫ് ട്രസ്റ്റി മെമ്പറുമാണ് ഷജീവ്. ഗ്രേറ്റർ അറ്റ്ലാന്റ മലയാളി അസോസിയേഷന്റെ മുൻ പ്രസിഡന്റായും (2022) നിലവിൽ ബോർഡ് ഓഫ് ട്രസ്റ്റിയായും അദ്ദേഹം പ്രവർത്തിക്കുന്നു. കെ.എച്ച്.എൻ.എയുടെ 2023-25 കാലയളവിലും സൗത്ത് ഈസ്റ്റ് റീജിയൺ വൈസ് പ്രസിഡന്റ് പദവി അദ്ദേഹം വഹിച്ചിരുന്നു. ഷജീവിന്റെ ഭാര്യ ശാലിനി. അക്ഷജ്, അൻവിത എന്നിവരാണ് മക്കൾ.

'ഷജീവിന്റെ സംഘടനാ വൈദഗ്ധ്യവും സാംസ്കാരിക പ്രതിബദ്ധതയും സൗത്ത് ഈസ്റ്റ് മേഖലയിലെ കെ.എച്ച്.എൻ.എയുടെ പ്രവർത്തനങ്ങൾക്ക് പുതിയ ഊർജ്ജം പകരുമെന്ന് ഉറപ്പാണ്. ഹൈന്ദവ സമൂഹത്തിന്റെ സാംസ്കാരിക ഉണർവിനും ഐക്യത്തിനും അദ്ദേഹത്തിന്റെ നേതൃത്വം മുതൽക്കൂട്ടാകും,' കെ.എച്ച്.എൻ.എ പ്രസിഡന്റ് ടി. ഉണ്ണികൃഷ്ണൻ അഭിപ്രായപ്പെട്ടു. ജനറൽ സെക്രട്ടറി സിനു നായർ, ട്രഷറർ അശോക് മേനോൻ, വൈസ് പ്രസിഡന്റ് സഞ്ജീവ് കുമാർ, ജോയിന്റ് സെക്രട്ടറി ശ്രീകുമാർ ഹരിലാൽ, ജോയിന്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള, ബോർഡ് ഓഫ് ഡയറക്ടേഴ്സ്, ട്രസ്റ്റീ ബോർഡ് എന്നിവരും ആശംസകൾ നേർന്നു.






## ഇന്ത്യൻ സോഷ്യൽ വർക്കേഴ്സ് അസോസിയേഷന് നവ നേതൃത്വം

ഇന്ത്യൻ വംശജരായ പ്രൊഫഷണൽ സോഷ്യൽ വർക്കേഴ്സിന്റെ കൂട്ടായ്മയായി 1998 മുതൽ പ്രവർത്തിച്ചു വരുന്ന ഇന്ത്യൻ സോഷ്യൽ വർക്കേഴ്സ് അസോസിയേഷൻ ഓഫ് ഇല്ലിനോയ്സിന് ലിൻസൺ തോമസ് പ്രസിഡന്റായുള്ള പുതിയ പ്രവർത്തക സമിതി നിലവിൽ വന്നു.

അംഗങ്ങളിൽ ബഹുഭൂരിപക്ഷവും സ്റ്റേറ്റ് ഫെഡറൽ ഗവൺമെന്റ് പൊതു സേവന വിഭാഗങ്ങളിലോ, പ്രമുഖ ഹോസ്പിറ്റലുകളിലോ പ്രവർത്തിക്കുന്നവരായതു കൊണ്ട് തന്നെ ഇത്തരം സേവനങ്ങൾ ഇന്ത്യൻ സമൂഹത്തിലേക്ക് കൂടുതൽ എത്തിക്കുന്നതിൽ നിർണായക പങ്കു വഹിക്കുന്ന സംഘടനയാണ് കടണഅക.

സജി മണ്ണംചേരിൽ വൈസ് പ്രസിഡന്റ്, ടോണി പൊങ്ങാനാ സെക്രട്ടറി, ജാസ്മിൻ മാത്യു ജോയിന്റ് സെക്രട്ടറി, ജോസി ഓലിയപ്പുറത്തു ട്രഷറർ എന്നിവരുൾക്കൊള്ളുന്നതാണ് എക്സിക്യൂട്ടീവ് കമ്മിറ്റി. ജോസ് കോലഞ്ചേരി ചെയർമാൻ ആയും, ജിനോ മഠത്തിൽ, ടോമി കണ്ണാല, ജെസ്ലിൻ ജോസ്, സിമി മാത്യു, അപ്പു പുഴക്കരോട്ട് എന്നിവർ അംഗങ്ങളായും ഉള്ള പുതിയ ഡയറക്ടർ ബോർഡും നിലവിൽ വന്നു. ജോർജ് വെണ്ണിക്കണ്ടം ട്രഷറർ ആയും, അലക്സാണ്ടർ മാത്യു ഇലക്ഷൻ കമ്മീഷണറായും പ്രവർത്തിക്കും.




## മന്ത്രയുടെ പുതിയ ഭരണസമിതി ചുമതലയേറ്റു

മലയാളി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കൻ ഹിന്ദുസി (മന്ത്ര)ന്റെ ഔദ്യോഗിക അധികാര കൈമാറ്റ ചടങ്ങ് അതീവ പ്രൗഢിയോടെ പൂർത്തിയായി. പ്രസിഡന്റ് കൃഷ്ണരാജ് മോഹനന്റെ നേതൃത്വത്തിൽ പുതിയ ഭാരവാഹികൾ ഔദ്യോഗികമായി ചുമതല ഏറ്റെടുത്തു.

സ്ഥാനമൊഴിയുന്ന ട്രസ്റ്റി ചെയർ വിനോദ് കെയാർക്കെ ചടങ്ങിന് നേതൃത്വം നൽകി. കാലാവധി പൂർത്തിയാക്കിയ പ്രസിഡന്റ് ശ്യാംശങ്കറും സെക്രട്ടറി ഷിബു ദിവാകരനും മന്ത്രയുടെ സ്ഥാപകനും മുതിർന്ന നേതാവുമായ ശശിധരൻ നായരുടെ സാന്നിധ്യത്തിൽ പുതു നേതൃത്വത്തിന് ചുമതലകൾ ഔപചാരികമായി കൈമാറി.

ശശിധരൻ നായർ തന്റെ പ്രസംഗത്തിൽ മന്ത്ര എന്ന സംഘടനയുടെ അടിസ്ഥാന ആവശ്യകതയും പ്രാധാന്യവും എല്ലാവരെയും ഓർമിപ്പിച്ചു. കൃഷ്ണരാജ് മോഹനന്റെ നേതൃത്വം മന്ത്രയെ അതിന്റെ യഥാർത്ഥ ശക്തിയോടെ മുന്നോട്ടു കൊണ്ടുപോകുമെന്ന് തനിക്ക് പൂർണ്ണ ആത്മവിശ്വാസമുണ്ടെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

മന്ത്രയുടെ മുൻ കൺവെൻഷനുകളായ സുദർശനം (ടെക്സാസ്), ശിവോഹം (നോർത്ത് കരോലിന) എന്നിവയിൽ നിന്ന് ലഭിച്ച ആത്മവിശ്വാസവും ഊർജവും മന്ത്രയുടെ അടുത്ത അധ്യായത്തിന് ഉറച്ച അടിത്തറയാകുമെന്നു പ്രസിഡന്റ് കൃഷ്ണരാജ് മോഹനൻ വ്യക്തമാക്കി. ന്യൂയോർക്ക് ആസ്ഥാനമായി 2027 ജൂലൈ 25 വരെ നടത്തപ്പെടുന്ന മന്ത്രയുടെ മൂന്നാമത് കൺവെൻഷൻ 'ശാക്തേയം' മന്ത്രയുടെ ശക്തി സ്വരൂപത്തെ പ്രതിനിധീകരിക്കുന്ന ഒരു മികവുറ്റ കൺവെൻഷനായിരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഊർജസ്വലമായി ഒരുമയോടെ പ്രവർത്തിക്കുന്ന പുതിയ ഭരണ സമിതിയിൽ അംഗമാവാൻ സാധിച്ചത് ഒരു വലിയ ഭാഗ്യമായി കരുതുന്നുവെന്ന് ഉണ്ണി തോയകാട്ട് അഭിപ്രായപ്പെട്ടു.

മന്ത്രയുടെ മറ്റ് ഭാരവാഹികളായ സഞ്ജീവ് നായർ ട്രഷറർ (ന്യൂയോർക്ക്), രേവതി പിള്ള പ്രസിഡന്റ് ഇലക്ട് (ന്യൂ ഹാംഷയർ), ഡോ. നിഷാ ചന്ദ്രൻ ജോയിന്റ് സെക്രട്ടറി (ഷിക്കാഗോ), ഡയറക്ടർ ബോർഡ് അംഗങ്ങളായ പ്രവീണ മേനോൻ (ന്യൂജേഴ്സി), അഭിലാഷ് പുളിക്കത്തൊടി, ജയ് കുമാർ നായർ, പുരുഷോത്തമ പണിക്കർ, സുരേഷ് ബാബു ചിറകുഴിയിൽ എന്നിവരും, ട്രസ്റ്റി ബോർഡ് അംഗങ്ങളായ ഹരീന്ദ്രനാഥ് വെങ്കിലാട്ട് (മെക്സിക്കോ), ഹരി ശിവരാമൻ (ടെക്സാസ്), കൊച്ചുണ്ണി ഇളവൻമഠം (ന്യൂയോർക്ക്), സരൂപ അനിൽ (വിർജീനിയ), സുനിൽ വീട്ടിൽ (ന്യൂജേഴ്സി), സുജന പുത്തൻപുരയിൽ (കണക്ടിക്കട്ട്), രഞ്ജിത് എസ്. പിള്ളൈ (ആർ.വി.പി) എന്നിവരും മുൻ ഭരണ സമിതി അംഗങ്ങളായ ശ്രീകുമാർ ഉണ്ണിത്താൻ, സന്തോഷ് നായർ, രാജേഷ് കല്ലിങ്കൽ എന്നിവരും സന്നിഹിതരായിരുന്നു.



## ഗാന്ധി പ്രതിമക്ക് മുന്നിൽ ഫോമാ ടീം പ്രോമിസ് അവയവദാന പ്രതിജ്ഞയെടുത്തു പ്രചാരണത്തിന് തുടക്കം

മയാമി, ഫ്ളോറിഡ: മാനവികയോടുള്ള പ്രതിബദ്ധതയുടെ ശക്തമായ പ്രകടനമായി തങ്ങളുടെ അവയവങ്ങൾ ദാനം ചെയ്യാനുള്ള പ്രതിജ്ഞയെടുത്തു കൊണ്ട് ഫോമാ ഭരണസമിതിയിലേക്ക് (2026-28) മത്സരിക്കുന്ന ടീം പ്രോമിസ് ചരിത്രം കുറിച്ചു. ലൈഫ് അലയൻസ് ഓർഗൻ റിക്കവറി ഏജൻസി വഴിയാണ് മരണാന്തരം അവയവങ്ങൾ നൽകാനുള്ള രേഖയിൽ ഓരോ മത്സരാർത്ഥിയും ഒപ്പു വച്ചത്.

സേവനത്തോടുള്ള സമർപ്പണം ഇലക്ഷൻ പ്രചാരണത്തിനും അപ്പുറത്തേക്ക് വ്യാപിക്കുന്നുവെന്ന സന്ദേശം നൽകിയ ഈ ചടങ്ങ് ഡേവിയിലെ ഗാന്ധിപ്രതിയുമക്കു മുന്നിലായിരുന്നുവെന്നതും ശ്രദ്ധേയമായി. വിവിധ നഗരങ്ങളിലായി നടക്കുന്ന പ്രചാരണത്തിന് തുടക്കം കുറിച്ച് സ്ഥാനാർത്ഥികൾ ആദ്യം തന്നെ ഗാന്ധിപ്രതിമയിൽ പുഷ്പാർച്ചന നടത്തി. വിശ്വസ്തതസത്യസന്ധതപ്രതിബദ്ധതസുതാര്യത എന്നിവ മുഖമുദ്രയാക്കി സംഘടനയുടെ യശസ്സ് കാത്തുസൂക്ഷിച്ചു പ്രവർത്തിക്കുമെന്ന പ്രഖ്യാപനവുമായി മത്സരിക്കുന്ന മാത്യു വർഗീസ് നേതൃത്വം നൽകുന്ന ടീം പ്രോമിസിനു ആശംസ നേരാൻ നിരവധി പേർ എത്തി .

മാത്യു വർഗീസ് പ്രസിഡന്റ്, അനു സ്കറിയ സെക്രട്ടറി, ബിനോയ് തോമസ് ട്രഷറർ, ജോൺസൺ ജോസഫ് വൈസ് പ്രസിഡന്റ്, രേഷ്മ രഞ്ജൻ ജോയിന്റ് സെക്രട്ടറി, ടിറ്റോ ജോൺ ജോയിന്റ് ട്രഷറർ എന്നിവരാണ് ടീം പ്രോമിസ് സ്ഥാനാർത്ഥികൾ.

ഇലക്ഷൻ പ്രചാരണത്തിനുമപ്പുറത്തേക്ക് തങ്ങളുടെ സേവനരംഗം വ്യാപിപ്പിക്കുമെന്ന് ഉറപ്പ് നല്കുനന്നതായി പ്രസിഡന്റ് സ്ഥാനാർഥി മാത്യു വർഗീസ് (ജോസ്) പറഞ്ഞു. സംഘടനയോടും സമൂഹത്തോടുമുള്ള കടപ്പാടുകൾ ഒരിക്കലും മറക്കില്ല. ഇലക്ഷന് വേണ്ടിയുള്ള നാടകമല്ല ഇത്. മറിച്ച് ഞങ്ങൾ വിശ്വസിക്കുന്ന തത്വങ്ങൾ നടപ്പിലാക്കുമെന്നതിന്റെ സൂചനയാണിത്.



## ഫോമാ ടീം പ്രോമിസ് പ്രചാരണയാത്രക്ക് മയാമിയിൽ ഉജ്ജ്വലവരവേൽപ്പ്

ഫോമാ 2026-2028 ഭരണസമിതിയലേക്ക് മത്സരിക്കുന്ന മാത്യു വർഗീസ് നേതൃത്വം നൽകുന്ന ടീം പ്രോമിസ് സാരഥികൾക്ക് മയാമി മലയാളി സമൂഹം ഉജ്ജ്വലവരവേൽപ്പ് നൽകി. മാത്യു വർഗീസ് പ്രസിഡന്റ്, അനു സ്കറിയ സെക്രട്ടറി, ബിനോയ് തോമസ് ട്രഷറർ, ജോൺസൺ ജോസഫ് വൈസ് പ്രസിഡന്റ്, രേഷ്മ രഞ്ജൻ ജോയിന്റ് സെക്രട്ടറി, ടിറ്റോ ജോൺ ജോയിന്റ് ട്രഷറർ എന്നിവരാണ് ടീം പ്രോമിസ് സ്ഥാനാർത്ഥികൾ.

സൗത്ത് ഫ്ളോറിഡയിലെ സാമൂഹികസാംസ്കാരിക സംഘടനകൾ ഒന്നടക്കം പങ്കെടുത്ത് ടീം പ്രോമിസിന് പരിപൂർണ പിന്തുണയും വാഗ്ദാനംചെയ്തു. ഫോമാ നാഷണൽ കമ്മറ്റി മെമ്പർ സാജൻ മാത്യു, നവകേരള മലയാളി അസോസിയേഷൻ പ്രസിഡന്റ് സൈമൺ പാറത്താഴം, കേരള സമാജം പ്രസിഡന്റ് ബിജു ജോൺ, കേരള സമാജം നിയുക്ത പ്രസിഡന്റ് നോയൽ മാത്യു, സൗത്ത് വെസ്റ്റ് ഫ്ളോറിഡ മുൻ പ്രസിഡന്റ് അജേഷ് ബാലാനന്ദൻ, ഫോമാ മുൻ നാഷണൽ ട്രഷറർ ജോയ് ആന്റണി, കേരള അസോസിയേഷൻ ഓഫ് പാം ബീച്ച് മുൻ പ്രസിഡന്റ് ലൂക്കോസ് പൈനുങ്കൽ, മയാമി മലയാളി അസോസിയേഷൻ മുൻ സെക്രട്ടറി മോൾ മാത്യു, ഡോക്ടർ ജഗതി നായർ, എബ്രഹാം കളത്തിൽ എന്നിവർ വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് പ്രസംഗിച്ചു.

നടപ്പിലാക്കുന്നത്മാത്രമേപറയുകയുള്ളൂ,പറയുന്നകാര്യങ്ങൾനടപ്പിലാക്കുംഎന്നതാണ്തങ്ങളുടെ ടീമിലെ സ്ഥാനാർത്ഥികളുടെ മുൻകാല പ്രവർത്തനചരിത്രമെന്നും, അർഹതക്കുള്ള അംഗീകാരമായി ഏവരുടെയും പിന്തുണ നൽകണമെന്നും അവർ അഭ്യർത്ഥിച്ചു. ഒരേ മനസോടെ പ്രവർത്തിക്കുമെന്നാണ് ഞങ്ങൾ ആദ്യം തീരുമാനമെടുത്തത്.

പ്രചാരണയോഗത്തിന് മുന്നോടിയായി ടീം പ്രോമിസ് അംഗങ്ങൾ ഡേവിയിലുള്ള ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന നടത്തി. തങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അവയവദാന പദ്ധതിയുടെ മുന്നോടിയായി സ്ഥാനാർത്ഥികൾ അവരുടെ അവയവദാന സമ്മതപത്രങ്ങൾ ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറി.




(ഒന്നാം പേജ് തുടർച്ച)

## എസ് ബി അസംപ്ഷൻ അലുമ്നയ് ഓഫ് നോർത്ത് അമേരിക്ക അർദ്ധദിന കൺവെൻഷൻ:

# കർദ്ദിനാൾ കൂവക്കാട്ട്, മാർ തോമസ് തറയിൽ, രാജു നാരായണസ്വാമി വിശിഷ്ടാതിഥികൾ



അടുത്ത വർഷം ഷിക്കാഗോയിൽ നടക്കുന്ന എസ്ബി അസംപ്ഷൻ കോളേജ് അലുമ്നയ് ഓഫ് നോർത്ത് അമേരിക്കയുടെ അർദ്ധദിന കൺവെൻഷന്റെ പ്രാഥമിക ഒരുക്കങ്ങൾക്ക് തുടക്കം കുറിച്ചു. ദേശീയതലത്തിൽ ആദ്യമായി സംഘടിപ്പിക്കുന്ന കൺവെൻഷൻ, ഷിക്കാഗോയിലെ ഡിസ്പ്ലെയിൻസ് ക്നാനായ കത്തോലിക്കാ കമ്മ്യൂണിറ്റി ഹാളിൽ 2026 ജൂലൈ ഒൻപതിന് വ്യാഴാഴ്ച രാവിലെ എട്ടിന് ആരംഭിച്ചു ഒരുമണിക്ക് സ്നേഹവിരുന്നോടെ സമാപിക്കും. എസ്ബി കോളേജിന്റെ പ്രമുഖ പൂർവ്വവിദ്യാർഥികളായ കർദ്ദിനാൾ മാർ ജോർജ്ജ് ജേക്കബ് കൂവക്കാട്ട്, ചങ്ങനാശേരി അതിരൂപത ആർച്ചുബിഷപ് മാർ തോമസ് തറയിൽ, കേരള ഗവ. പ്രിൻസിപ്പൽ സെക്രട്ടറി രാജു നാരായണസ്വാമി എന്നിവർ ചടങ്ങിൽ പങ്കെടുക്കും. എസ്ബി കോളേജ് ഗണിതശാസ്ത്രവിഭാഗം മേധാവിയായിരുന്ന പ്രൊഫ. കെ.എസ്. വെങ്കിടാചലം അയ്യരുടെ പുത്രനാണ് ഐഎഎസ് പ്രഥമ റാങ്ക് ജേതാവായ നാരായണസ്വാമി. എസ്ബി കോളേജ് പ്രിൻസിപ്പൽ റവ. ഡോ. റെജി തോമസ് കാഞ്ഞൂപ്പറമ്പിൽ, അസംപ്ഷൻ കോളേജ് പ്രിൻസിപ്പൽ ഡോ. റാണി മരിയ തോമസ്, എസ്ബി കോളേജ് മുൻപ്രിൻസിപ്പൽ റവ. ഡോ. ജോർജ്ജ് മഠത്തിപ്പറമ്പിൽ എന്നിവരും കൺവെൻഷനിൽ അതിഥികളായി പങ്കെടുക്കും. അമേരിക്കയിലെ എല്ലാ സ്റ്റേറ്റുകളിൽനിന്നും പ്രതിനിധികൾ പങ്കെടുക്കുന്ന കൺവെൻഷന്റെ സുഗമമായ നടത്തിപ്പിന് നേതൃത്വം നൽകാൻ പതിനഞ്ച് അംഗ സ്റ്റീയറിംഗ് കമ്മറ്റിയെ അലുമ്നയ് നാഷണൽ കൗൺസിൽ തെരെഞ്ഞെടുത്തു. മാർത്തോമാസഭാംഗവും മലയാളിഎൻജിനീയേഴ്സ്അസോസിയഷൻ മുൻപ്രസിഡന്റുമായ മാത്യു ദാനിയേൽ (ഐബിഎം) കൺവെൻഷന്റെ ചെയർമാൻ ആയിരിക്കും.

സംഘടനയുടെ രക്ഷാധികാരി റവ. ഫാ കുര്യൻ നെടുവേലിചാലുങ്കൽ (പ്രൊക്യൂറേറ്റർ, ഷിക്കാഗോ രൂപത), ഡോ. മനോജ് മാത്യു നേര്യംപറമ്പിൽ, ദയാലു ജോസഫ് കാലിഫോർണിയ (കൺവെൻഷൻ കൊ-ചെയേഴ്സ്), പ്രൊഫ. ജെയിംസ് ഓലിക്കര, പ്രൊഫ. ഡോ. ആർ. ജയകൃഷ്ണൻ, ടോം പെരുമ്പായി, പിന്റോ കണ്ണമ്പള്ളി (നാഷണൽ കോ-ചെയർ), റവ. ഷിന്റോ വർഗീസ്, ജോർജ് ജോസഫ് വിലങ്ങോലിൽ, ബോബൻ കളത്തിൽ (കൺവെൻഷൻ കോർഡിനേറ്റർ), നീന പി. മുരിക്കൻ, ലീല മാരേട്ട്, ജോസുകുട്ടി നടക്കപ്പാടം, സാം ആന്റോ (സുവനീർ), ഷിബു അഗസ്റ്റിൻ(ഫിനാൻസ്), സജി മാടപ്പള്ളി എന്നിവർ വിവിധ കമ്മറ്റികൾക്ക് നേതൃത്വം നൽകും. പ്രൊഫ. ജോസ് തോമസിന്റെ നേതൃത്വത്തിൽ കാനഡയിൽനിന്ന് പൂർവ്വവിദ്യാർഥികൾ കൺവെൻഷനിൽ പങ്കെടുക്കും. ബുധനാഴ്ച എത്തിച്ചേരുന്നവർക്കായി ടൂർപാക്കേജുകൾ ആവിഷ്കരിക്കുമെന്നു ഷിക്കാഗോ ചാപ്റ്റർ എക്സിക്യൂട്ടിവ് അംഗങ്ങളായ ജോൺ നടക്കപ്പാടം, കാർമൽ തോമസ്, ബിജി കൊല്ലാപുരം, ഷാജി കൈലാത്ത്, സെബാസ്റ്റ്യൻ വാഴേപറമ്പിൽ എന്നിവർ അറിയിച്ചു. തോമസ് ഡിക്രൂസ് തറപ്പിൽ (മീഡിയ&പബ്ലിക് റിലേഷൻസ്), മിസിസ് റോഷൻ ചെറിയാൻ (അലുമ്നയ് നാഷണൽ സെക്രട്ടറി), ഡോ. തോമസ് സെബാസ്റ്റ്യൻ, മനീഷ് തോപ്പിൽ, ജോസുകുട്ടി പാറക്കൽ, ജോളി കുഞ്ചെറിയ, മനോജ് തോമസ്, ജോർജ്ജ് ഇല്ലിക്കൽ, ചെറിയാൻ മാടപ്പാട്, ജോസഫ് കാളാശേരി, മിസിസ് ഷിജി ചിറയിൽ (കൾച്ചറൽ പ്രോഗ്രാം) എന്നിവർ വിവിധ പരിപാടികൾക്ക് നേതൃത്വം നൽകും. കൺവെൻഷന്റെ രജിസ്ട്രേഷൻ കിക്കോഫ് ഡിസംബർ 27-ാം തീയതി ബെൽവുഡ് സീറോ മലബാർ കത്തീഡ്രൽ ചാവറ ഹാളിൽ നടക്കുന്ന ഷിക്കാഗോ ചാപ്റ്ററിന്റെ ക്രിസ്മസ് പുതുവത്സര ആഘോഷങ്ങളോടനുബന്ധിച്ചു നടത്തും.

◗ *തോമസ് ഡിക്രൂസ്*





## SEEKING BRIDEGROOM

**Knanaya Parents, Kerala** invite proposal for their daughter, 31, 154 cm, M.Tech (Bio-Technology) & PhD. Now she is working in Chennai.

**Contact:+1-630-642-4596**

**Email: lukescyriac@gmail.com**

#092425

## SEEKING BRIDEGROOM

We are seeking a suitable proposel for our Niece aged 25 (Height 155cm, Weight 43kg) from a middle upper class Catholic family, Kanjirappally Dioces. She is doing her masters research in plant pathology. She is God fearing, slim and fare. Considering proposals from abroad and India.

**Contact: 630-605-0241,**
**India: 91-9946 968570**

#100825

## Holiday Let Penthouse in Kochi

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi. Close to shops/Restaurants/Shopping centres. Beautiful view of Kochi City. Location - Vennala near Holiday Inn Hotel.

**Contact NG Jerome**
**Mob: +91 9446211630**

#112625

## ഷിക്കാഗോ സബർബിൽ കെയർഗിവറെ ആവശ്യമുണ്ട്

**ഷിക്കാഗോയുടെ സബർബായ Northlakeൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ വന്നും പോയും (7 Days, 5 Hours Daily) പ്രായമുള്ള ഒരു അമ്മച്ചിയെ നോക്കുവാൻ ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847–648–3300**

#100125

## ബേബി സിറ്ററെ ആവശ്യമുണ്ട്


**ഡസ്പ്ലെയിൻസിൽ താമസിക്കുന്ന മലയാളി** കുടുംബത്തിന് വന്നുപോയോ വീട്ടിൽ താമസിച്ചോ ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക:**
**മോഹിൻ 773–679–5526,**
**ആൽബി 773–396–0535**

#112625

## നൊവേന

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**സാം ജോൺസൺ**

#112625

### ഉണ്ണിയീശോയോടുള്ള നൊവേന



ഇഹലോകവാസികളായ ഞങ്ങളേരോരുത്തരോടുമുള്ള സ്നേഹത്താൽ മനുഷ്യാവതാരം ചെയ്ത് ഞങ്ങളുടെ ഇടയിലേക്ക് വരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപികളായ ഞങ്ങളുടെ അയോഗ്യതകൾ പരിഗണിക്കാതെ ഞങ്ങളിൽ ഒരുവനായിത്തീരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ, കാലിത്തൊഴുത്തിൽ പിറന്ന് എളിമയോടെയും വിനയത്തിന്റെയും മാതൃകയായി ജീവിച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

പാപികളായ ഞങ്ങളിൽ അനുഗ്രഹവർഷം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു. അങ്ങേ തിരുമുമ്പിൽ അണഞ്ഞ് ഈ നെവേനയിൽ ഇന്നു ഞങ്ങൾ പ്രത്യേകമായി അപേക്ഷിക്കുന്നു..... ആവശ്യങ്ങൾ ഞങ്ങൾക്ക് ഒരോരുത്തർക്കും സാധിച്ചുതരണമെന്ന് തകർന്ന ഹൃദയത്തോടുകൂടി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.

ആമേൻ

**ടോമി വിൽസൺ**

#112625

Newspaper for Malayalees Worldwide ◆Estd.2020

വാചകം VACHAKAM

**To Advertise**
1 773–888–2242
1 773–842–9149
1 773–888–2243
vachakamonline@gmail.com
news@vachakam.com

Vachakam.com

**For E-Paper reading visit Vachakam.com**




# പിസിനാക് ഷിക്കാഗോ സുവനീയർ പ്രസിദ്ധീകരിക്കുന്നു

ഷിക്കാഗോ: 2026 ജൂലൈ ആദ്യവാരം ഷിക്കാഗോയിൽ നടക്കുന്ന 40-ാമത് നോർത്ത് അമേരിക്കൻ പെന്തകോസ്ത് കോൺഫറൻസിന്റെ ആഭിമുഖ്യത്തിൽ സ്മരണിക പ്രസിദ്ധീകരിക്കുന്നു. റവ. തോമസ് മുല്ലക്കൽ ചീഫ് എഡിറ്ററായും കുര്യൻ ഫിലിപ്പ് പബ്ലിഷറായുള്ള എഡിറ്റോറിയൽ ബോർഡിന് പിസിനാക്ക് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകാരം നൽകി. അമേരിക്കയിലെ മറ്റു മാധ്യമപ്രവർത്തകരെയും സാഹിത്യപ്രവർത്തകരെയും ഉൾപ്പെടുത്തി എഡിറ്റോറിയൽ ബോർഡ് വിപുലീകരിക്കും. കഴിഞ്ഞ അര നൂറ്റാണ്ടിൽ അധികമായി നോർത്ത് അമേരിക്കയിൽ സജീവ സാന്നിധ്യമായി പ്രവർത്തിക്കുന്ന പിസിനാക്ക് കോൺഫറൻസിന്റെയും സഭകളുടെയും ചരിത്രം സ്മരണികയിൽ അനാവരണം ചെയ്യും. പിസിനാക്കിന്റെ നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ കൺവീനർ പാസ്റ്റർ ജോർജ് കെ സ്റ്റീഫൻസൺ, സെക്രട്ടറി സാം മാത്യു, ട്രഷറർ പ്രസാദ് ജോർജ് സി.പി.എ, ഡോ. ജോനാഥൻ ജോർജ്, ജീന വിൽസൺ എന്നിവർ മാനേജിംഗ് എഡിറ്റേഴ്സ് ആയി പ്രവർത്തിക്കും. സുവനീർ സംബന്ധമായ വിവരങ്ങൾക്ക് ചീഫ് എഡിറ്റർ റവ. തോമസ് മുല്ലക്കൽ (214-223-1194), പബ്ലിഷർ കുര്യൻ ഫിലിപ്പുമായോ (847-912-5578) ബന്ധപ്പെടുക. Souvenirpcnak2026@gmail.com

◗ *കുര്യൻ ഫിലിപ്പ്*



# കേരളാ അസോസിയേഷൻ ഓഫ് ഷിക്കാഗോ വിദ്യാഭ്യാസ പുരസ്കാരത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു

ഷിക്കാഗോ: കേരളാ അസോസിയേഷൻ ഓഫ് ഷിക്കാഗോയുടേയും കേരളാ കൾച്ചറൽ സെന്ററിന്റേയും സംയുക്താഭിമുഖ്യത്തിൽ നടത്തിവരുന്ന വിദ്യാഭ്യാസ പുരസ്കാര ദാനത്തിന്റെ കിക്ക് ഓഫ് നവം.24ന് കെ.സി.സി.സി ആസ്ഥാനത്തു നടന്നു. തമ്പിച്ചൻ ചെമ്മാച്ചേൽ അവാർഡ് തുക കെ.എ.സി പ്രസിഡന്റ് ആന്റോ കവലയ്ക്കലിന് കൈമാറിയാണ് കിക്ക് ഓഫ് നിർവ്വഹിച്ചത്.

ചെമ്മാച്ചേൽ ലൂക്കാച്ചൻ, അല്ലി ടീച്ചർ ദമ്പതികളുടെ സ്മരണക്കായി തമ്പിച്ചൻ ചെമ്മാച്ചേൽ സ്പോൺസർ ചെയ്തു ഏർപ്പെടുത്തിയിരിക്കുന്ന ഈ വിദ്യാഭ്യാസ പുരസ്കാരം 500ഡോളർ കാഷും പരേതരുടെ സ്മരണാഫലകവും അടങ്ങുന്നതാണ്. 2024 ൽ ഇല്ലിനോയി സംസ്ഥാനത്തു നിന്നും ഹൈസ്കൂൾ ഗ്രാഡുവേറ്റ് ചെയ്ത വ്യക്തിക്കാണ് അക്കാദമിക് എക്സലൻസിന്റെ അടിസ്ഥാനത്തിൽ പുരസ്കാരം നൽകുന്നത്.

ഇതിന് അപേക്ഷ നൽകേണ്ട അവസാന തീയതി 2025, ഡിസംബർ 20 ആണ്. വിജയിയെ ഔദ്യോഗികമായി പ്രഖ്യപിക്കുന്നതും, സമ്മാന വിതരണം നടത്തുന്നതും 2025 ഡിസംബർ 27-ാം തീയതി ഡൗണേഴ്സ്ഗ്രോവിലുള്ള അക്ഷയന ബാങ്കറ്റ് ഹാളിൽ വച്ച് നടക്കുന്ന കെ.എ.സി./കെ.സി.സി.സി ക്രിസ്തുമസ് പുതുവത്സര ആഘോഷ അവസരത്തിലായിരിക്കും.

അപേക്ഷകർ സ്വയം തയ്യാറാക്കിയ ഒരു അപേക്ഷയോടൊപ്പം സ്വയം അറ്റസ്റ്റ് ചെയ്ത സർട്ടിഫിക്കറ്റുകൾ അയക്കേണ്ട ഇമെയിൽ സരരcchicago@gmail.com എന്നാണ്. സന്തോഷ് അഗസ്റ്റിൻ, സി.പി.എയുടെ നേതൃത്വത്തിൽ കെ.എ.സി വിദ്യാഭ്യാസ കമ്മിറ്റിയായിരിക്കും ജേതാവിനെ തിരഞ്ഞെടുക്കുന്നതും പ്രഖ്യാപിക്കുന്നതും. കൂടുതൽ വിവരങ്ങൾക്കും നിബന്ധനകൾക്കും ബന്ധപ്പെടുക സന്തോഷ് അഗസ്റ്റിൻ 630-441-0643, ഇമെയിൽ kcc4chicago@gmail.com

◗ *പി. ആർ. ഒ. കെ. എ. സി/കെ. സി. സി. സി.*

# സാൻഫ്രാൻസിസ്കോ പള്ളിയിലെ സീറോ മലബാർ കൺവെൻഷൻ കിക്കോഫ് മനോഹരമായി

ഷിക്കാഗോ: അമേരിക്കയിലെ സീറോ മലബാർ രൂപതയുടെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 2026 ജൂലൈ 9 മുതൽ 12 വരെ നടക്കുന്ന ദേശീയ കൺവെൻഷന്റെ പ്രചാരണത്തിനും കിക്കോഫിനുമായി സാൻഫ്രാൻസിസ്കോയിലെ സെന്റ് തോമസ് ദേവാലയം സന്ദർശിച്ച കൺവെൻഷൻ ടീമിന് സ്നേഹപൂർവ്വമായ സ്വീകരണം ഇടവകാംഗങ്ങൾ നൽകി.



രൂപതാ പ്രൊക്യുറേറ്റർ ഫാ. കുര്യൻ നെടുവേലിചാലുങ്കലിനോടൊപ്പം ജൂബിലി ചെയർമാൻ ജോസ് ചാമക്കാലയും നാഷണൽ രജിസ്ട്രേഷൻ കോർഡിനേറ്റർ സണ്ണി വള്ളിക്കളവും കിക്കോഫിനായി എത്തിയിരുന്നു.

ഫാ. കുര്യൻ രൂപതയുടെ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെടുന്ന പരിപാടികളുടെ വിവരങ്ങൾ നൽകി. ഇടവകയിൽ നിന്നുള്ള കൺവെൻഷൻ പ്രതിനിധികളായ അശോക് മാത്യു, ടൂണി മാത്യു, പ്രീതി തോമസ്, ട്രസ്റ്റിമാരായ അലക്സ് തോമസ്, ബിജു ജോസഫ്, ജെയിംസ് ചക്കോ, ജേജോ ആലപ്പാട്ട്, എന്നിവരും സുജിത് ജോസഫും മനോഹരമായ കൺവെൻഷൻ കിക്കോഫിന് നേതൃത്വം നൽകി. ഇടവകാംഗങ്ങളുടെ ആവേശപൂർണ്ണമായ പങ്കാളിത്തം കൺവെൻഷൻ ടീമിന് വലിയ ആവേശം പകർന്നു.

നാലു ദിവസങ്ങളിലായി നടത്തപ്പെടുന്ന കൺവെൻഷൻ പരിപാടികളുടെ രൂപരേഖ ജോസ് ചാമക്കാല അവതരിപ്പിച്ചു. മനോഹരമായ ഷിക്കഗോയിൽ വച്ച് നടത്തുന്ന ഈ കൺവെൻഷനിലേക്ക് സണ്ണി വള്ളിക്കളം ഏവരെയും ഹൃദയപൂർവ്വം സ്വാഗതം ചെയ്തു. ഡിസംബർ 31ന് മുൻപ് രജിസ്ട്രേഷൻ നടത്തി ഏർലി ബേർഡ് നിരക്കുകൾ ഉപയോഗപ്രദമാക്കുവാൻ ഏവരെയും ടീം ആഹ്വാനം ചെയ്തു. ഫാ.ആന്റണി പുല്ലുകാട്ട് ഇടവകയുടെ പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചതോടൊപ്പം ഏവരെയും ഇതിൽ പങ്കുചേരുവാൻ ക്ഷണിക്കുകയും ചെയ്തു.

സാൻ ഫ്രാൻസിസ്കോ പള്ളിയിലെ അച്ചന്റെയും, ഇടവകാംഗങ്ങളുടെയും വളരെ ഹൃദ്യമായ സ്വീകരണത്തിനും സഹകരണത്തിനും കൺവെൻഷൻ ടീം പ്രത്യേകം നന്ദി അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും www.syroConvention.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

*ബീനാ വള്ളിക്കളം*

## താങ്ക്സ്ഗിവിംഗ് യാത്രാ ബുക്കിംഗിൽ 4.5% ഇടിവ്

അമേരിക്കൻ ഐക്യനാടുകളിലെ ഫെഡറൽ സർക്കാർ ഷട്ട്ഡൗൺ വരുത്തിവെച്ച യാത്രാക്കുഴപ്പങ്ങൾ കാരണം താങ്ക്സ്ഗിവിംഗ് അവധിക്കാലത്തെ വിമാന ടിക്കറ്റ് ബുക്കിംഗിൽ വൻ ഇടിവ് രേഖപ്പെടുത്തി. മുൻ വർഷത്തെ അപേക്ഷിച്ച് 4.5 ശതമാനത്തോളമാണ് ബുക്കിംഗിൽ കുറവുണ്ടായിരിക്കുന്നത്. രാജ്യത്തെ ഏറ്റവും തിരക്കേറിയ യാത്രാ സീസണാണ് താങ്ക്സ്ഗിവിംഗ്.

ഷട്ട്ഡൗണിന് മുൻപ്, വിമാന ടിക്കറ്റ് ബുക്കിംഗിൽ കഴിഞ്ഞ വർഷത്തേക്കാൾ നേരിയ വർധനവ് ഉണ്ടായിരുന്നു. എന്നാൽ, ഷട്ട്ഡൗൺ പ്രഖ്യാപിച്ചതോടെ എയർ ട്രാഫിക് കൺട്രോളർമാർ, സുരക്ഷാ ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടെ വിമാനത്താവളങ്ങളിലെ സുപ്രധാന ജീവനക്കാർക്ക് ശമ്പളം മുടങ്ങിയത് വലിയ പ്രതിസന്ധി സൃഷ്ടിച്ചു. ജീവനക്കാരുടെ ക്ഷാമവും ക്ഷീണവും കാരണം പലയിടത്തും വിമാനങ്ങൾ റദ്ദാക്കുന്നതിനും വൈകുന്നതിനും ഇടയായി. ഇത് യാത്രക്കാർക്കിടയിൽ വലിയ ആശങ്ക പരത്തി.



വിമാന യാത്രാ ഡാറ്റ വിശകലനം ചെയ്യുന്ന സ്ഥാപനമായ സിറിയം പുറത്തുവിട്ട കണക്കുകൾ പ്രകാരം, സർക്കാർ ഷട്ട്ഡൗണിനെത്തുടർന്ന് വിമാന സർവീസുകൾ വെട്ടിച്ചുരുക്കിയതും കൂട്ടത്തോടെയുള്ള റദ്ദാക്കലുകളും യാത്രാ താൽപര്യത്തെ പ്രതികൂലമായി ബാധിച്ചു. ഏകദേശം 40 പ്രധാന വിമാനത്താവളങ്ങളിലെ ഷെഡ്യൂളുകൾ വെട്ടിച്ചുരുക്കാൻ ഫെഡറൽ ഏവിയേഷൻ അഡ്മിനിസ്ട്രേഷൻ നിർബന്ധിതരായിരുന്നു.

വിമാന ടിക്കറ്റ് റദ്ദാക്കലുകളും ബുക്കിംഗിലെ കുറവും എയർലൈൻ വ്യവസായത്തിന് കോടിക്കണക്കിന് ഡോളറിന്റെ നഷ്ടമാണ് വരുത്തിവെച്ചിരിക്കുന്നത്. അവധിക്കാലം ലക്ഷ്യമിട്ട് മികച്ച സാമ്പത്തിക ലാഭം പ്രതീക്ഷിച്ചിരുന്ന യുഎസ് എയർലൈനുകൾക്ക് ഈ തിരിച്ചടി കനത്ത പ്രഹരമായി. ഷട്ട്ഡൗൺ അവസാനിച്ചെങ്കിലും, അവധിക്കാല യാത്രക്കാർക്കിടയിൽ നിലനിന്ന ഭീതിയാണ് ബുക്കിംഗ് കുറയാൻ പ്രധാന കാരണമായത്.

## ഗെയിമിനിടെ തലക്ക് പരിക്ക്: ഇതൻ ഡീറ്റ്സ് അന്തരിച്ചു

ഒക്ലഹോമയിലെ വാർണർ നഗരത്തിലുള്ള കോന്നേഴ്സ് സ്റ്റേറ്റ് കോളേജിലെ ബാസ്ക്കറ്റ്ബോൾ താരമായ ഇതൻ ഡീറ്റ്സ്, തന്റെ ടീമിന്റെ കളിക്കിടെ പരിക്കേറ്റ് മൂന്ന് ദിവസം ശേഷം മരിച്ചതായി റിപ്പോർട്ട്. ചൊവ്വാഴ്ചയാണ് ഇതൻ ഡീറ്റ്സ് മരണമടഞ്ഞത്. എന്നാൽ സ്കൂൾ ഔദ്യോഗിക അറിയിപ്പിൽ പരിക്കിന്റെ കൃത്യമായ വിവരങ്ങൾ നൽകിയിട്ടില്ല.




'കോബോയ് കുടുംബത്തിന് അത്യന്തം വലിയൊരു നഷ്ടമാണ് സംഭവിച്ചത്. ശനിയാഴ്ച നടന്ന പുരുഷ ടീമിന്റെ മത്സരത്തിൽ ഇതൻ ഡീറ്റ്സ് പരിക്കേറ്റിരുന്നു. ഇന്ന് രാവിലെ, നവംബർ 25ന്, അദ്ദേഹം അന്തരിച്ചു. കഠിനാധ്വാനവും ടീമിന്റെ ഭാഗമാകുന്നതിനുള്ള മൂല്യവും ഇതൻ മികച്ച രീതിയിൽ കാണിച്ചു തന്നു. ഈ ദാരുണ നഷ്ടം ഞങ്ങൾ സ്വയം മനസ്സിലാക്കാൻ ശ്രമിക്കമ്പോൾ, അദ്ദേഹത്തിന്റെ കുടുംബത്തിനും സുഹൃത്തുകൾക്കും ഞങ്ങളുടെ അനശോചനങ്ങൾ അറിയിക്കുന്നു' എന്നാണ് സ്കൂൾ പ്രസ്താവനയിൽ പറഞ്ഞത്.

6 അടി 8 ഇഞ്ച് ഉയരമുള്ള ഫോർവേഡ് ആയിരുന്ന അദ്ദേഹം, ഈ സീസണിൽ ടീമിനായി ശരാശരി 11 പോയിന്റും 9.4 റീബൗണ്ടും നേടി. കഴിഞ്ഞ വർഷം, ഒന്നാം വർഷ വിദ്യാർത്ഥിയായിരിക്കെ, 36 മത്സരങ്ങളിൽ 29 മത്സരങ്ങളിൽ സ്റ്റാർട്ടർ ആയിരുന്നു. കളിക്കിടയിൽ തലയ്ക്ക് സംഭവിച്ച ഗുരുതര പരിക്ക് ആണ് മരണ കാരണം എന്നാണ് ലഭിക്കുന്ന വിവരം.

ഈ ദാരുണ സംഭവത്തെ തുടർന്ന് കോൺണേഴ്സ് സ്റ്റേറ്റ് കോളേജ്, ബുധൻ (നവം. 26) നടക്കുന്ന സതേൺ ആർക്കൻസാസ് യൂണിവേഴ്സിറ്റി ടെക് മത്സരവും ഡിസംബർ 1ന് നടക്കുന്ന ഗ്രേസൺ കോളേജ് മത്സരവും റദ്ദാക്കി. സ്ത്രീകളുടെ ബാസ്ക്കറ്റ്ബോൾ ടീമും അടുത്ത രണ്ട് മത്സരങ്ങൾ റദ്ദാക്കി. കോൺണേഴ്സ് സ്റ്റേറ്റ് ഡിസംബർ 1ന് രാത്രി 7 മണിക്കൂർ ക്യാമ്പസിൽ ഒരു അനുസ്മരണ സമ്മേളനം നടത്തും.

## അമേരിക്കയുടെ പുതിയ വിസ നിയന്ത്രണ നയത്തെ ശക്തമായി വിമർശിച്ചു ചൈന




അമേരിക്കയുടെ പുതിയ വിസ നിയന്ത്രണ നയത്തെ ശക്തമായി വിമർശിച്ചു ചൈന. അമേരിക്ക സെൻട്രൽ അമേരിക്കൻ രാജ്യങ്ങളിൽ ബീജിംഗുമായി ബന്ധമുള്ള ആളുകൾക്ക് വിസ നിയന്ത്രണം ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചതിനെതിരെ ആണ് ചൈന ബുധനാഴ്ച കടുത്ത പ്രതിഷേധം രേഖപ്പെടുത്തിയത്. ചൈനയുടെ അഭിപ്രായത്തിൽ, ഈ നടപടി ഐക്യരാഷ്ട്രസഭയുടെ ചട്ടങ്ങൾ ലംഘിക്കുന്നതാണ്. പുതിയ നയം പ്രകാരം, ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കുവേണ്ടി മനപ്പൂർവ്വം പ്രവർത്തിക്കുന്നു എന്ന് കരുതപ്പെടുന്ന സെൻട്രൽ അമേരിക്കൻ രാജ്യങ്ങളിലെ ആളുകൾക്കും അവരുടെ നേരിട്ടുള്ള കുടുംബാംഗങ്ങൾക്കും യുഎസിലേക്ക് വിസ ലഭിക്കുന്നത് തടയുമെന്ന് ആണ് അമേരിക്കൻ വദേശകാര്യ സെക്രട്ടറി മാർക്കോ റൂബിയോ വ്യക്തമാക്കിയത്.

വിസയെ രാഷ്ട്രീയ സമ്മർദ്ദമായി ഉപയോഗിക്കരുത് എന്നാണ് ചൈന പ്രതികരിച്ചത്. വിസ നിയന്ത്രണങ്ങളെ രാഷ്ട്രീയ ആയുധമാക്കുന്നത് എന്ന ഐക്യരാഷ്ട്രസഭാ ചട്ടമാണ് അമേരിക്ക ലംഘിക്കുന്നത് എന്നും സമാനാധികാരവും പരസ്പര ഇടപെടൽ ഇല്ലായ്മയും എന്ന തത്വങ്ങൾ ഇതോടെ ലംഘിക്കപ്പെടുന്നു എന്നും ചൈനീസ് എംബസി എക്സിൽ പ്രതികരിച്ചു. ചൈന ഈ രാജ്യങ്ങളുമായി നടത്തുന്ന സഹകരണം അവിടുത്തെ ജനങ്ങളുടെ തൊഴിൽ, സാമ്പത്തിക വളർച്ച, ജീവിത നിലവാരം എന്നിവയ്ക്ക് സഹായകരമാണെന്നും രാജ്യങ്ങൾ തമ്മിലുള്ള ബന്ധം ബഹുമാനത്തിലും പങ്കാളിത്തത്തിലും ആധാരപ്പെടുത്തണം എന്നും സമ്മർദത്തിൽ അല്ല എന്നും അവർ കൂട്ടിച്ചേർത്തു.

അതേസമയം ഈ വിഷയത്തിൽ അമേരിക്കൻ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് ഇതുവരെ പ്രതികരിച്ചിട്ടില്ല. സെപ്തംബറിൽ നയം പ്രഖ്യാപിച്ചെങ്കിലും, എത്രപേരെയാണ് വിസ നിയന്ത്രണം ബാധിച്ചതെന്ന് അമേരിക്ക ഇതുവരെ വ്യക്തമാക്കിയിട്ടില്ല.



# കാർണിയുടെ പൈപ്പ്ലൈൻ പദ്ധതി; ലിബറൽ പാർട്ടിയിൽ ആശങ്ക

പ്രധാനമന്ത്രി മാർക്ക് കാർണി ബ്രിട്ടീഷ് കൊളംബിയയുടെ വടക്കുപടിഞ്ഞാറ് ഭാഗത്തേക്കുള്ള ഒരു പുതിയ ഓയിൽ പൈപ്പ്ലൈൻ പദ്ധതിയുടെ റോഡ്മാപ്പ് വ്യാഴാഴ്ച പ്രഖ്യാപിക്കുമെന്നാണ് അടുത്ത വൃത്തങ്ങളിൽ നിന്നും ലഭിക്കുന്ന വിവരം. ഇതിനെ ചുറ്റിപ്പറ്റി, അദ്ദേഹത്തോടടുത്തുള്ള മുതിർന്ന നേതാക്കൾ ഏറെ ആശങ്കയിൽ ആണ് എന്നാണ് ലഭിക്കുന്ന വിവരം.

അതേസമയം ആശങ്കയിൽപ്പെട്ട എംപിമാരെയും ഒരു മന്ത്രിയെയും ഒരു പരിധിവരെ വരെ ശാന്തരാക്കേണ്ട സാഹചര്യം വന്നിട്ടുണ്ട് എന്നാണ് ലഭിക്കുന്ന വിവരം. പ്രത്യേകിച്ച് അൽബെർട്ടയുമായി ഉണ്ടാക്കുന്ന പുതിയ 'ഗ്രാൻഡ് ബാർഗൻ' കരാറിനെ കുറിച്ച്. കനേഡിയൻ ഐഡന്റിറ്റി ആൻഡ് കൾച്ചർ മന്ത്രിയായ സ്റ്റീവൻ ഗിലെബോൾട്ട്, പരിസ്ഥിതി പ്രവർത്തകനായും മുൻ ലിബറൽ



സർക്കാരിൽ പരിസ്ഥിതി മന്ത്രിയായും പ്രവർത്തിച്ച അദ്ദേഹം ഈ കരാറിന്റെ ഭാഗമായി സർക്കാർ കാലാവസ്ഥാ നയങ്ങളിൽ വരുന്ന ഇളവുകളെക്കുറിച്ച് ആശങ്കകൾ പ്രകടിപ്പിച്ചിരുന്നു. പിഎംഒയും ഗിലെബോൾട്ടും തമ്മിൽ തുടർച്ചയായ ചർച്ചകൾ നടക്കുകയാണ് എന്നാണ് ലഭിക്കുന്ന വിവരം. വിഷയത്തിൽ അദ്ദേഹം രാജിവെക്കുമോ എന്നാണ് പാർട്ടിക്കകത്ത് ചിലർ ഭയപ്പെടുന്നത്.

അതേസമയം വിഷയത്തിൽ ബി.സി. ലിബറൽ എംപിമാർക്ക് വലിയ ആശങ്ക ഉണ്ട് എന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്. പ്രകൃതി വിഭവ മന്ത്രിയായ ടിം ഹോഡ്ജ്സൺ ബുധനാഴ്ച ബി.സി. ലിബറൽ എംപിമാരെ അൽബെർട്ട പ്രീമിയർ ഡാനിയേൽ സ്മിത്തുമായി ഒപ്പുവെക്കുന്ന ധാരണാപത്രം എന്താണെന്ന് വിശദീകരിക്കാൻ ചർച്ചയ്ക്ക് വിളിച്ചിരുന്നു. ഈ കരാർ പൊതുവായി പുറത്തുവിടുന്നതിന് മുൻപേ തന്നെ ചില എംപിമാർ ഭയവും നിരാശയുമാണ് പ്രകടിപ്പിച്ചിരുന്നത്. ചില ബി.സി. എംപിമാർക്ക് പസഫിക് തീരത്തേക്ക് പുതിയ പൈപ്പ്ലൈൻ പണിയുന്നത് നല്ല ആശയമല്ല എന്നാണ് അഭിപ്രായം.എന്നാൽ പൈപ്പ്ലൈൻ ചർച്ചകളിലെ ആഭ്യന്തര സംഘർഷത്തെപ്പറ്റി ചോദിച്ചപ്പോൾ 'ഞാൻ വലിയ, ശക്തമായ ഒരു ടീമിന്റെ ഭാഗമാണ് എന്നും കാനഡഅൽബെർട്ട ധാരണ വളരെ വലുതാണ്. ഇത് പൈപ്പ്ലൈൻ മാത്രം അല്ലെന്നും യു.എസ്. വ്യാപാര ആക്രമണങ്ങൾക്ക് മുന്നിൽ കാനഡയെ കൂടുതൽ ശക്തനും സ്വതന്ത്രനും ആക്കുകയാണ് ലക്ഷ്യം' എന്നുമാണ് കാർണിയുടെ പ്രതികരണം

## 'ജനങ്ങളുടെ ശത്രു'; ന്യൂയോർക്ക് ടൈംസിനെ കടന്നാക്രമിച്ച് ട്രംപ്

വാഷിംഗ്ടൺ: തന്റെ ആരോഗ്യത്തെക്കുറിച്ചുള്ള അഭ്യൂഹങ്ങൾ സംബന്ധിച്ച് ന്യൂയോർക്ക് ടൈംസ് പ്രസിദ്ധീകരിച്ച വാർത്തയ്ക്കെതിരെ രൂക്ഷ പ്രതികരണവുമായി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. 'ജനങ്ങളുടെ ശത്രു': എന്നാണ് ലേഖനത്തെ ട്രംപ് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ ട്രൂത്ത് സോഷ്യലിൽ വിശേഷിപ്പിച്ചത്. ലേഖനം തയ്യാറാക്കിയ വനിതാ മാധ്യമപ്രവർത്തകയെ വൃത്തികെട്ടവൾ എന്നും വിശേഷിപ്പിച്ചു.

ട്രംപിന്റെ പ്രായത്തെയും വർദ്ധിച്ചു വരുന്ന ക്ഷീണത്തെയും സൂചിപ്പിച്ചുള്ള ന്യൂയോർക്ക് ടൈംസ് റിപ്പോർട്ടിനെതിരെ ബുധനാഴ്ച്ചയാണ് ട്രംപ് രോഷത്തോടെ പ്രതികരിച്ചത്. താൻ ഊർജ്ജസ്വലതയോടെയാണ് ജോലികൾ



ചെയ്യുന്നതെന്നു അദ്ദേഹം പറഞ്ഞു.

ട്രംപിന്റെ പ്രായത്തേയും രണ്ടാം ടേമിൽ പ്രസിഡന്റായി എത്തിയപ്പോൾ അദ്ദേഹത്തിന്റെ ആരോഗ്യപ്രതിസന്ധികളെക്കുറിച്ചുമുള്ള കാര്യങ്ങൾ ഉൾപ്പെടുത്തി ന്യൂയോർക്ക് ടൈംസ് പുറത്തിറക്കിയ റിപ്പോർട്ടിനെതിരേയാണ് ട്രംപ് അതിരൂക്ഷ വിമർശനം മുന്നോട്ടു വെച്ചത്.

'തന്റെ ജീവിതത്തിൽ ഒരിക്കലും ഇത്ര കഠിനാധ്വാനം ചെയ്തിട്ടില്ല. ഇതെല്ലാം ഉണ്ടായിരുന്നിട്ടും, ന്യൂയോർക്ക് ടൈംസിലെ ഭ്രാന്തൻമാർ തന്നെ ആക്രമിക്കുന്നു' 79 കാരനായ ട്രംപ് തന്റെ ട്രൂത്ത് സോഷ്യൽ പ്ലാറ്റ്ഫോമിൽ കുറിച്ചു. ട്രംപിന്റെ പോസ്റ്റിനോട് പ്രതികരിച്ച ടൈംസ് റിപ്പോർട്ടിംഗ് കൃത്യമാണെന്നും വസ്തുതകളുടെ അടിസ്ഥാനത്തിലുള്ളതാണെന്നും കൂട്ടിച്ചേർത്തു.

## ജി 20 ഉച്ചകോടി 2026; ദക്ഷിണാഫ്രിക്കയെ ക്ഷണിക്കില്ലെന്ന് ട്രംപ്

വാഷിംഗ്ടൺ : ഫ്ളോറിഡയിലെ മിയാമിയിൽ അടുത്ത വർഷം നടക്കുന്ന ഗ്രൂപ്പ് ഓഫ് 20 (ജി 20) ഇന്റർ ഗവൺമെന്റൽ ഫോറത്തിൽ പങ്കെടുക്കാൻ ദക്ഷിണാഫ്രിക്കയെ ക്ഷണിക്കില്ലെന്ന് അമേരിക്കൻപ്രസിഡന്റ്ഡൊണാൾഡ്ട്രംപ്. 'എന്റെനിർദ്ദേശപ്രകാരം,അടുത്തവർഷംഫ്ളോറിഡയിലെ ഗ്രേറ്റ് സിറ്റിയായ മിയാമിയിൽ നടക്കുന്ന 2026 ലെ ജി 20 യിലേക്ക് ദക്ഷിണാഫ്രിക്കയ്ക്ക് ക്ഷണം ലഭിക്കില്ല. എവിടെയും അംഗത്വത്തിന് അർഹതയുള്ള രാജ്യമല്ല തങ്ങളെന്ന് ദക്ഷിണാഫ്രിക്ക ലോകത്തിന് മുന്നിൽ തെളിയിച്ചു,' ട്രംപ് ട്രൂത്ത് സോഷ്യലിൽ എഴുതി.

വെളുത്ത വർഗക്കാരുടെ അവകാശങ്ങളോട് ദക്ഷിണാഫ്രിക്കഅവഗണനകാണിക്കുന്നുവെന്ന് ട്രംപ് ആരോപിച്ചു. ദക്ഷിണാഫ്രിക്കയിൽ യൂറോപ്യൻ വംശജരെ വ്യാപകമായി തിരഞ്ഞുപിടിച്ച് കൊല്ലുകയും അവരുടെ ഭൂമി തട്ടിയെടുക്കുകയുമാണെന്ന് ട്രംപ് ആരോപിച്ചു. മനുഷ്യാവകാശലംഘനങ്ങൾതുടരുന്നദക്ഷിണാഫ്രിക്കയിലേക്ക് യുഎസ് ഗവൺമെന്റ്പ്രതിനിധികളാരുംപോകില്ല.ഫ്രഞ്ച്,ഡച്ച്, ജർമൻ കുടിയേറ്റക്കാരെ കൊല്ലുകയാണ്. സ്ഥലവും കൃഷി ഭൂമിയുമെല്ലാം പിടിച്ചെടുക്കുകയാണെന്നും ട്രംപ് ആരോപിച്ചു.ജി20സമ്മേളനത്തിന്ദക്ഷിണാഫ്രിക്കവേദിയാകുന്നത്അപമാനമാണെന്നും താനോയുഎസിൽനിന്ന്ഗവൺമെന്റ്പ്രതിനിധികളോ പങ്കെടുക്കില്ലെന്നും ട്രംപ് സാമൂഹിക മാധ്യമമായ ട്രൂത്ത് സോഷ്യലിൽ വ്യക്തമാക്കി. നവംബർ 22, 23 തീയതികളിൽ ജൊഹാനസ്ബർഗിലാണ് ഈ വർഷത്തെ ജി20 സമ്മേളനം. 'ഐക്യം, സമത്വം, സുസ്ഥിരത' എന്നതാണ് ഇത്തവണത്തെ മുദ്രാവാക്യം. ലോകത്തെ ഏറ്റവും വലിയ 20 സാമ്പത്തികശക്തികളുടെ കൂട്ടായ്മയാണ് ജി20.

## അമേരിക്കൻ ദേശീയോദ്യാനങ്ങളിൽ പ്രവേശന ഫീസ് വർധിപ്പിച്ചു

വാഷിംഗ്ടൺ: അമേരിക്കൻ ദേശീയോദ്യാനങ്ങളിലേക്കുള്ള പ്രവേശന ഫീസ് യുഎസ് ആഭ്യന്തര വകുപ്പ് കുത്തനെ വർദ്ധിപ്പിച്ചു. സ്ഥിര താമസക്കാരല്ലാത്ത എല്ലാവർക്കുമുള്ള വാർഷിക പാസ് മൂന്നിരട്ടിയിലധികം വർദ്ധിപ്പിച്ചു.




കൂടാതെ, അമേരിക്കയിലെ ഏറ്റവും പ്രധാനപ്പെട്ട ദേശീയോദ്യാനങ്ങൾ സന്ദർശിക്കുന്നതിനുള്ള പ്രവേശന ഫീസിനു പുറമേ ഒരു സർചാർജ് ഏർപ്പെടുത്തിയിട്ടുണ്ട്.

ഡിപ്പാർട്ട്മെന്റ് ഓഫ് ദ ഇന്റീരിയർ പുതിയതായി പ്രഖ്യാപിച്ച 'അമേരിക്ക ഫസ്റ്റ്' എൻട്രൻസ് ഫീസിന്റെ ഭാഗമായാണ് നിരക്ക് വർധന. അമേരിക്കൻ പൗരന്മാർ അടക്കമുള്ള സ്ഥിരതാമസക്കാർക്ക് കൂടുതൽ സൗജന്യ ദിനങ്ങളും പുതിയ പാസുകളും പ്രഖ്യാപിച്ചിട്ടുണ്ട്.

ദേശീയ ഉദ്യാനങ്ങളുടെ പരിപാലനച്ചെലവ് നികത്തുന്നതിനായാണ് പ്രവേശന ഫീസ് വർധിപ്പിക്കുന്നതെന്ന് ആഭ്യന്തര വകുപ്പ് വിശദീകരിച്ചു. വിദേശ സന്ദർശകർക്കുള്ള വാർഷിക പാസ് 80 ഡോളറിൽ നിന്ന് 250 ഡോളറായി ഉയർത്തി. പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ചിത്രം ഉൾപ്പെടുത്തി വാർഷിക പാസ് പരിഷ്കരിക്കും.

പ്രവേശന ഫീസിനു പുറമേ, 11 ദേശീയ ഉദ്യാനങ്ങൾക്ക് 100 ഡോളർ സർചാർജ് ഏർപ്പെടുത്തിയിട്ടുണ്ട്. അമേരിക്ക ദി ബ്യൂട്ടിഫുൾ എന്ന പേരിൽ വാർഷിക പാസ് അവതരിപ്പിച്ചിട്ടുണ്ട്.

ഇത് ദേശീയ ഉദ്യാനങ്ങളിലേക്കും മറ്റ് സ്ഥലങ്ങളിലേക്കും പ്രവേശനം അനുവദിക്കും. അതേസമയം അമേരിക്കയിലെ സ്ഥിരതാമസക്കാരുടെ വാർഷിക പാസിൽ മാറ്റമില്ല. ഇത് 80 ഡോളറായി തുടരും.



# പി. എം ശ്രീ ഒതുങ്ങിയപ്പോൾ സർക്കാരിന് ലേബർ കോഡിന്റെ പ്രഹരം




തിരുവനന്തപുരം: വേണ്ടത്ര കൂടിയാലോചനയില്ലാതെ പി.എം ശ്രീ പദ്ധതിയിൽ ഒപ്പുവച്ചതിന്റെ വിവാദത്തിൽ നിന്ന് ഒരുവിധം കരകയറി വരുന്നതിന് പിന്നാലെ തൊഴിൽ വകുപ്പ് ലേബർ കോഡിന് കരട് ചട്ടം തയ്യാറാക്കിയത് അടുത്ത വിവാദത്തിന് തിരികൊളുത്തി. വിഷയം തണുപ്പിക്കാൻ തൊഴിൽ മന്ത്രി വി. ശിവൻകുട്ടി ഇന്ന് ട്രേഡ് യൂണിയനുകളുടെ ഓൺലൈൻ യോഗം വിളിച്ചിട്ടുണ്ട്.

ഇടതുമുന്നണിയോ തൊഴിലാളി സംഘടനകളോ അറിയാതെ 2021ലാണ് ലേബർ കോഡിന്റെ കരട് തയ്യാറാക്കിയത്. കേന്ദ്ര സർക്കാർ കൊണ്ടുവന്ന ലേബർ കോഡിനെതിരെ തൊഴിലാളി സംഘടനകൾ സമരം ചെയ്യുമ്പോഴാണ് അതിനുവേണ്ടിയുള്ള കരട് സംസ്ഥാനം തയ്യാറാക്കിയിരുന്നു എന്ന വിവരം പുറത്തുവന്നത്. ഇടതുമുന്നണിയിൽ പോലും ആലോചിക്കാതെ കരട് ചട്ടം തയ്യാറാക്കിയെന്നാണ് ആക്ഷേപം.

കരട് ചട്ടങ്ങൾ രഹസ്യമായി തയ്യാറാക്കുകയും ഇത്രനാളും അത് ചർച്ചയ്ക്ക് വരാതിരിക്കുകയും ചെയ്തതിൽ ഇടത് ട്രേഡ് യൂണിയനുകൾക്കടക്കം അമർഷമുണ്ട്. സംസ്ഥാന സർക്കാർ നിലപാടിന് വിരുദ്ധമായി പ്രവർത്തിച്ച ഉദ്യോഗസ്ഥർക്കെതിരെ കടുത്ത നടപടി വേണമെന്ന നിലപാടിലാണ് എ.ഐ.ടി.യു.സിയും ഐ.എൻ.ടി.യു.സിയും.

അതേസമയം, തൊഴിലാളികൾക്ക് അനുകൂലമായിരുന്ന 29 തൊഴിൽ നിയമങ്ങൾ അട്ടിമറിച്ച് സംരംഭകർക്കും മുതലാളിമാർക്കും അനുകൂലമായ രീതിയിൽ കേന്ദ്ര സർക്കാർ പുതിയ കോഡുകൾ ഉണ്ടാക്കിയതിൽ പ്രതിഷേധിച്ച് ബി.എം.എസ് ഒഴികെയുള്ള ട്രേഡ് യൂണിയനുകൾ സമരത്തിലാണ്. പണിമുടക്കും പ്രതിഷേധങ്ങളും ഉൾപ്പെടെയുള്ള അവകാശങ്ങൾ സ്ഥിരമായി തടയുകയാണ് ലക്ഷ്യമെന്ന് ആരോപിച്ചാണിത്.

## 'നടപ്പാക്കാൻ ഉദ്ദേശ്യമില്ലായിരുന്നു'

ട്രേഡ് യൂണിയനുകളുടെ അഭിപ്രായം കേട്ടശേഷമേ തുടർനടപടികളിലേക്ക് സർക്കാർ കടക്കൂവെന്ന് മന്ത്രി വി. ശിവൻകുട്ടി. കേന്ദ്ര നിർദ്ദേശപ്രകാരം ഉദ്യോഗസ്ഥ തലത്തിൽ കരട് തയ്യാറാക്കുക മാത്രമായിരുന്നു. ഇത് നടപ്പാക്കാൻ ഉദ്ദേശ്യമില്ലാതിരുന്നതിനാലാണ് തൊഴിലാളി സംഘടനകളുടെ യോഗം വിളിച്ച് ചർച്ച നടത്താതിരുന്നതെന്നും മന്ത്രി പറഞ്ഞു.

## യൂണിയനുകളുടെ യോഗം വിളിച്ച് സർക്കാർ

കേന്ദ്രസർക്കാർകൊണ്ടുവന്നലേബർ കോഡുകൾ ഏകപക്ഷീയമായി നടപ്പാക്കാൻ കേരളം തയ്യാറല്ലെന്നും യൂണിയനുകളുമായി ചർച്ച നടത്തുമെന്നും മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. കേന്ദ്ര കരട് വിജ്ഞാപനത്തിന്റെ പശ്ചാത്തലത്തിൽ,സംസ്ഥാനത്തെ കേന്ദ്ര ട്രേഡ് യൂണിയൻ പ്രതിനിധികളുടെ അടിയന്തരയോഗം ഇന്ന് വിളിച്ചിട്ടുണ്ട്. യൂണിയനുകളുടെ അഭിപ്രായം കേട്ടശേഷം തുടർനടപടികളിലേക്ക് കടക്കും. ഈ വിഷയത്തിൽ അടുത്തമാസം 19ന് തിരുവനന്തപുരത്ത് 'ദേശീയ ലേബർ കോൺക്ലേവ്' സംഘടിപ്പിക്കും. പ്രമുഖ ട്രേഡ് യൂണിയൻ നേതാക്കളെയും നിയമ വിദഗ്ദ്ധരെയും ഇതിൽ പങ്കെടുപ്പിക്കും. ബി.ജെ.പി ഇതര സംസ്ഥാനങ്ങളിലെ തൊഴിൽ മന്ത്രിമാരെയും ക്ഷണിക്കും. കേരളം ഒഴികെ ഇന്ത്യയിലെ ഭൂരിഭാഗം സംസ്ഥാനങ്ങളും ലേബർ കോഡുകൾ സംബന്ധിച്ച ചട്ടങ്ങൾ തയ്യാറാക്കി കേന്ദ്രത്തിന് നൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

## ലേബർ കോഡ്: സ്ത്രീകൾക്ക് തുല്യ വേതനവും സുരക്ഷയും

തിരുവനന്തപുരം:കേന്ദ്രംവിജ്ഞാപനം ചെയ്ത നാല് പുതിയ ലേബർ കോഡുകളിൽ വ്യാപക പ്രതിഷേധമുയരുന്നുണ്ടെങ്കിലും വനിതാ തൊഴിലാളികൾക്ക് ഗുണകരമെന്ന് സൂചന. മെച്ചപ്പെട്ട വേതനവും സാമൂഹിക സുരക്ഷയും ലിംഗ സമത്വവും വ്യവസ്ഥ ചെയ്യുന്നു. 29 തൊഴിൽ നിയമങ്ങളെ ഏകീകരിച്ചാണ് വേതന കോഡ്, വ്യവസായ ബന്ധ കോഡ്, സാമൂഹിക സുരക്ഷാ കോഡ്, തൊഴിലിട സുരക്ഷാ കോഡ് എന്നിവ നടപ്പാക്കുന്നത്. ഭർത്താവിന്റെ മാതാപിതാക്കളെ ആശ്രിതരായി ഉൾപ്പെടുത്താനും വ്യവസ്ഥ ചെയ്യുന്നു.

## പ്രയോജനങ്ങൾ

1. വേതന കോഡ് പ്രകാരം ഒരേ ജോലി ചെയ്യുന്നതിനോ, സമാന സ്വഭാവമുള്ള ജോലികൾ ചെയ്യുന്നതിനോ സ്ത്രീക്കും പുരുഷനും തുല്യ വേതനം നൽകണം.

2. സാമൂഹിക സുരക്ഷാ കോഡ് പ്രകാരം അസംഘടിത മേഖല, കരാർ തൊഴിലാളികൾ, ഗിഗ് പ്ലാറ്റ്ഫോം തൊഴിലാളികൾ എന്നിവരുൾപ്പെടെയുള്ള വനിതകൾക്ക് പ്രസവാവധിയും മറ്റു സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങളും ഉറപ്പാക്കുന്നു. 26 ആഴ്ചയുടെ പ്രസവാവധിക്കൊപ്പം ക്രഷ് സൗകര്യം, വർക്ക് ഫ്രം ഹോം സൗകര്യവും ഉറപ്പു നൽകുന്നു. പി.എഫ്., ഇ.എസ്.ഐ.സി. , ഇൻഷ്വറൻസ്, പെൻഷൻ എന്നിവയുടെ പരിധിയിലേക്ക് കൂടുതൽ പേർ വരും.


3. തൊഴിലിട സുരക്ഷ, ആരോഗ്യം, ജോലി സാഹചര്യം എന്നിവ സംബന്ധിച്ച കോഡ് പ്രകാരം സ്ത്രീകൾ രാത്രി ഷിഫ്റ്റുകളിൽ ജോലി ചെയ്യുന്നുണ്ടെങ്കിൽ സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പാക്കണം. അപകടകരമായ മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് 100 ശതമാനം ആരോഗ്യ സുരക്ഷ വ്യവസ്ഥ ചെയ്യുന്നു. ഒരു വർഷത്തെ ജോലിക്കുശേഷം നിശ്ചിത കാലയളവിലേക്ക് മാത്രം ജോലി ചെയ്യുന്ന ജീവനക്കാർക്കും ഗ്രാറ്റുവിറ്റി നിർബന്ധമായും ലഭിക്കും.

4. നിലവിൽ സ്ത്രീകൾക്ക് ലഭിക്ക് ലഭിക്കുന്നതിൽ കൂടുതൽ സാമൂഹ്യ സുരക്ഷാ, വേതന ആനുകൂല്യങ്ങൾ ഒന്നും തന്നെ ലേബർ കോഡിൽ പ്രതിപാദിക്കുന്നതില്ല. ജോലിഭാരം മൂലം ആത്മഹത്യ ചെയ്ത അന്ന തോമസിന്റെ അനുഭവമാണ് സ്ത്രീകൾക്കുണ്ടാകുക. ഭാരിച്ച ജോലി ഭാരവും സമയാധിഷ്ഠിതമല്ലാത്ത ജോലിയുമാണ് വനിതകളെ കാത്തിരിക്കുന്നത്.









## മുനമ്പം നിവാസികൾക്ക് ആശ്വാസം:
# വസ്തുനികുതി ഒടുക്കാൻ ഹൈക്കോടതി അനുമതി



കൊച്ചി: മുനമ്പത്തേത് വഖഫ് ഭൂമിയല്ലെന്ന വിധിയുടെ പശ്ചാത്തലത്തിൽ പ്രദേശവാസികളിൽനിന്ന് വസ്തുനികുതി പിരിക്കാൻ അനുമതി നൽകി ഹൈക്കോടതി. മുനമ്പത്ത് സമരരംഗത്തായിരുന്ന ഭൂസംരക്ഷണസമിതി നൽകിയ ഹർജിയിലാണ് ജസ്റ്റിസ് സി. ജയചന്ദ്രന്റെ ഇടക്കാല ഉത്തരവ്. കരം അടയ്ക്കൽ സുപ്രീംകോടതിയിലും ഹൈക്കോടതിയിലുമുള്ള ഹർജികളിലെ തീർപ്പിന് വിധേയമായിരിക്കുമെന്നും സിംഗിൾ ബെഞ്ച് വ്യക്തമാക്കി.

മുനമ്പത്തേത് വഖഫ് ഭൂമിയല്ലെന്ന് കഴിഞ്ഞ ഒക്ടോബർ 10നാണ് ഡിവിഷൻബെഞ്ച് ഉത്തരവിട്ടത്. ഇതേ തുടർന്ന് താമസക്കാരുടെ റവന്യൂ അവകാശങ്ങൾ പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ഭൂസംരക്ഷണസമിതി ഹർജി നൽകുകയായിരുന്നു. വസ്തുനികുതി കൈപ്പറ്റാൻ അധികൃതരോട് നിർദ്ദേശിക്കണമെന്നാവശ്യപ്പെട്ട് ഉപ ഹർജിയും നൽകി.

വസ്തുനികുതി സ്വീകരിക്കുന്നതിനെസർക്കാരും എതിർത്തില്ല. സ്റ്റേ നിലനിന്നിരുന്നതിനാൽ പ്രദേശവാസികളായ മത്സ്യത്തൊഴിലാളികളടക്കം ദുരിതത്തിലാണെന്ന് അഡ്വക്കേറ്റ് ജനറൽ ചൂണ്ടിക്കാട്ടി.

എന്നാൽ വഖഫ് സംരക്ഷണസമിതി ഹർജിയെ എതിർത്തു. ഡിവിഷൻബെഞ്ച് ഉത്തരവ് ചോദ്യംചെയ്ത് സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ടെന്ന് അവർ ചൂണ്ടിക്കാട്ടി. നികുതി സ്വീകരിക്കുന്നെങ്കിൽ അത് സുപ്രീം കോടതിയുടെ അന്തിമതീർപ്പിന് വിധേയമായിരിക്കണമെന്നും വാദിച്ചു. തുടർന്നാണ് സിംഗിൾബെഞ്ച് ഉപാധിയോടെ നികുതിപിരിക്കാൻ അനുമതി നൽകിയത്. ഇതു സംബന്ധിച്ച് എറണാകുളം ജില്ലാ കളക്ടർ, കൊച്ചി തഹസിൽദാർ, കുഴുപ്പിള്ളി വില്ലേജ് ഓഫീസർ എന്നിവർക്ക് നിർദ്ദേശം നൽകി. വിഷയം ഡിസംബർ 17ന് വീണ്ടും പരിഗണിക്കും.

### നേതാക്കൾ നികുതിയടച്ചു

ഹൈക്കോടതി വിധി അറിഞ്ഞഉടനെ മുനമ്പം ഭൂസംരക്ഷണസമിതി ചെയർമാൻ ജോസഫ് റോക്കി പാലക്കൽ, കൺവീനർ ജോസഫ് ബെന്നി കറുപ്പശേരി എന്നിവരുടെ നേതൃത്വത്തിൽ മുനമ്പം നിവാസികൾ കുഴുപ്പിള്ളി വില്ലേജ് ഓഫീസിലെത്തി കരംഅടച്ചു.

# പോറ്റിയെ കൊണ്ടുവന്നത് താനല്ലെന്ന് തന്ത്രി രാജീവര്





തിരുവനന്തപുരം: ഉണ്ണികൃഷ്ണൻ പോറ്റിയെ താനല്ല ശബരിമലയിൽ കൊണ്ടുവന്നതെന്ന് കണ്ഠരര് രാജീവര് മാദ്ധ്യമങ്ങളോട് വ്യക്തമാക്കി. ശബരിമലയിലെ സ്ഥാവര ജംഗമ വസ്തുക്കളുടെ ചുമതല ദേവസ്വം ബോർഡിനാണ്. അറ്റകുറ്റപ്പണികൾക്ക് അനുമതി നൽകുക മാത്രമാണ് തന്ത്രിയുടെ ഉത്തരവാദിത്വം. ദൈവതുല്യരായിട്ടുള്ള എത്ര പേരുണ്ട്. അതൊക്കെ എങ്ങനെ തനിക്കറിയാമെന്നും അനുജ്ഞ കൊടുക്കുക എന്ന ഒറ്റ ഉത്തരവാദിത്തമേ തനിക്കുള്ളൂവെന്നും തന്ത്രി വ്യക്തമാക്കി. തന്ത്രിമാരുമായുള്ള സൗഹൃദമുപയോഗിച്ചാണ് അന്യസംസ്ഥാനങ്ങളിലെ സമ്പന്നന്മാരുമായി താൻ ബന്ധം സ്ഥാപിച്ചതെന്നും നിരവധിയിടങ്ങളിൽ തന്ത്രിയെ പൂജയ്ക്കായി കൊണ്ടുപോയിട്ടുണ്ടെന്നും നേരത്തേ ഉണ്ണികൃഷ്ണൻ പോറ്റി എസ്.ഐ.ടിക്ക് മൊഴി നൽകിയിരുന്നു.

സ്വർണപ്പാളികൾ ഉണ്ണികൃഷ്ണൻ പോറ്റിയെ ഏൽപ്പിക്കാനുള്ള തീരുമാനമെടുത്തത് ബോർഡിലെ ഉന്നതതരാണെന്ന് പ്രതിയായ മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എസ്.ശ്രീകുമാർ എസ്.ഐ.ടിക്ക് മൊഴി നൽകി. ദ്വാരപാലക ശില്പങ്ങൾ അഴിച്ചുകൊണ്ടുപോയപ്പോഴും തിരിച്ചുകൊണ്ടുവന്നപ്പോഴും ശ്രീകുമാർ ആയിരുന്നു അഡ്മിനിസ്ട്രേറ്റീവ് ഓഫിസർ. തനിക്കു മുൻപ് ചുമതല ഉണ്ടായിരുന്ന മുരാരി ബാബുവാണ് എല്ലാ കാര്യങ്ങളും ചെയ്തത്. മഹസർ തയ്യാറാക്കിയത് ദേവസ്വം കമ്മിഷണർ, തിരുവാഭരണം കമ്മിഷണർ, എക്സിക്യൂട്ടീവ് ഓഫിസർ എന്നിവരുടെ നിർദേശ പ്രകാരമാണെന്നും മൊഴിയിലുണ്ട്. മഹസറിൽ സാക്ഷിയായാണ്താൻ ഒപ്പിട്ടതെന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു.

### പത്മകുമാറിനെ വിലങ്ങ് വയ്ക്കരുതെന്ന് നിർദ്ദേശം

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ള കേസിൽ പ്രതിയായ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് എ.പത്മകുമാറിനെ കോടതിയിൽ ഹാജരാക്കുമ്പോൾ വിലങ്ങ് അണിയിക്കരുതെന്ന് പൊലീസിന് എസ്.ഐ.ടിയുടെ നിർദേശം. മുൻ എം.എൽ.എകൂടിയാണ് പത്മകുമാർ. ബോർഡ് മുൻ പ്രസിഡന്റും കമ്മിഷണറുമായ എൻ.വാസുവിനെ വിലങ്ങണിയിച്ച് കോടതിയിൽ ഹാജരാക്കിയത് വിവാദമായ പശ്ചാത്തലത്തിലാണ് അന്വേഷണ സംഘം ഈ നിർദ്ദേശം നൽകിയത്. പൂജപ്പുര ജയിലിൽ നിന്ന് കൊല്ലത്തെ കോടതിയിലേക്ക് എ.ആർ ക്യാമ്പിലെ പോലീസുകാരാണ് പത്മകുമാറിനെ കൊണ്ടുപോയത്. ഇവർക്കാണ് വിലങ്ങു വയ്ക്കരുതെന്ന നിർദ്ദേശം ഉന്നതർ നൽകിയത്. വാസുവിനെ വിലങ്ങു വച്ചത് നിയമവിരുദ്ധമാണെന്ന് സ്പെഷൽ ബ്രാഞ്ച് റിപ്പോർട്ട് നൽകിയിരുന്നു. വിലങ്ങുവച്ച് വാസുവിനെ കോടതിയിൽ ഹാജരാക്കിയത് സുരക്ഷ ഉറപ്പാക്കാനായിരുന്നെന്നാണ് പൊലീസിന്റെ വിശദീകരണം. പ്രതി രക്ഷപെടാതെകടുത്തകരുതലോടെകൊണ്ടുപോകണമെന്നായിരുന്നു ജയിൽ അധികൃതരുടെ നിർദ്ദേശം. ഇതുപ്രകാരം ഒരുകൈയിൽ പ്രതിയുടെ അനുമതിയോടെയാണ് വിലങ്ങ് വച്ചത്. കോടതിയിൽ നിന്നു കസ്റ്റഡിയിൽ വാങ്ങി മടങ്ങുമ്പോഴും കൈവിലങ്ങ് ധരിപ്പിച്ചു. എസ്.ഐ.ടി ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലായിരുന്നു ഇതെന്നും ബോധപൂർവ്വം ചെയ്തതല്ലെന്നുമാണ് എ.ആർ ക്യാമ്പിലെ പോലീസുകാരുടെ വിശദീകരണം. പ്രതിയുടെ പ്രായം, ഏതൊക്കെ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടവരെയാണ് കൈവിലങ്ങ് വയ്ക്കേണ്ടത് തുടങ്ങിയവയൊന്നും പരിഗണിച്ചില്ലെന്നാണ് കണ്ടെത്തൽ.









# തിരഞ്ഞെടുപ്പ് ചിത്രം തെളിഞ്ഞു: സ്ഥാനാർത്ഥികൾ 75,632



തിരുവനന്തപുരം: നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയം കഴിഞ്ഞതോടെ തദ്ദേശ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് മാറ്റുരയ്ക്കുന്നത് 75,632 പേർ. 56 പാർട്ടികളാണ് മത്സരിക്കുന്നത്. പാർട്ടി ചിഹ്നത്തിൽ കൂടുതൽ പേർ മത്സരിക്കുന്നത് ബി.ജെ.പിയിൽ നിന്നാണ്.

19,262 പേരാണ് താമര ചിഹ്നത്തിൽ മത്സരിക്കുന്നത്. കോൺഗ്രസിന്റെ കൈപ്പത്തി ചിഹ്നത്തിൽ 17,497 പേരും സി.പി.എമ്മിന്റെ അരിവാൾ ചുറ്റിക നക്ഷത്രത്തിൽ 14,802പേരും ജനവിധി തേടുന്നുണ്ട്.

സി.പി.ഐയുടെ അരിവാളും നെൽക്കതിരിൽ 2,958 പേരും, മുസ്ളിംലീഗിന്റെ ഏണി ചിഹ്നത്തിൽ 3,639 പേരും മത്സരിക്കുന്നു. 23,576 സീറ്റുകളിലാണ് എൽ.ഡി.എഫും യു.ഡി.എഫും മത്സരിക്കുന്നത്. എൻ.ഡി.എ 21,065 ഇടങ്ങളിലും രംഗത്തുണ്ട്. 68,397 പേർ മുന്നണി സ്ഥാനാർത്ഥികളാണ്. സ്വതന്ത്രർ 6,155, മറ്റുപാർട്ടി സ്ഥാനാർത്ഥികൾ1260.

## വിവിധ മുന്നണി സ്ഥാനാർത്ഥികൾ

**എൽ.ഡി.എഫ്(ആകെ 23,576):** സി.പി.എം - 14,802, സി.പി.ഐ - 2,958, കേരള കോൺഗ്രസ് (എം) - 949, ജെ.ഡി.എസ് - 143, എൻ.സി.പി - 138, കോൺഗ്രസ് എസ് - 30, ഐ.എൻ.എൽ - 86, കേരള കോൺഗ്രസ് (ബി) - 64, രാഷ്ട്രീയ ജനതാദൾ - 262, ജനാധിപത്യ കേരള കോൺഗ്രസ് - 43, കേരളകോൺഗ്രസ് സ്കറിയ - 28, കെ.ആർ.എസ്.പി - 4, ഇടതു സ്വതന്ത്രർ - 4,069.

**യു.ഡി.എഫ്: കോൺഗ്രസ് (ആകെ 23,576)** - 17,497, മുസ്ളീം ലീഗ് - 3,639, കേരളകോൺഗ്രസ് - 684, ആർ.എസ്.പി - 226, കേരള കോൺഗ്രസ് ജേക്കബ് - 74, സി.എം.പി - 79, ആർ.എം.പി - 59, കെ.ഡി.പി - 24, എൽ.ജെ.പി - 11, ഫോർവേഡ് ബ്ളോക്ക് - 8, ജെ.ഡി.യു - 3, കോൺഗ്രസ് സ്വതന്ത്രർ - 1272

**എൻ.ഡി.എ (ആകെ 21,065):** ബി.ജെ.പി - 19,262, ബി.ഡി.ജെ.എസ് - 227, ശിവസേന - 10, മറ്റുള്ളവർ - 750, ബി.ജെ.പി സ്വതന്ത്രർ - 816

**മറ്റുപാർട്ടികൾ:** എസ്.ഡി.പി.ഐ - 1493, വെൽഫയർ പാർട്ടി - 218, പി.ഡി.പി - 102, ആംആദ്മി പാർട്ടി - 380, ട്വന്റിട്വന്റി പാർട്ടി - 717, ബി.എസ്.പി - 112, മറ്റ് ചെറുകിട പാർട്ടികൾ - 194

# ആശുപത്രികൾക്ക് നിർദ്ദേശങ്ങളുമായി ഹൈക്കോടതി







കൊച്ചി: അത്യാസന്ന നിലയിൽ എത്തുന്നരുടെ ജീവൻ രക്ഷിക്കാനാവശ്യമായ അടിയന്തര ചികിത്സ നൽകുന്നതിൽ ഒരാശുപത്രിയും വീഴ്ച വരുത്താൻ പാടില്ലെന്ന് ഹൈക്കോടതി ഉത്തരവിട്ടു. പണം മുൻകൂർ ലഭിച്ചില്ലെന്ന് സ്വാകാര്യ ആശുപത്രികളും നിഷ്കർഷിക്കരുത്. രേഖകൾ കൈവശമില്ലെന്ന കാരണത്താലും ചികിത്സ നിഷേധിക്കരുത്. കൂടുതൽ സൗകര്യങ്ങളുള്ള ആശുപത്രിയിലേക്ക് ഇവരെ മാറ്റുമ്പോൾ സുരക്ഷിതമായ യാത്ര ഉറപ്പാക്കണമെന്നും ജസ്റ്റിസുമാരായ സുശ്രുത് അരവിന്ദ് ധർമ്മാധികാരിയും വി.എം. ശ്യാംകുമാറും ഉൾപ്പെട്ട ഡിവിഷൻബെഞ്ച് വ്യക്തമാക്കി.

2018ലെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമവും ചട്ടങ്ങളും ശരിവച്ച സിംഗിൾബെഞ്ച് ഈ ഉത്തരവ് ചോദ്യംചെയ്യുന്ന അപ്പീലുകൾ തള്ളിക്കൊണ്ടാണ് ഈ സുപ്രധാന വിധി പ്രസ്താവിച്ചത്. കേരള പ്രൈവറ്റ് ഹോസ്പിറ്റൽസ് അസോസിയേഷനും ഐ.എം.എ കേരള ഘടകവുമടക്കമാണ് അപ്പീലുകൾ നൽകിയിരുന്നത്.

സംസ്ഥാന സർക്കാർ കൊണ്ടുവന്ന നിയമം ഭരണഘടനയ്ക്ക് അനുസൃതമാണെന്നും രാജ്യാന്തര നിലവാരത്തിന് അനുയോജ്യമാണെന്നും കോടതി നിരീക്ഷിച്ചു. സർക്കാർ, സ്വകാര്യ മേഖലകളിലെ എല്ലാ ആശുപത്രികൾക്കും ഉത്തരവ് ബാധകമാണ്.

ആശുപത്രികളിലും ബന്ധപ്പെട്ട വെബ്സൈറ്റുകളിലും ചികിത്സാഫീസും പക്കേജുകളുടെ തുകയും രോഗികളുടെ അവകാശങ്ങളുടെ വിവരങ്ങളും പ്രദർശിപ്പിക്കണമെന്ന് കോടതി നിർദ്ദേശിച്ചു. മലയാളത്തിലും ഇംഗ്ലീഷിലും അറിയിപ്പുകൾ നൽകണം. എല്ലാ ആശുപത്രികളിലെയും ജീവനക്കാരുടെ സമഗ്ര വിവരങ്ങൾ രജിസ്ട്രേഷൻ അതോറിട്ടിക്ക് സമർപ്പിക്കണം.

ചികിത്സാന്യൂനതസംബന്ധിച്ചപരാതികൾ ഉപഭോക്തൃകോടതിയിലും തട്ടിപ്പ്, വഞ്ചനാപരാതികൾ പൊലീസിലും സമർപ്പിക്കാം. ഗുരുതരസ്വഭാവമുള്ള പരാതികൾ രോഗികൾക്ക് ചീഫ് സെക്രട്ടറിക്കോ സംസ്ഥാന പൊലീസ് മേധാവിക്കോ നേരിട്ട് നൽകാമെന്നും കോടതി വ്യക്തമാക്കി. എല്ലാ സ്ഥാപനങ്ങളും നിർദ്ദേശങ്ങൾ പാലിക്കുമെന്ന ഉറപ്പ് ജില്ല രജിസ്ട്രേഷൻ അതോറിട്ടിക്ക് 30 ദിവസത്തിനകം രേഖാമൂലം നൽകണം. അതോറിട്ടി 60 ദിവസത്തിനകം പരിശോധന നടത്തി വീഴ്ച വരുത്തുന്നവർക്കെതിരേ നടപടിയെടുക്കണമെന്നും കോടതി വ്യക്തമാക്കി.

## മറ്റു മാർഗനിർദ്ദേശങ്ങൾ

1. ലഭ്യമായ സേവനങ്ങളും ഫീസ് വിവരങ്ങളും ആശുപത്രിയിലും വെബ്സൈറ്റിലും നൽകണം. ബ്രോഷറുകളും ഇറക്കണം

2. കിടക്കകൾ, ഐ.സി.യു, ആംബുലൻസ് തുടങ്ങിയ വിവരങ്ങളും ഫോൺ നമ്പറുകളും പ്രദർശിപ്പിക്കണം

3. ബില്ലുകൾ, സ്കാനിംഗ് തുടങ്ങിയ പരിശോധനാറിപ്പോർട്ടുകൾ എന്നിവയെല്ലാം ഡിസ്ചാർജ് സമയത്ത് കൈമാറണം

4. പരാതി നൽകേണ്ട ഉദ്യോഗസ്ഥന്റെ പേര്, ഫോൺനമ്പർ, ഇമെയിൽ, ഡി.എം.ഒ ഹെൽപ് ലൈൻ നമ്പറുകൾ പ്രദർശിപ്പിക്കണം

## പരാതി പരിഹാരം നിർബന്ധം

പരാതി പരിഹാര സംവിധാനം എല്ലാ ആശുപത്രികളിലും നിർബന്ധമാണ്. പരാതിക്ക് രസീത് നൽകുകയും ഏഴുദിവസത്തിനകം തീർപ്പാക്കുകയുംവേണം. പ്രതിമാസ റിപ്പോർട്ട് ഡി.എം.ഒയ്ക്ക് സമർപ്പിക്കണം. തീർപ്പാകാത്ത പരാതികൾ ജില്ല രജിസ്ട്രേഷൻ അതോറിട്ടിയുടെ (ഹെൽത്ത്) തീർപ്പിന് വിടണം. നിർദ്ദേശങ്ങൾ പാലിച്ചില്ലെങ്കിൽ ആശുപത്രികളുടെ രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാം. പരാതിക്കാർക്ക് സിവിലായും ക്രിമിനലായും പരിഹാരംതേടാം.









# ഫൈനലിന്റെ ആവേശം; വോട്ടിനു സെമിഫൈനൽ

1967 ൽ വെള്ളിത്തിരയിലെത്തിയ 'സ്ഥാനാർത്ഥി സാറാമ്മ'യുടെ റീമേക്ക് തദ്ദേശ തെരഞ്ഞെടുപ്പു കാലമായതോടെ കേരളത്തിലെ പഞ്ചായത്തുകളിൽ അരങ്ങേറുന്നു. 'തോട്ടുംകരയിൽ വിമാനമിറങ്ങാൻ താവളമുണ്ടാക്കാ'മെന്നതുൾപ്പെടെയുള്ള വാഗ്ദാനങ്ങളുമായി അടൂർ ഭാസി പാടി അഭിനയിച്ച 'കുരുവിപ്പെട്ടി നമ്മുടെ പെട്ടി' വഴി തിരഞ്ഞെടുപ്പ് ഗോദയിലെ പാട്ടിന്റെ സ്വാധീനം കെ.എസ്.സേതുമാധവനാണ് സ്ഥാനാർത്ഥി സാറാമ്മയിലൂടെ ആദ്യമായി മലയാളികളെ പഠിപ്പിച്ചത്. ആ വരികളുടെ ഏകദേശ അനുകരണവുമായിത്തന്നെ ഇപ്പോഴും സ്ഥാനാർത്ഥികൾ വോട്ടു തേടുന്നു. സ്വന്തം സ്ഥാനാർത്ഥിയെ പുകഴ്ത്താനും എതിരാളികളെ ഇകഴ്ത്താനും പാരഡിപ്പാട്ട് വജ്രായുധമാക്കുന്നു അവർ.

അരവർഷം മാത്രമകലെയെത്തിക്കഴിഞ്ഞ നിയമസഭാതെരഞ്ഞെടുപ്പിനുകളമൊരുക്കാൻ ലഭിച്ച സുവർണാവസരം എന്ന നിലയിലാണു മുന്നണികൾ രംഗത്തിറങ്ങിയിട്ടുള്ളത്. നിയമസഭാ തെരഞ്ഞെടുപ്പിനെ ഫൈനലും ഇപ്പോഴത്തെ വോട്ടെടുപ്പിനെ സെമിഫൈനലുമായാണ് മാധ്യമങ്ങൾ കാണുന്നത്. അതേ സമയം, ഫൈനലിന്റെ ആവേശത്തിലേക്കെത്തുകയാണ് സെമിഫൈനൽ എന്ന നിരീക്ഷണവുമുണ്ട്. തദ്ദേശതെരഞ്ഞെടുപ്പുകളിൽ പൊതുവേ എൽ.ഡി.എഫിനു മേൽക്കൈ പതിവാണ്. എന്നാൽ, തദ്ദേശതെരഞ്ഞെടുപ്പിലെ തകർപ്പൻ മുന്നേറ്റത്തിനുശേഷം നടന്ന നിയമസഭാ തെരഞ്ഞെടുപ്പുകളിലടക്കം എൽ.ഡി.എഫിനു തിരിച്ചടിയുണ്ടായ സന്ദർഭങ്ങളുമുണ്ട്. വ്യക്തിബന്ധങ്ങൾക്കും സൗഹൃദങ്ങൾക്കും തദ്ദേശ തെരഞ്ഞെടുപ്പിൽ വലിയ സ്വാധീനമുണ്ടാകും. ഓരോ സ്ഥാനാർഥിക്കും വോട്ടർമാരേയും അവർക്കു തിരിച്ചും പരസ്പരം വ്യക്തിപരമായി അറിയാമെന്നതാണ് തദ്ദേശ തെരഞ്ഞെടുപ്പുകളുടെ ഏറ്റവും വലിയ പ്രത്യേകത.

ആത്മവിശ്വാസവും പ്രാദേശിക തലങ്ങളിലെ സ്വാധീനവും നിലനിർത്താൻ മുന്നണികൾക്കു തദ്ദേശ തെരഞ്ഞെടുപ്പ് വിജയം കൂടിയേ തീരൂ. രാഷ്ട്രീയച്ചായ്‌വുകൾക്ക് ഉപരിയായുള്ള വോട്ടിങ് ആണ് പലപ്പോഴും തദ്ദേശ തെരഞ്ഞെടുപ്പുകളിലേത്. പാർട്ടികളുടെ കണക്കുകൂട്ടലുകൾ തെറ്റിക്കുന്ന നീക്കമായി ഇതു മാറുന്നു. ദേശീയ, സംസ്ഥാന രാഷ്ട്രീയ വിഷയങ്ങളും വിവാദങ്ങളും ചർച്ചയാകുന്നുണ്ടെങ്കിലും പ്രാദേശിക വിഷയങ്ങൾക്കുതന്നെയാകും വോട്ടർമാർ മുന്തിയ പരിഗണന നൽകുക. കഴിഞ്ഞ 10 വർഷത്തെ പിണറായി ഭരണത്തെ നിശിതമായി വിമർശിച്ച് യു.ഡി.എഫിന്റെ ചടുല പ്രചാരണം കൊഴുക്കുന്നു. കേന്ദ്ര സർക്കാരിന്റെ നേട്ടങ്ങൾ എണ്ണിപ്പറയുന്നു ബി.ജെ.പി. തിരുവനന്തപുരത്ത് അടക്കം വലിയ മേൽക്കൈ പ്രതീക്ഷിക്കുന്നു അവർ. ശബരിമല സ്വർണ്ണക്കൊള്ള പ്രതിപക്ഷം ആളിക്കത്തിക്കുമ്പോൾ വികസന നേട്ടങ്ങളും ക്ഷേമ പ്രഖ്യാപനങ്ങളും ഗുണം ചെയ്യുമെന്ന ആത്മവിശ്വാസത്തിലാണ് എൽഡിഎഫ്.




ആവേശം ഉച്ചസ്ഥായിയിലെത്തുന്നതിനിടെ പാർട്ടികൾക്ക് തലവേദനയായിരിക്കുകയാണ് വിമത സ്ഥാനാർത്ഥികൾ. തിരുവനന്തപുരം, എറണാകുളം ജില്ലകളിലാണ് കൂടുതൽ വിമത ശല്യം. പ്രചാരണം കൊഴുപ്പിക്കുന്ന മുന്നണികൾക്ക് തലവേദനയായി വിമത സ്ഥാനാർഥികൾ രംഗത്തുണ്ട്. തിരുവനന്തപുരം കോർപ്പറേഷനിൽ എൽ.ഡി.എഫിനും യു.ഡി.എഫിനും അഞ്ചിടങ്ങളിലാണ് വിമതർ ഉള്ളത്. കൊച്ചി കോർപ്പറേഷനിൽ പത്തിലേറെ വാർഡിൽ യു.ഡി.എഫിനും വിമത ഭീഷണിയുണ്ട്. തൃശൂരിൽ കോൺഗ്രസിനും സി.പി.എമ്മിനും സി.പി.ഐക്കും വിമതരുണ്ട്. പാലക്കാട് പിരിയാരി പഞ്ചായത്തിൽ അഞ്ചിടങ്ങളിൽ യു.ഡി.എഫിന് വെല്ലുവിളിയായി വിമതർ മത്സരിക്കും. പിൻവാങ്ങാത്ത വിമതരെ പുറത്താക്കുമെന്നാണ് കോൺഗ്രസ് പ്രഖ്യാപനം.

തദ്ദേശ തെരഞ്ഞെടുപ്പുകളിൽ ഇത്രയേറെ ആവേശത്തോടെ സ്ഥാനാർത്ഥിത്വത്തിനു വേണ്ടിയുള്ള പോരാട്ടത്തിനു പിന്നിലെന്തെന്ന ചോദ്യം ജനങ്ങൾ പരസ്പരം ചോദിക്കുന്നു. അത്രയേറെ സാമ്പത്തിക സ്രോതസുകൾ തുറന്നുകിടക്കുന്നുവോ പഞ്ചായത്തിലും നഗരസഭയിലും കോർപ്പറേഷനിലുമെന്ന സംശയമാണുയരുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്കും പ്രസിഡന്റുമാർക്കും കഴിഞ്ഞ പത്തു വർഷത്തിനിടയിൽ പ്രതിഫലം വർദ്ധിച്ചത് ഇരട്ടിയിലേറെയായിരുന്നെങ്കിലും അതൊന്നും അത്ര വലിയ തുകയല്ലെന്ന വസ്തുത നിലനിൽക്കുന്നുമുണ്ട്.

**ഓണറേറിയം കൂട്ടി...**

കേരളത്തിൽ ഏറ്റവും കൂടുതൽ പ്രതിഫലം ഓണറേറിയമായി കിട്ടുന്ന പ്രാദേശിക ജനപ്രതിനിധിയാണ് കോർപ്പറേഷൻ മേയർ. 15,800 രൂപ പ്രതിമാസം ഓണറേറിയം. 2016 ഓഗസ്റ്റിനു മുമ്പ് ഇത് 7,900 രൂപയായിരുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനും മേയർക്ക് ലഭിക്കുന്ന അതേ ഓണറേറിയമാണ്. കോർപ്പറേഷനിലെ ഡെപ്യൂട്ടി മേയർക്ക് 13,200 രൂപ പ്രതിമാസ ഓണറേറിയം കിട്ടും. 2016 ഓഗസ്റ്റിനു മുമ്പ് ഇത് 6,600 രൂപയായിരുന്നു. കോർപ്പറേഷൻ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർക്ക് മുമ്പ് 4,700 രൂപയായിരുന്നത് ഇപ്പോൾ 9,400 രൂപയായി. കോർപ്പറേഷൻ കൗൺസിലർമാർക്ക് 8,200 രൂപയാണ് ഓണറേറിയം. 2016 ഓഗസ്റ്റിനു മുമ്പ് ഇത് വെറും 4,100 രൂപയായിരുന്നു.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റിന് ഡെപ്യൂട്ടി മേയറുടേതിന് തുല്യമായ ഓണറേറിയം ലഭിക്കും. മാസം 13,200 രൂപ. ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർക്ക് കോർപ്പറേഷനിലേതിന് തുല്യമായി 9,400 രൂപയാണ് ഓണറേറിയം. ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്ക് 8,800 രൂപ പ്രതിമാസ ഓണറേറിയം. കോർപ്പറേഷൻ കൗൺസിലർമാരേക്കാൾ 600 രൂപ കൂടുതൽ.

നഗരസഭകളിൽ ചെയർമാൻമാർക്ക് 146,00 രൂപയാണ് ഓണറേറിയം. 7,300 രൂപയായിരുന്നത് 2016 ൽ ഇരട്ടിയാക്കി. വൈസ് ചെയർമാന്റെ ഓണറേറിയം 6,000 രൂപയായിരുന്നത് ഇപ്പോൾ 12,000 രൂപയായി. സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർക്ക് 8,800 രൂപയും നഗരസഭാ കൗൺസിലർമാർക്ക് 7,600 രൂപയും ലഭിക്കും.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്ക് 14,600 രൂപയാണ് പ്രതിമാസ ഓണറേറിയം. 7,300 രൂപയായിരുന്ന ഓണറേറിയം 2016 ലാണ് വർദ്ധിപ്പിച്ചത്. ബ്ലോക്ക് വൈസ് പ്രസിഡന്റിന് 12,000 രൂപയും സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർക്ക് 8,800 രൂപയും പ്രതിമാസ ഓണറേറിയം ലഭിക്കും. ത്രിതല സംവിധാനത്തിലെ ഏറ്റവും താഴെയുള്ള ഘടകമായ ഗ്രാമപഞ്ചായത്തിൽ പ്രസിഡന്റിന് 13,200 രൂപയും വൈസ് പ്രസിഡന്റിന് 10,600 രൂപയും പ്രതിമാസ ഓണറേറിയം കിട്ടും. സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർക്ക് 8,200 രൂപയും മെമ്പർമാർക്ക് 7,000 രൂപയുമാണ് ഓണറേറിയം. 2016 ഓഗസ്റ്റ് 10 നാണ് പ്രാദേശിക ജന പ്രതിനിധികളുടെ പ്രതിഫലം അവസാനമായി പരിഷ്കരിച്ചത്.

അഞ്ചു വർഷവും വാർഡിൽ ഉടനീളം ഓടിയെത്തേണ്ട പ്രാദേശിക ജനപ്രതിനിധിക്ക് ഓണറേറിയത്തിനു പുറമേ കിട്ടുക സിറ്റിങ് ഫീയാണ്. എത്ര തവണ പഞ്ചായത്ത് ഭരണസമിതിയോ മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലോ യോഗം ചേരുന്നു എന്നതിനെ ആശ്രയിച്ച് ഓരോ മാസവും ഈ വരുമാനം വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. ഏഴു വർഷം മുമ്പു വരെ മേയർ, ഡെപ്യൂട്ടി മേയർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മുൻസിപ്പൽ ചെയർമാൻ, വൈസ് ചെയർമാൻ, ബ്ലോക്ക്പഞ്ചായത്ത് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ എന്നിവർക്ക് 75 രൂപയായിരുന്നു സിറ്റിങ് ഫീ. സാധാരണ മെമ്പർമാർക്ക് യോഗം ഒന്നിന് 60 രൂപയും.

2018 ജനുവരിയിൽ സർക്കാർ ഈ സിറ്റിങ് ഫീ പരിഷ്കരിച്ചു. സാധാരണ മെമ്പർമാർക്ക് ഓരോ യോഗത്തിനും 200 രൂപയാണ് പുതുക്കിയ സിറ്റിങ് ഫീസ്. അതായത് മാസത്തിൽ അഞ്ചു തവണ പഞ്ചായത്ത് നഗരസഭാ യോഗം ചേർന്നാൽ ഓണറേറിയത്തിനു പുറമേ 1,000 രൂപ മെമ്പർമാർക്ക് സിറ്റിങ് ഫീ കൂടി ലഭിക്കും. കോർപ്പറേഷൻ മേയർ, ഡെപ്യൂട്ടി മേയർ, നഗരസഭാ ചെയർമാൻ, വൈസ് ചെയർമാൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ഗ്രാമ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ എന്നിവർക്ക് സിറ്റിങ് ഫീസ് 250 രൂപയാണ്. മാസം അഞ്ച് തവണ യോഗം ചേർന്നാൽ പ്രസിഡന്റിനും മേയർക്കും ചെയർമാനുമൊക്കെ ഓണറേറിയത്തിനു പുറമേ 1,250 രൂപ കൂടി പ്രതിഫലം കിട്ടും.


ബാബു കദളിക്കാട്

**പാതിരാവോളം**

ഈ തുക തങ്ങൾ നടത്തുന്ന ജനസേവനത്തിന് തികയാത്തതു കൊണ്ട് പലരും മറ്റു തൊഴിലുകളെടുത്താണ് ജീവിക്കുന്നത്. അതേ സമയം സ്വകാര്യ സ്കൂളുകളിൽ നിന്നും മറ്റും അവധിയെടുത്ത് മെമ്പറും പ്രസിഡന്റുമൊക്കെ ആകാനെത്തുന്ന ജനപ്രതിനിധികളും സംസ്ഥാനത്ത് നിരവധിയുണ്ട്. പെൻഷൻകാരും മറ്റ് ജോലികൾ ചെയ്യുന്നവരുമാണ് മെമ്പർമാരായി എത്തുന്നവരിൽ കൂടുതൽ പേരും. കുടുംബശ്രീ പ്രവർത്തകർക്ക് പ്രാദേശിക ജനപ്രതിനിധികളാകുന്നതിന് തടസ്സമില്ലെങ്കിലും സർക്കാർ ജീവനക്കാർക്കും സർക്കാർ സ്ഥാപനങ്ങളിലേയും ബോർഡുകളിലേയും കോർപ്പറേഷനുകളിലേയും കരാർ തൊഴിലാളികൾക്കും ജനപ്രതിനിധികളാകാൻ നിയമപരമായ വിലക്കുണ്ട്.

മന്ത്രിമാർക്കും എംപിമാർക്കും എംഎൽഎമാർക്കുമൊക്കെ കൃത്യമായ ഇടവേളകളിൽ ഓണറേറിയം കൂട്ടി നൽകുന്നു. അവർക്ക് വേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കി നൽകുന്നുമുണ്ട്. അത്രയൊന്നുമില്ലെങ്കിലും താഴെത്തട്ടിൽ ജനസേവനം നടത്തുന്നവർക്ക് ജീവിക്കാനുള്ള പ്രതിഫലം എങ്കിലും നൽകണമെന്നാണ് പ്രാദേശിക ജനപ്രതിനിധികളുടെ അഭിപ്രായം.

പ്രാദേശികതലങ്ങളിലെ ജനപ്രതിനിധികൾ ഏറെ ജനകീയരായത് കൊണ്ട് തന്നെ വാർഡിലെ ഓരോ വീടുകളിലും നടക്കുന്ന വിവാഹം, പാലുകാച്ചൽ പോലുള്ള ചടങ്ങുകൾക്ക് ക്ഷണമുണ്ടാകും. ഇതിനെല്ലാം പോകേണ്ടിയും വരും. ഇവർക്ക് നാമമാത്രമായെങ്കിലും ഒരു സമ്മാനം നൽകാൻ കഴിയുന്നില്ലെന്ന പരാതി പലരും പങ്കുവയ്ക്കുന്നു.

നേരം വെളുത്താൽ പാതിരാവ് വരെ ജനങ്ങൾക്കൊപ്പം കഴിയുന്നവരാണു തങ്ങൾ. പലപ്പോഴും കടം വാങ്ങി കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്ന ജനപ്രതിനിധികളുമുണ്ട് തദ്ദേശഭരണസ്ഥാപനങ്ങളിലെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. എങ്കിലും തത്വദീക്ഷ പണയപ്പെടുത്തി മുന്നണി മാറിയാണെങ്കിലും ഏതു വഴിക്കും സ്ഥാനാർത്ഥിയാകാനുള്ള ത്വര ഓരോ തെരഞ്ഞെടുപ്പിലും കൂടി വരുന്നതിന്റെ കാരണം കൃത്യമായി കണ്ടെത്താനാകുന്നില്ല വോട്ടർമാർക്ക്.

# ശബരിമല വഴിപാടിനുള്ള തേൻ വിതരണത്തിൽ ഗുരുതര വീഴ്ചയെന്ന് ദേവസ്വം വിജിലൻസ് വിഭാഗത്തിന്റെ കണ്ടെത്തൽ

പത്തനംതിട്ട: ശബരിമലയിൽ വഴിപാട് ആവശ്യത്തിനുള്ള തേൻ വിതരണത്തിൽ ഗുരുതര വീഴ്ചയെന്ന് റിപ്പോർട്ട്. ദേവസ്വം വിജിലൻസ് വിഭാഗമാണ് വീഴ്ച കണ്ടെത്തിയത്. ഫോമിക് ആസിഡ് വിതരണം ചെയ്യുന്ന കണ്ടെയ്നറുകളിലാണ് കരാർ നൽകിയ സ്ഥാപനം തേൻ എത്തിച്ചതെന്ന് കണ്ടെത്തൽ. കരാറുകാർക്ക് എക്സിക്യൂട്ടീവ് ഓഫീസർ കാരണം കാണിക്കൽ നോട്ടീസ് അയച്ചു.

വിജിലൻസ് റിപ്പോർട്ടിനെ തുടർന്ന് തേൻ ഉപയോഗിക്കാതെ മാറ്റിവെച്ചു. പരിശോധന നടത്തുന്നതിൽ പമ്പയിലെ ഭക്ഷ്യസുരക്ഷ ലാബ് വീഴ്ച വരുത്തിയെന്നാണ് കണ്ടെത്തിയിരിക്കുന്നത്. ഫോമിക് ആസിഡ് വിതരണം ചെയ്യുന്ന കണ്ടെയ്നറുകളിലാണ് പൊതുമേഖല സ്ഥാപനമായ റെയ്ഡ്കോ തേൻ നൽകിയത്. വിജിലൻസിന്റെ റിപ്പോർട്ടിനെ തുടർന്ന് ഈ തേൻ ഉപയോഗിക്കാതെ മാറ്റിവെച്ചു. അഭിഷേകത്തിനടക്കം പഴയ സ്റ്റോക്കിലെ തേനാണ് ഉപയോഗിക്കുന്നത്. പമ്പയിലെ ഭക്ഷ്യസുരക്ഷാ ലാബ് റിസർച്ച് ഓഫീസർക്ക് ഗുരുതര വീഴ്ച സംഭവിച്ചെന്നാണ് വിജിലൻസ് കണ്ടെത്തൽ. പമ്പയിലെ ഭക്ഷ്യസുരക്ഷാ ലാബിൽ പരിശോധനക്ക് ശേഷമാണ് ഭക്ഷ്യവസ്തുക്കൾ സന്നിധാനത്ത് എത്തിക്കുക. വിജിലൻസിന്റെ കണ്ടെത്തൽ ശരിവെച്ചതിനെ തുടർന്ന് റെയ്ഡ്കോക്ക് കാരണം കാണിക്കൽ നോട്ടീസ് അയച്ചതായി ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ ഒ ജി ബൈജു പറഞ്ഞു.

# പ്രലോഭനങ്ങളുടെ പെരുമഴക്കാലം പിന്നിട്ട്

തെരഞ്ഞെടുപ്പ് കാലം പ്രലോഭനങ്ങളുടെ മാത്രമല്ല, വിരട്ടലിന്റെയും ഭീഷണിയുടെയും കൂടി കാലമാണ്. കാൽ തൊട്ട് വന്ദിക്കലിന്റെയും കാലുവാരലിന്റെയും മായക്കാഴ്ചകൾ നിറയുന്ന കാലം.

'നിങ്ങളുടെ കൈയിൽ വോട്ടുണ്ട്; എന്റെ കയ്യിൽ ഫണ്ടുണ്ട്.'

വടക്കേ ഇന്ത്യയിൽ ഒരു നേതാവ് ഈയിടെ പ്രസംഗിച്ചതാണ്. എന്താണ് വോട്ടർമാർ ചെയ്യേണ്ടത് !

പണം കിട്ടിയാൽ കയ്ക്കുമോ !

തെരഞ്ഞെടുപ്പുകാല പ്രലോഭനങ്ങൾക്ക് കേരളം ഒരിക്കലും വടക്കേ ഇന്ത്യൻ മാതൃക ഇന്നോളം സ്വീകരിച്ചിട്ടില്ല. കറൻസി നോട്ടുകൾ പരസ്യമായി വിതരണം ചെയ്യുന്ന പോളിംഗ് സ്റ്റേഷൻ പരിസരങ്ങൾ നമുക്ക് അന്യമാണ്.

ഗ്രാമപ്രമാണിയുടെ ആജ്ഞകേട്ട് സ്വന്തംനിലപാടിന്വിലനൽകാതെപോളിംഗ് ബൂത്തിലേക്ക് പായുന്ന ശൈലിയും നമ്മുടേതല്ല. കേരളത്തിലെ വോട്ടെടുപ്പുകളിൽ പണത്തിന്റെ സാന്നിധ്യം എപ്പോഴും അദൃശ്യമാണ്. പരസ്യമായ വിലപേശലും വോട്ടുകച്ചവടവും ലജ്ജാകരമാണെന്ന് വിശ്വസിക്കുന്നു നമ്മൾ. എന്നാൽ അവയെല്ലാം ഇവിടെ യഥേഷ്ടം നടക്കുന്നുമുണ്ട്.

സമീപനാളുകളിൽ മഹാരാഷ്ട്രയിൽ നിന്നു കേട്ട ഒരു കഥ രസകരവും ഞെട്ടിക്കുന്നതും ആണ്.

ബഹുജൻ വികാസ് അഘാഡി (ബിവിഎ) യുടെ ഠാക്കൂർ വിഭാഗക്കാർ, വോട്ടർമാർക്കിടയിൽ വിതരണം ചെയ്യാൻ 5 കോടി രൂപ കൊണ്ടുവന്നുവെന്ന് ആരോപിച്ച് ഭാരതീയ ജനതാ പാർട്ടിയുടെ (ബി.ജെ.പി) ദേശീയ ജനറൽ സെക്രട്ടറി വിനോദ് താവ്ഡെയെ മൂന്ന് മണിക്കൂറിലധികം ഹോട്ടലിനുള്ളിൽ തടഞ്ഞുവച്ചു.

കണ്ടെടുത്തതായി പറയപ്പെടുന്ന പണക്കെട്ട് ക്യാമറകൾക്ക് മുന്നിൽ കാണിച്ചു. തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശപ്രകാരം പത്രസമ്മേളനം പെട്ടെന്ന് അവസാനിപ്പിച്ചു. പത്തുവർഷം മുമ്പ് 2015 ലെ വോട്ടിന് പണം എന്ന അഴിമതി ഏറെ വിവാദം സൃഷ്ടിച്ച ഒരു രാഷ്ട്രീയ അഴിമതിയായിരുന്നു. 2015 ലെ തെലങ്കാന ലെജിസ്ലേറ്റീവ് കൗൺസിൽ തിരഞ്ഞെടുപ്പിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട എം.എൽ.എ എൽവിസ് സ്റ്റീഫൻസണിന് വോട്ടിനായി കൈക്കൂലി വാഗ്ദാനം ചെയ്യുന്ന തെലുങ്കു ദേശം പാർട്ടി നേതാക്കൾ വീഡിയോ ദൃശ്യത്തിൽ കുടുങ്ങി. സ്റ്റീഫൻസണിന് 50 ലക്ഷം രൂപ വാഗ്ദാനം ചെയ്തപ്പോൾ ടി.ഡി.പി എം.എൽ.എ രേവന്ത് റെഡ്ഡിയെ തെലങ്കാന പോലീസ് അറസ്റ്റ് ചെയ്തു.

സുരേഷ് ഗോപി മത്സരിച്ച തൃശൂർ ലോക്സഭാ മണ്ഡലത്തിലെ നിരവധി വോട്ടർമാർക്ക് ബി.ജെ.പി പ്രവർത്തകർ 500 രൂപ വീതം വിതരണം ചെയ്തുവെന്ന ആരോപണമാണ് സമീപകാലത്ത് കേരളത്തിൽ കേട്ട പരസ്യമായ ഒരു വോട്ടു വിലയ്ക്കുവാങ്ങൽ അഴിമതി. 121 വോട്ടർമാർ താമസിക്കുന്ന ഒളാരിയിലെ ശിവരാമപുരം കോളനിയിലാണ് പണം വിതരണം നടന്നത്.



### ഭീഷണിയുടെ അവസ്ഥാന്തരങ്ങൾ

എന്നാൽ, കേരളത്തിലും ചിത്രം മാറി വരികയാണ്. പ്രലോഭനങ്ങളുടെ വായ്ത്താരികൾ പല വിധം. ഒപ്പം ഭീഷണിയുടെ പലവിധ അവസ്ഥാന്തരങ്ങളും തദ്ദേശ തെരഞ്ഞെടുപ്പിന്റെ കേളികൊട്ട് ഉയർന്നപ്പോൾ തന്നെ നമ്മൾ കേട്ടു. ഒരുപക്ഷേ, സമൂഹമാധ്യമ ശൃംഖല ശക്തമായതിനാലാവാം കേരളത്തിന്റെ മുക്കിലും മൂലയിലും ഉയരുന്ന ഓരോ ചുമരുത്ത് പോസ്റ്റർ വിരട്ടലുകൾ പോലും മാലോകർ മുഴുവൻ അറിയുന്നത്.

അതിനപ്പുറം നമ്മൾ അറിയുന്നു, സാക്ഷാൽ ഗോവിന്ദൻ മാഷിന്റെ നാട്ടിൽ പ്രതിപക്ഷത്തിന് സ്ഥാനാർത്ഥി പോലും വേണ്ടെന്ന്!

തദ്ദേശ തിരഞ്ഞെടുപ്പിൽ യു.ഡി.എഫ് സ്ഥാനാർഥിയായി മത്സരിച്ചാൽ ജോലി കളയുമെന്ന് തിരുവല്ല മദ്യനിർമാണശാലയിലെ താത്കാലിക ജീവനക്കാരി ആശമോളെ ഭീഷണിപ്പെടുത്തിയത് കേരളം കേട്ടു. ആശമോൾ മത്സരിച്ചാൽ എല്ലാവരുടെയും ജോലി പോകുമെന്ന് മറ്റ് ജീവനക്കാർ പറയുന്ന ഓഡിയോ സന്ദേശം പുറത്തുവന്നു. തെരഞ്ഞെടുപ്പിൽ മത്സരിക്കണമെങ്കിൽ സർക്കാർ ജോലി ഉപേക്ഷിക്കണം എന്ന ഒരു മറുവാദവും ഉയർന്നു.

മുൻപ് ബംഗാളിൽ ഭൂരിഭാഗം പ്രദേശങ്ങളിലും (പാർടി ഗ്രാമങ്ങൾ) സി.പി. എമ്മിന് എതിരേ സ്ഥാനാർത്ഥികൾ ഇല്ലായിരുന്നു. മത്സരിക്കാൻ ധൈര്യപ്പെടുന്നവരെ കാണാതാകുന്ന കേസുകളായിരുന്നു അധികവും. ഇന്ന് പഴയ പാർടി ഗ്രാമങ്ങളിൽ ചുവന്ന കൊടിയില്ല. വ്യാപകമായി പാർടി ഗ്രാമങ്ങളുണ്ടാക്കിയതാണ് ബംഗാളിൽ സി.പി. എമ്മിന്റെ പതനത്തിനു വഴി വച്ച മുഖ്യഘടകം. ഉദ്യോഗസ്ഥരെ സമ്മർദ്ദം ചെലുത്തി പത്രിക തള്ളുക, ഒപ്പം, ജനാധിപത്യത്തെകുറിച്ച് വാതോരാതെ സംസാരിക്കുക! നാമനിർദേശം നൽകിയവർ തന്നെ ഒന്നി ലേറെ പേർക്ക് നൽകിക്കൊണ്ട് സാങ്കേതിക പിഴവിന്റെ പേരിൽ പത്രിക തള്ളിക്കുക.

ഒരു ഡമ്മിയെ പോലും നിർത്താതെ പത്രിക തള്ളിപ്പോയ കോൺഗ്രസിന്റെ ദയനീയതയും ഇതിനിടെ നാം കണ്ടു. നോർത്തിന്ത്യൻ ശൈലിയിൽ സ്ഥാനാർഥി കിഡ്നാപ്പ് ചെയ്യപ്പെട്ടു എന്ന കഥയും ആന്തൂരിൽ നിന്ന് ഉയർന്നു. തന്നെ ആരും തട്ടിക്കൊണ്ടു പോയിട്ടില്ലെന്ന് യു.ഡി.എഫ് സ്ഥാനാർത്ഥിക്ക് പിന്നീട് സാക്ഷ്യം പറയേണ്ടി വന്നു. ആന്തൂർ മുനിസിപ്പാലിറ്റിയിലും കണ്ണൂരിലെ മറ്റ് പഞ്ചായത്തുകളിലും 'എതിരില്ലാതെ' എൽ.ഡി.എഫ് വിജയിക്കുന്നത് ഇങ്ങനെയാണ് കോൺഗ്രസ് ആരോപിക്കുന്നു. 28 വാർഡുകളുള്ള മുൻസിപ്പാലിറ്റിയിൽ 28 ലും കഴിഞ്ഞ രണ്ട് തെരഞ്ഞെടുപ്പുകളിലും എൽ.ഡി.എഫിന് തന്നെയായിരുന്നു വിജയം എന്നത് ജനാധിപത്യത്തിന്റെ കരുത്താണോ കാണിക്കുന്നത് അതോ ഭീഷണിയുടെ കൈ കരുത്തോ?

പത്രിക കൊടുക്കാൻ പോലും ആളില്ലെന്ന് പറയുമ്പോൾ കരുത്ത് ആർജ്ജിക്കുന്നത് ജനാധിപത്യം തന്നെയാണോ ? നിങ്ങൾ പത്രിക പിൻവലിച്ചില്ലെങ്കിൽ നിങ്ങളെ ഞങ്ങൾക്ക് കൊല്ലേണ്ടി വരും എന്ന് ഒരു പ്രാദേശിക നേതാവ് ഭീഷണി മുഴക്കുന്നതിന്റെ ഓഡിയോ സന്ദേശവും പുറത്തു വന്നു. അപ്പോൾ കാര്യങ്ങൾ തീരെ ലളിതമല്ല കേരളത്തിലും എന്ന് ഇത്തവണത്തെ തദ്ദേശം മുന്നറിയിപ്പ് നൽകുകയാണ്.

മലപ്പുറത്ത് സ്ഥാനാർത്ഥിയുടെ വീടിന്റെ ജനലുകൾ എറിഞ്ഞു തകർത്തുകൊണ്ടാണ് മത്സരിക്കാനുള്ള ആഗ്രഹം എതിരാളികൾ തച്ചുടച്ചത്.

എന്തിനായിരുന്നു അത്തരം ഒരു അക്രമം എന്ന് ചോദിച്ചാൽ ഉത്തരമില്ല. വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ സ്ഥാനാർത്ഥി മോഹികളെ വിരട്ടാൻ നിലവിൽ ഉപാധികൾ ഉള്ളപ്പോൾ അക്രമത്തിന്റെ പാത തന്നെ വേണമെന്ന് ചിലർ തീരുമാനിക്കുമ്പോൾ കേരളത്തിന്റെ യാത്ര വടക്കോട്ടാണോ എന്ന് തോന്നിപ്പോകും.

നിരവധി സ്ഥലങ്ങളിൽ പണം കൊടുത്തു സ്ഥാനാർത്ഥികളെ പിന്തിരിപ്പിച്ച കഥ പരസ്യമായ രഹസ്യമാണ്. നാമനിർദ്ദേശം ചെയ്തവരെ ബലമായി പിടിച്ചുകൊണ്ടുവന്ന് ഇത് തങ്ങളുടെ ഒപ്പല്ല എന്ന് വെള്ളക്കടലാസിൽ എഴുതിച്ച സ്ഥലവും നമ്മുടേതാണ്. സൂക്ഷ്മപരിശോധന നടക്കുന്ന ദിവസം രാവിലെ തട്ടിക്കൊണ്ടു പോകപ്പെട്ട ചിലർ!

മണ്ണ് മാഫിയയോട് പണം ചോദിക്കുന്നത് പോലെയാണോ പത്രിക നൽകുന്നവരോട് നിങ്ങൾ ഇടപെടുന്നത് എന്ന് കലുഷിതമായ ഭാവത്തിൽ ആരോ ചോദിക്കുന്നത് കേട്ടു. മണ്ണ് മാഫിയയുടെ പ്രതിനിധികളും റിയൽ എസ്റ്റേറ്റ് പ്രമുഖന്മാരും ബിനാമികളായി കേരളത്തിൽ തദ്ദേശ വാർഡുകളിൽ അണിനിരന്നിട്ടുണ്ട്.

അവരാണ് പ്രചരണത്തിനും പോസ്റ്റർ അടിക്കാനും സ്ഥാനാർത്ഥിക്ക് പണം കൊടുക്കുന്നത് പോലെ എതിരാളികളെ ഇല്ലാതാക്കാനും കാശ് മുടക്കുന്നത്. ഏതെങ്കിലും പാർട്ടി ഗ്രാമങ്ങളിൽ മാത്രമല്ല നമ്മൾ പ്രതീക്ഷിക്കാത്ത പലതും നാട്ടിൻ പുറങ്ങളിലെ വാർഡുകളിൽ അരങ്ങേറുന്നു.

പൂച്ചയെ കൊന്നു കിണറ്റിൽ ഇടുക. വീടിനു മുന്നിൽ റീത്ത് വയ്ക്കുക തുടങ്ങിയ കലാപരിപാടികളും പരീക്ഷിക്കപ്പെട്ടു. മത്സരചിത്രം തെളിയാൻ ഏതാനും മണിക്കൂറുകൾ മാത്രം ബാക്കിയിരിക്കെയാണ് വിമതരെ ചേർത്ത് നിർത്താനുള്ള തിരക്കിട്ട ശ്രമത്തിനിടയിൽ ഭീഷണികളും ഓഫറുകളും പാർട്ടികൾ പുറത്തിറക്കിയത്.

ചിലർ വഴങ്ങി; മറ്റ് ചിലർ പാറപോലെ ഉറച്ചുനിന്നു. പാർട്ടിക്ക് സീറ്റില്ലെങ്കിൽ ഓഫീസ് എന്തിനാണെന്ന് ചോദിച്ചാണ് മഞ്ചേശ്വരത്തെ കോൺഗ്രസ് ഓഫീസ് പൂട്ടിയത്. ബ്ലോക്ക് പഞ്ചായത്തിലെ മൂന്ന് സീറ്റ് ലീഗിന് നൽകിയതിലായിരുന്നു പ്രതിഷേധം. മണ്ഡലം കോൺഗ്രസ് പ്രസിഡന്റിന്റെ നേതൃത്വത്തിൽ ആയിരുന്നു പൂട്ടൽ നാടകം.

ജനാധിപത്യ പ്രക്രിയ ശക്തിപ്പെടുന്നതിന്റെ സൂചനകൾ ആയി ഓരോ തെരഞ്ഞെടുപ്പും മാറേണ്ടതാണ്. പ്രത്യേകിച്ച് നിയമനിർമ്മാണ സഭയിലേക്ക് ജനപ്രതിനിധികളുടെ തെരഞ്ഞെടുപ്പ് നടക്കാനിരിക്കെ, താഴെത്തട്ടിൽ നമ്മുടെ രാഷ്ട്രീയ സാമൂഹിക സംവിധാനങ്ങൾ എത്രത്തോളം ശക്തമാണെന്നും എത്രത്തോളം ശിഥിലമാണെന്നും ബോധ്യപ്പെടുത്തുന്ന നേർചിത്രങ്ങളാണ് ഇത്തവണ തെളിഞ്ഞു വന്നത്.

◗ *പ്രജിത്ത് രാജ്*

## ട്രെയിനിലോ സ്റ്റേഷനിലോ ഫോൺ നഷ്ടപ്പെട്ടോ? ആർപിഎഫ് കണ്ടെത്തും, ക്യുആർ കോഡ് സ്കാൻ ചെയ്യാം

തിരുവനന്തപുരം: ട്രെയിനിലോ റെയിൽവേ സ്റ്റേഷനുകളിലോ ഫോൺ നഷ്ടപ്പെട്ടാൽ വീണ്ടെടുക്കാൻ സഹായവുമായി റെയിൽവേ സുരക്ഷാ സേന. തിരുവനന്തപുരം ഡിവിഷനിലെ സ്റ്റേഷനുകളിൽ ഇത് സംബന്ധിച്ച് ആർപിഎഫ് പ്രചാരണം ആരംഭിച്ചു. സ്റ്റേഷനുകളിൽ വച്ചിരിക്കുന്ന മുന്നറിയിപ്പ് ബോർഡുകളിലെ ക്യൂആർ കോഡ് സ്കാൻ ചെയ്താൽ ഗൂഗിളിന്റെ ഫൈൻഡ് ഹബ് ആപ് വഴിയാണു ലൊക്കേഷൻ കണ്ടെത്താൻ കഴിയുക. ടെലികോം വകുപ്പിന്റെ സെൻട്രൽ എകിപ്മെന്റ് ഐഡന്റിറ്റി റജിസ്റ്റർ (സിഇഐആർ) പോർട്ടൽ വഴിയും ഐഎംഇഐ നമ്പർ ഉപയോഗിച്ചു ഫോൺ ട്രാക്ക് ചെയ്യാനും ബ്ലോക്ക് ചെയ്യാനുമുള്ള സൗകര്യം നേരത്തെ തന്നെ ലഭ്യമാക്കിയിട്ടുണ്ട്. യാത്രക്കാരെ ബോധവൽക്കരിക്കാനായി വിവിധ മോഷണ രീതികൾ വ്യക്തമാക്കുന്ന വിഡിയോയുടെ ക്യൂആർ കോഡും മുന്നറിയിപ്പ് ബോർഡിലുണ്ട്. നഷ്ടപ്പെട്ട ഫോണുകൾ പുതിയ സിം ഇട്ട് എവിടെയെങ്കിലും പിന്നീട് ഉപയോഗിച്ചുവെന്നു കണ്ടെത്തിയാൽ ആർപിഎഫ് അവിടെനിന്നു വീണ്ടെടുത്തു ഉടമയ്ക്കു നൽകും.



# അധ്യായം 08 ദാരിദ്ര്യത്തിന്റെ ഇരുണ്ട മുഖം

സന്ധ്യമയങ്ങും നേരം. സോഡിയം ട്യൂബിന്റെ ഓറഞ്ച് വെളിച്ചത്തിൽ പട്ടണം കുളിച്ചു നിൽക്കുന്നു.

സൈമൺ ഗിച്ചാരു ഫോണിൽ വിളിച്ചപ്പോൾ സംഭവസ്ഥലത്തേക്ക് വരേണ്ടതില്ല എന്നാണ് റോബിൻസ് പറഞ്ഞത്.

അപ്പോഴേക്കും പഴയൊരു ടൊയോട്ട ലാൻഡ് ക്രൂയിസറിന്റെ ആകർഷകമല്ലാത്ത എൻജിൻ ശബ്ദം അടുത്തടുത്തു വന്നുകൊണ്ടിരുന്നു. താമസിയാതെ അയാളുടെ മുന്നിൽ ആ വാഹനം വന്നു നിന്നു.

പിന്നിലെ സീറ്റിൽ ആ കറുമ്പൻ കൗമാരക്കാരനോടൊപ്പം ഒരു പോലീസുമുണ്ട്. മുൻപിൽ രണ്ടു പോലീസുകാർ വേറേയും. മുന്നിലിരുന്ന പോലീസുകാരൻ ജീപ്പിൽ നിന്നും ചാടിയിറങ്ങി പിന്നിലേക്കു പോയി.

''ഇറങ്ങിവാടി തെമ്മാടി...''

പേടിച്ചരണ്ട് കൗമാരക്കാരൻ പുറത്തേക്കിറങ്ങി.

''ഇവനല്ലേ താങ്കളുടെ വാച്ച് തട്ടിയെടുത്തത്..? ആ വാച്ച് ഇതുതന്നെയല്ലേ..?''

അവന്റെ കണ്ണുകളിൽ വല്ലാത്തൊരു ദയനീയ ഭാവം അയാൾ കണ്ടു.

''ഹേയ്..., തട്ടിയെടുത്തതാണെന്ന് ആരു പറഞ്ഞു. വാച്ച് ഞാൻ അവന് കൊടുത്തതാണല്ലോ.''

''നിങ്ങൾ ആളെ കളിയാക്കുകയാണോ മിസ്റ്റർ..? ഇവനെതിരെ കേസ് ചാർജ് ചെയ്യാൻ പോകുകയാണ്.''

പോലീസുകാരൻ ക്ഷോഭത്തോടെ അതു പറഞ്ഞുകൊണ്ട് ജീപ്പിൽ നിന്നും ഒരു മാനുവൽ റെജിസ്റ്റർ പുറത്തെടുത്തു.

''അവൻ കുട്ടിയല്ലേ, വിട്ടേക്കൂ..'' ശാന്തനായി റോബിൻസ് പറഞ്ഞു.

''ഓ...അതുശരി...എന്നാൽ കേസ് രജിസ്റ്റർ ചെയ്യാതിരിക്കാം.''

സാർജന്റ് കിബെ മറ്റു രണ്ടു പോലീസുകാരേയും മാറിമാറി നോക്കി. എന്നിട്ടു വല്ലാത്തൊരു ചിരിയോടെ പറഞ്ഞു:

''പക്ഷേ, അതിനു നിങ്ങൾ കുറച്ചു പണം മുടക്കേണ്ടി വരും.''

റോബിൻസ് പൊട്ടിത്തെറിച്ചില്ലെന്നേയുള്ളൂ. ക്ഷോഭം കഴിയുന്നത്ര ഉള്ളിലൊതുക്കിക്കൊണ്ട് പറഞ്ഞു:

''അതുശരി ... ഞാൻ കൈക്കൂലി തരണമെന്ന് അല്ലേ..?' നടക്കുന്ന കാര്യമല്ല.''

ഈ സമയം സൈമൺ ഗിച്ചാരു എന്ന പ്രൊഫസർ അവിടേക്കെത്തി. അദ്ദേഹം രംഗം ഒന്നു വീക്ഷിച്ച ശേഷം പോലീസുകാരോടായി പറഞ്ഞു:

''കിടു കിഡോഗോ''

(നെറോബിയിൽകൈക്കൂലിക്കു പറയുന്ന പേരാണ് 'കിടു കിഡോഗോ' എന്ന്)

''നോക്കൂ. വേൾഡ് ടൈംസ് എന്ന പത്രത്തിന്റെ റിപ്പോർട്ടറാണ് ഇദ്ദേഹം. വേണ്ടാത്ത പുലിവാലൊന്നും പിടിക്കേണ്ട നിങ്ങൾ.''

''സോറി സാർ... ഞങ്ങൾക്ക് ആളെ മനസ്സിലായില്ല''.

സാർജന്റ് കിബെ ഉടൻ ഖേദപ്രകടനത്തോടെ റോബിൻസിന് ഹസ്തദാനം നൽകാനായി കൈ നീട്ടി. ക്ഷോഭം അടക്കി റോബിൻസും കൈ നീട്ടി ഹസ്തദാനം നൽകി. പിന്നെ സാർജന്റ് കിബെ പയ്യനു നേരെ തിരിഞ്ഞ് വാച്ച് അവന് കൊടുത്തതിനു ശേഷം പറഞ്ഞു:

''സാർ പറഞ്ഞതുകൊണ്ട് മാത്രം നിന്നെ വിടുന്നു. ഇനി ഇങ്ങനെയൊന്നും ഉണ്ടാവരുത്. കേട്ടല്ലോ..''

പോലീസുകാർ ലാൻഡ് ക്രൂയിസറിൽ കയറി. വല്ലാത്തൊരു ശബ്ദത്തോടെ വണ്ടി പുക തുപ്പി തിരികെ പോയി.

റോബിൻസ് പയ്യനെ അടുത്തേക്കു വിളിച്ചുകൊണ്ട് ചോദിച്ചു:

''ഇയാളുടെ പേരെന്താണ്..?'

''കിബെറ്റ് ''

അല്പം സംശയത്തോടെ.. ''സാർ.., സാർ എനിക്ക് ഈ വാച്ച് ശരിക്കും തന്നതാണോ..?''


അതേ എന്ന അർത്ഥത്തിൽ റോബിൻസ് തലകുലുക്കി.

''എനിക്ക് വാച്ച് വേണ്ട സാർ... ഞാനിതു വിൽക്കാൻ പോയാൽ ഇതെന്റേതാണെന്ന് ആരെങ്കിലും വിശ്വസിക്കുമോ..? വിശന്നു തളർന്നിരിക്കുന്ന ഒരു കുടുംബം എനിക്കുണ്ട്. അവരുടെ ഇന്നത്തെ വിശപ്പുമാറ്റാൻ ഉള്ള പണം ഉണ്ടെങ്കിൽ തന്നാൽ മതി.''

''അതിനുള്ള പണം ഞാൻ നിനക്കു തരാം''

പ്രോഫസർ സൈമൺ ഗിച്ചാരു ആണ് അങ്ങനെ പറഞ്ഞത്. അദ്ദേഹം കുറച്ചുപണം അവന്റെ പാന്റിന്റെ പോക്കറ്റിൽ തിരുകി വച്ചുകൊടുത്തു.

''എടാ മോനേ, നിന്റെ വീട് എവിടെയാണ്..?''




അവൻ ഒരു ഭാഗത്തേക്ക് കൈചൂണ്ടി പറഞ്ഞു:

''ഇവിടെന്നൊത്തിരി ദൂരമുണ്ട്. ആ കാണുന്ന കുന്നിനപ്പുറമാണ് സാർ.''

''ഇഹിതെ'' എന്ന ഗ്രാമത്തിലാണോ?' സൈമൺ ഗിച്ചാർ ചോദിച്ചു.

അവൻ തലയാട്ടുകയല്ലാതെ മറ്റൊന്നും പറഞ്ഞില്ല.

അപ്പോൾ റോബിൻസിനോടായി സൈമൺ പറഞ്ഞു:

''ബ്രിട്ടീഷ് കെനിയ എന്നറിയപ്പെട്ടിരുന്ന സമതല ഭൂമി ആണത്. ഇനിയും പരിഷ്ക്കാരം എത്തിനോക്കാത്ത ഗ്രാമം..!''

'ഓ... അങ്ങനെയാണല്ലേ..!' എന്നു പറഞ്ഞുകൊണ്ട് റോബിൻസ് പയ്യന്റെ നേരെ തിരിഞ്ഞ്.

''ഇനിയും നമുക്ക് കാണണം. നീ വാച്ച് വിൽക്കേണ്ട. അത് നിന്റെ കൈയിൽ തന്നെ ഇരിക്കട്ടെ.''

എങ്ങിനെ നന്ദി പറയണം എന്നറിയാതെ ഇരുവർക്കും നേരെ കൈകൂപ്പി അവൻ ഇരുട്ടിലേക്കു മറഞ്ഞു.

*******

പിറ്റേ ദിവസം രാവിലെ തന്നെ റോബിൻസ് വേൾഡ് ടൈംസിന്റെ സിറ്റി ബ്യൂറോയിലെത്തി. ഓഫീസ് ബോയി കെവിൻ ഒട്ടീനോയെ കൂട്ടി 'ഇഹിതെ' ഗ്രാമത്തിലേക്ക് പോകാനൊരുങ്ങി.

അപ്പോഴേക്കും ഗ്രേ കളറുള്ള ഒരു ടോയോട്ട കൊറോള 92 മോഡൽ കാർ ഓഫീസിനു മുന്നിലെത്തി. ഇരുവരും കാറിൽ കയറി. കാറിന്റെ ബോണറ്റിൽ ഉദിച്ചുയരുന്ന സൂര്യന്റെ രശ്മികൾ മനോഹരമായ ചിത്രങ്ങൾ വരച്ചുകൊണ്ടിരിക്കുന്നു.

കെവിൻഒട്ടീനോയ്ക്ക്'ഇഹിതെ'എന്ന ഗ്രാമം സുപരിചിതമാണ്, അവന്റെ ചില ബന്ധുക്കൾ അവിടെയാണ് താമസിക്കുന്നത്. കാർ വേഗത കൂട്ടി നീങ്ങവെ നെയ്റോബി സിറ്റിയുടെ യഥാർത്ഥ രൂപം തെളിഞ്ഞു തെളിഞ്ഞു വന്നുകൊണ്ടിരുന്നു. ജിക്കോംബ മാർക്കറ്റിൽ പുരുഷാരം തടിച്ചുകൂടിക്കൊണ്ടിരിക്കുന്നു. ആകെ ബഹളമയം. കാറിന്റെ ചില്ല് അല്പം താഴ്ത്തിയ റോബിൻസിന്റെ മുഖത്തേക്ക് പൊടിയും കാറ്റും അടിച്ചു കയറി.

''അയ്യോ സാറേ, വേണ്ട.., കാറ്റും പൊടിയും അകത്തു കയറും.''

കെവിൻ അതു പറയും മുമ്പേ തന്നെ അയാൾ ചില്ല് മുകളിലേക്കു ഉയർത്തിവെച്ചു. എ 104–ാം നമ്പർ റോഡിൽ കാർ കയറുമ്പോഴേക്കും നെയ്റോബി നഗരത്തിന്റെ ശബ്ദം സാവധാനം പിന്നിലേക്ക് ഒഴുകിപ്പോയി.

കാർ മലനിരകളുടെ താഴ്വാരത്തേക്ക് നീങ്ങിക്കൊണ്ടിരുന്നു. റേഡിയോയിൽ ലക്കി ഡ്യൂബിന്റെ ശബ്ദം

'സ്വാതന്ത്ര്യ സമര സേനാനി... നിൽക്കൂ, പോരാടൂ!'എന്ന പാട്ട്. ഡ്രൈവർ ശബ്ദം അല്പം കൂട്ടിവെച്ചു.

ഇതിനോടകം കിബെറ്റ് എന്ന ദാരിദ്ര്യം വരിഞ്ഞുമുറുക്കിയ ആ കൗമാരക്കാരന്റെ കഥ കെവിനോട് റോബിൻസ് പറഞ്ഞിരുന്നു. വണ്ടി ഗ്രാമത്തിന്റെ ചെമ്മൺ പാതയിലേക്ക് തിരിഞ്ഞു. പെട്ടെന്നുള്ള കാറ്റ് കാറിനെ പൊടിപടലത്തിൽ മുക്കി. ഡ്രൈവർ കാറിന്റെ സ്പീഡ് കുറച്ചു.

കുന്നിൻ ചെരുവിന്റെ അരികിൽ കാർ നിർത്തി.

ആ താഴ്വാരത്ത് പുല്ലുകളും കുറ്റിച്ചെടികളും തിങ്ങി വളർന്നു നിൽക്കുന്നു.

മറുവശത്ത് ചോളവും ഗോതമ്പും പച്ചക്കറികളും മറ്റും നനച്ചുവളർത്തുന്ന പാടങ്ങൾ പച്ചപ്പരവതാനി വിരിച്ചു നിന്നു. മണ്ണിന് കടും ചുവപ്പു നിറമാണ്. നന്നായി പശിമയുള്ള മണ്ണിന് വളക്കൂറുണ്ടെന്ന് റോബിൻസിന് തോന്നി.

താഴെ വലിയൊരു കൊക്ക. മുൻപിൽ ചെറിയൊരു മൺപാത. കെവിൻ പറഞ്ഞത് പോലെ:

റോഡിൽ നിന്ന് ചെറിയ വഴി. അത് അവന്റെ വീട്ടിലേക്കുള്ള വഴിയാണ്.

''നമുക്കിറങ്ങാം ഇനി കാർ മുന്നോട്ട് പോകില്ല.''

കെവിൻ പറഞ്ഞു.

ഡ്രൈവർ വണ്ടിയിൽ തന്നെ ഇരുന്നു. റോബിൻസും കെവിനും മുന്നോട്ടു നടന്നു.

വഴിയോരത്തു ഇടയ്ക്കിടെ ചില മനുഷ്യരെ കാണാനായി അവരുടെ കൊച്ചു കൊച്ചു കുടിലുകൾ എല്ലാം പുല്ലമേഞ്ഞവയാണ്.

അപ്പോൾ ദൂരെ നിന്ന് വലിയൊരു ലഹളയുടേത് എന്നു തോന്നിപ്പിക്കുന്ന ശബ്ദകോലാഹലങ്ങൾ കേൾക്കാൻ തുടങ്ങി, ഏതൊ ഒരു സ്ത്രീ ആരെയൊക്കെയോ പ്രാകിക്കൊണ്ട് കാറിക്കരയുന്നു. ഇടയ്ക്കിടെ അതിന് താളഭംഗം വരുത്തിക്കൊണ്ട് കുട്ടികൾ ഉച്ചത്തിൽ കരയുന്നു.

കെവിൻ മുന്നിലേക്ക് കൈചൂണ്ടിക്കൊണ്ടു പറഞ്ഞു: ''ദേ, ആ വളവു തിരിയുന്നിടത്താണ് കിബെറ്റിന്റെ വീട്''

ഇപ്പോൾ കാര്യമായ ശബ്ദകോലാഹലങ്ങളൊന്നും അവിടെ നിന്നും കേൾക്കുന്നില്ല. വീണ്ടും അവർ മുന്നോട്ടു നടന്നു. ഇ കിബെറ്റിന്റെ വീട് അല്പാല്പമായി കാണാറായി. അവിടമാകെ മരണവീടിന് സമാനമായൊരു ഭീകര നിശബ്ദത.

അതിനിടയിൽ മൂക്കുചീറ്റുന്നതിന്റെയും ഏങ്ങിയേങ്ങി കരയുന്നതിന്റേയും എന്തൊക്കെയോ പിറുപിറുക്കുന്നതിന്റേയും നേർത്ത ശബ്ദം.

അവിടെ, പലകയിളകിയ കസേരയുടെ അറ്റകുറ്റപ്പണി ചെയ്തുകൊണ്ടിരിക്കുന്ന കിബെറ്റിനെ കാണാറായി.

ഉടൻ കെവിൻ ഒന്നു മുരടനക്കിയ ശേഷം വിളിച്ചു

''കിബെറ്റ് കിബെറ്റ് ഇതാരാ വന്നിരിക്കുന്നതെന്നു നോക്കിയേ..!'' കിബെറ്റ് ആണിയടിച്ചുകൊണ്ടിരുന്ന ചുറ്റികയുമായി ശബ്ദം കേട്ട ഭാഗത്തേക്ക് തിരിഞ്ഞു നോക്കി.

കലങ്ങിമറിഞ്ഞിരുന്ന അവന്റെ കണ്ണുകൾ റോബിൻസിനെ കണ്ടതോടെ തെല്ലൊന്നു വിടർന്നു. പ്രത്യാശയുടെ പ്രകാശം ആ കണ്ണുകളിൽ കാണാനായി. അവൻ ചുറ്റിക താഴെയിട്ട് ചാടി എഴുന്നേറ്റ്.

''സാർ, അങ്ങ് എന്നെ കാണാൻ വരുമെന്ന് ഞാൻ ഒരിക്കലും കരുതിയില്ല. ഞാനെന്താ പറയുക! അങ്ങയെ ഇരുത്താൻ ഇവിടെ നല്ലൊരു കസേര പോലുമില്ല?''

''അതൊന്നും സാരമില്ല. കസേര കാണാനല്ലല്ലോ ഞാൻ വന്നത്, നിന്നെ കാണാനല്ലേ കിബേറ്റേ!''

അവൻ അവന്റെ തന്നെ വീടും പരിസരവും എങ്ങിനെയാണെന്നറിയാൻ ഒന്നു പരതി നോക്കി. ചളുങ്ങിയ പാത്രങ്ങൾ, ചൂൽ, കൊട്ട, വട്ടി എന്നുവേണ്ട ചെറിയൊരു യുദ്ധക്കളം പോലെ ആ പരിസരം കാണപ്പെട്ടു. അല്പം നാണക്കേടോടെ അവൻ പറഞ്ഞു.

''ക്ഷമിക്കണം കാലത്തെ ഞങ്ങളുടെ ഒരമ്മാവൻ വന്നു ബഹളം കൂട്ടിയതിന്റെ ഫലമാണ് ഇതെല്ലാം.'' അപ്പോൾ കഷ്ടിച്ച് 15 വയസുമാത്രമുള്ള കറുത്ത ക്ഷീണിച്ച പെൺകുട്ടി പുറത്തെ സംസാരം കേട്ടിട്ട് പിന്നാമ്പുറത്തുകൂടി എത്തിനോക്കി. പിന്നെ കുറച്ചുകൂടി മുന്നോട്ടു നീങ്ങിവന്നു. അവൾ പൂർണ്ണ ഗർഭിണിയാണെന്നു തോന്നുന്നു.

കിബേറ്റ് സഹോദരിയെ നോക്കിയിട്ട് അവളോട് പറഞ്ഞു:

''ചെറോണ, നീ അമ്മയെ വിളിച്ചു കൊണ്ടു വാ...''

അവൾ തലയൊന്ന് ആട്ടിയ ശേഷം പിന്നിലേക്കു തന്നെ പോയി.

ഈ സമയം എന്തൊക്കെയോ വികൃതശബ്ദം പുറപ്പെടുവിച്ചുകൊണ്ട് ആറടിയിലധികം ഉയരമുള്ള അജാനബാഹുവായ ഒരു മനുഷ്യൻ മദ്യപിച്ച് ലക്കുകെട്ട് കുടിലിന്റെ മുറ്റത്തേക്കു കടന്നുവരാൻ ബദ്ധപ്പെടുന്നു.

'ചെങ്ങ്' എന്ന വാറ്റിയെടുത്ത മദ്യത്തിന്റെ മണം അവിടമാകെ പരന്നു.

''എടിയെടി... മൂതേവി, തേവിടിശ്ശീ... നീ... ആ പിള്ളേരെ എനിക്കു തന്നാൽ ഞാനവരെ വലിയ..കലാകാരികളാക്കും. ഏത്... കലാകാരികൾ.''

''അമ്മാവ... ഒന്നു നിർത്തുന്നുണ്ടോ ഇല്ലേൽ ആ നശിച്ച നാവ് ഞാൻ പിഴുതെടുക്കും.''

തെല്ല് അരിശത്തോടെയാണ് അവനത് പറഞ്ഞത്.

''ആഹാ... എന്റെ മോൻ അതിനൊക്കെ വളർന്നോ..?''

''പിന്നെ അയാൾ റോബിൻസിന്റെ നേരെ തിരിഞ്ഞുകൊണ്ട് ചോദിച്ചു.

''അല്ലാ..നീ... നീ ആരാ..? എവിടെനിന്നും വന്ന കഴുതയാടാ..? നീയാ പിള്ളേരെ തട്ടിക്കൊണ്ടപോകാൻ വന്നവനല്ലേ..? വെച്ചേക്കില്ല ഞാൻ.. പറഞ്ഞില്ലെന്നു വേണ്ട.''

അയാൾ എളിയിൽ നിന്നുമൊരു കഠാര വലിച്ചൂരിയെടുത്തു.

കെവിൻ പരിഭ്രമത്തോടെ അയാളുടെ മുന്നിലേക്ക് നീങ്ങി.

(തുടരും)

# ലോകം ഉറ്റുനോക്കുന്നു; ട്രംപിന്റെ ഭാവി ഡിസംബറിൽ അറിയാം!

റിപ്പബ്ലിക്കൻ പാർട്ടിയുടെ ഉരുക്കുകോട്ടയായാണ് ടെന്നസി സംസ്ഥാനം സാധാരണ ഗതിയിൽ അറിയപ്പെടുന്നത്. എന്നാൽ ഡിസംബർ രണ്ടിന് നടക്കാനിരിക്കുന്ന കോൺഗ്രസ് ഉപതിരഞ്ഞെടുപ്പ് ഈ ധാരണകളെ തിരുത്തിയെഴുതാനുള്ള സൂചനകളാണ് നൽകുന്നതെന്നാണ് രാഷ്ട്രീയ വിലയിരുത്തൽ.

ടെന്നസിയിലെ ക്രാബ് ഓർക്കാർഡ് എന്ന ചെറിയ പട്ടണത്തിൽ നടന്ന ഒരു അത്താഴവിരുന്നിനിടെ,റിപ്പബ്ലിക്കൻപാർട്ടി ചെയർമാൻ സ്കോട്ട് ഗോൾഡൻ നൽകിയ മുന്നറിയിപ്പ് വരാനിരിക്കുന്ന വലിയൊരു രാഷ്ട്രീയ മാറ്റത്തിന്റെ മുഴക്കമായിരുന്നു. "നമ്മുടെ കൈയിലുള്ള ഒരു സീറ്റ് പിടിച്ചെടുക്കാൻ അവർ സർവ്വ സന്നാഹങ്ങളുമായി വരുന്നു," എന്നായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ. പ്രസിഡന്റ് ട്രംപിനും അദ്ദേഹത്തിന്റെ പാർട്ടിക്കും ഈ തിരഞ്ഞെടുപ്പ് കേവലം ഒരു സീറ്റിന്റെ പ്രശ്നമല്ല, മറിച്ച് ട്രംപിന്റെ രാഷ്ട്രീയ ഭാവിയുടെ തന്നെ അളവുകോലാണ്.

### പ്രതിസന്ധിയുടെ ആഴം

ട്രംപ് 22% വോട്ടിന്റെ ഭൂരിപക്ഷത്തിൽ വിജയിച്ച മണ്ഡലമാണിത്. എന്നാൽ ഇന്ന് സാഹചര്യം മാറിയിരിക്കുന്നു. ഡെമോക്രാറ്റിക് പാർട്ടി ഈ മണ്ഡലത്തിൽ അപ്രതീക്ഷിതമായ മുന്നേറ്റം നടത്തുമെന്ന് രാഷ്ട്രീയ നിരീക്ഷകർ കരുതുന്നു. കമല ഹാരിസ് ഉൾപ്പെടെയുള്ള ഉന്നത നേതാക്കൾ പ്രചാരണത്തിനായി നേരിട്ടെത്തുന്നത് ഡെമോക്രാറ്റുകൾ ഈ തിരഞ്ഞെടുപ്പിന് നൽകുന്ന പ്രാധാന്യം വ്യക്തമാക്കുന്നു.

റിപ്പബ്ലിക്കൻ പാർട്ടിക്കുള്ളിൽ ട്രംപിന്റെ പിടി അയയുന്നു എന്ന വിലയിരുത്തലുകളും നടക്കുന്നുണ്ട്. പ്രമുഖ നേതാവായ മാർജോറി ടെയ്‌ലർ ഗ്രീൻ കോൺഗ്രസിൽ നിന്ന് രാജിവെച്ചത് ഇതിന്റെ ഭാഗമായി വിലയിരുത്തപ്പെടുന്നു. രാഷ്ട്രീയം ഏത് ദിശയിലേക്ക് മാറിയാലും സാധാരണക്കാരുടെ ജീവിതത്തിൽ മാറ്റമൊന്നും ഉണ്ടാകുന്നില്ല എന്ന അവരുടെ വാക്കുകൾ പാർട്ടിക്കുള്ളിലെ അതൃപ്തിയുടെ പ്രതിഫലനമായിട്ടാണ് വിലയിരുത്തുന്നത്.

### വിലക്കയറ്റവും ജനജീവിതവും

തിരഞ്ഞെടുപ്പിലെ ഏറ്റവും വലിയ ചർച്ചാ വിഷയം സമ്പദ്വ്യവസ്ഥയും ജീവിതച്ചെലവുമാണ്. വാൻഡർബിൽറ്റ് യൂണിവേഴ്സിറ്റി നടത്തിയ സർവേ പ്രകാരം, ട്രംപ് അനുകൂലികളിൽ 60 ശതമാനത്തോളം പേരും കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ജീവിതച്ചെലവ് കുറഞ്ഞിട്ടില്ല എന്ന് വിശ്വസിക്കുന്നവരാണ്. നികുതിയിളവുകളും മറ്റ് സാമ്പത്തിക പാക്കേജുകളും ട്രംപ് പ്രഖ്യാപിച്ചെങ്കിലും, അവയൊന്നും സാധാരണക്കാരന്റെ അടുക്കളയിലെ ബജറ്റിനെ സഹായിച്ചിട്ടില്ലെന്ന പരാതി വ്യാപകമാണ്.

ഈ അവസരം ഡെമോക്രാറ്റുകൾ കൃത്യമായി മുതലെടുക്കുന്നുമുണ്ട്. ഡെമോക്രാറ്റിക് സ്ഥാനാർത്ഥിയായ ആഫ്റ്റിൻ ബെൻ, കുട്ടികൾക്ക് ഭക്ഷണം, റോഡുകൾക്ക് നവീകരണം, ആശുപത്രികൾക്ക് ഫണ്ട് തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങളിൽ ഊന്നിയാണ് വോട്ട് ചോദിക്കുന്നത്. അമേരിക്കയിലെ രാഷ്ട്രീയ നാടകങ്ങളിൽ മനംമടുത്തവരെ കൂടെനിർത്താനാണ് അവരുടെ ശ്രമം.

### മാറുന്ന തന്ത്രങ്ങൾ

റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയായ മാറ്റ് വാൻ എപ്സ് ഒരു മുൻ സൈനികനാണ്. ട്രംപിന്റെ പിന്തുണയോടെയാണ് അദ്ദേഹം പ്രൈമറിയിൽ വിജയിച്ചതെങ്കിലും, ഇപ്പോഴത്തെ പ്രചാരണത്തിൽ അദ്ദേഹം തന്ത്രപരമായ മാറ്റം വരുത്തിയിട്ടുണ്ട്. ട്രംപിനെക്കുറിച്ചുള്ള പരാമർശങ്ങൾ കുറച്ച്, സമ്പദ്വ്യവസ്ഥയിലെ പ്രശ്നങ്ങളെക്കുറിച്ചാണ് അദ്ദേഹം കൂടുതലായി സംസാരിക്കുന്നത്. ട്രംപിന്റെ പേര് മാത്രം പറഞ്ഞ് വോട്ട് നേടാനാവില്ല എന്ന തിരിച്ചറിവ് റിപ്പബ്ലിക്കൻ സ്ഥാനാർത്ഥികൾക്കുണ്ട് എന്നതിന്റെ തെളിവാണിത്.

### വോട്ടർമാരുടെ വികാരം

ടെന്നസിയിലെ സോയാബീൻ കർഷകരും കന്നുകാലി വളർത്തുകാരും പുതിയ സാമ്പത്തിക നയങ്ങളിൽ അസ്വസ്ഥരാണ്. എങ്കിലും ട്രംപിനോടുള്ള കൂറ് പൂർണ്ണമായും ഉപേക്ഷിക്കാൻ അവർ തയ്യാറല്ല. ട്രംപ് ഒരു അഹങ്കാരിയായിരിക്കാം, പക്ഷേ രാജ്യത്തിന് ഇപ്പോൾ വേണ്ടത് അദ്ദേഹത്തെപ്പോലൊരാളെയാണ് എന്നാണ് ഒരു വോട്ടർ അഭിപ്രായപ്പെട്ടത്. ട്രംപിന്റെ വ്യക്തിത്വത്തോടുള്ള വിയോജിപ്പുകൾക്കിടയിലും അദ്ദേഹത്തെ പിന്തുണയ്ക്കുന്ന ഒരു വിഭാഗം ഇപ്പോഴും ശക്തമാണ്.

ടെന്നസിയിലെ തിരഞ്ഞെടുപ്പ് ഫലം അമേരിക്കൻ രാഷ്ട്രീയത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. ഇവിടെ റിപ്പബ്ലിക്കൻ പാർട്ടി പരാജയപ്പെട്ടാൽ, അത് ട്രംപിന്റെ രാഷ്ട്രീയ അധീശത്വത്തിന് ഏൽക്കുന്ന വലിയൊരു പ്രഹരമാകും. അടുത്ത വർഷം നടക്കാനിരിക്കുന്ന ഇടക്കാല തിരഞ്ഞെടുപ്പുകളിലും ഇത് പ്രതിഫലിച്ചേക്കാം. മറിച്ച്, വിജയിച്ചാൽ പോലും, കുറഞ്ഞ ഭൂരിപക്ഷം പാർട്ടിക്കുള്ളിൽ ആശങ്കയുണ്ടാക്കും. ചുരുക്കത്തിൽ, ട്രംപിന് ശേഷമുള്ള ഒരു റിപ്പബ്ലിക്കൻ പാർട്ടിയെക്കുറിച്ച് ചിന്തിക്കാൻ നേതാക്കളെയും അണികളെയും പ്രേരിപ്പിക്കുന്ന ഒരു നിർണ്ണായക നിമിഷമാണിതെന്നാണ് വിലയിരുത്തൽ...

# ജപ്പാൻ – ചൈന വാക്പോരിന് പിന്നിലെന്ത്?



ചൈനയും ജപ്പാനും തായ്‌വാന്റെ പേരിൽ വീണ്ടും പോരിലേയ്ക്ക്. തായ്‌വാനെ ചൈന ആക്രമിച്ചാൽ സൈന്യത്തെ വിന്യസിക്കുമെന്നാണ് ജപ്പാന്റെ ആദ്യ വനിതാ പ്രധാനമന്ത്രിയായ സനേ തകായിച്ചി നടത്തിയ ഭീഷണി. ഇതാണ് പ്രശ്നങ്ങൾക്ക് തുടക്കം കുറിച്ചത്. അധികാരമേറ്റതിന് ശേഷമുള്ള തന്റെ ആദ്യ പാർലമെന്റ് പ്രസംഗത്തിലായിരുന്നു ചൈനയും തായ്‌വാനും തമ്മിലുള്ള സംഘർഷത്തിൽ ജപ്പാൻ സൈനിക പങ്കാളിയാകുമെന്ന് സനേ തകായിച്ചി അഭിപ്രായപ്പെട്ടത്. സൈനിക ഇടപെടൽ നടത്തുമെന്ന സനേ തകായിച്ചിയുടെ ഭീഷണി ചൈനയെ പ്രകോപ്പിക്കുകയായിരുന്നു.

ചൈന ഇതിനെ 'സൈനിക ഭീഷണി' യായി കണ്ട് യുഎൻ വരെ കാര്യം ധരിപ്പിക്കുകയും ചെയ്തു. പിന്നാലെ ജപ്പാനുമായി സാമ്പത്തിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ജപ്പാനിലേക്ക് യാത്ര ചെയ്യരുതെന്നതടക്കമുള്ള മുന്നറിയിപ്പുകൾ ഷി ജിൻപിങ് ഭരണകൂടം ചൈനയിലെ പൗരന്മാർക്ക് നൽകുകയും ചെയ്തു. ഇതിന് പുറമെ ചൈന ജാപ്പനീസ് സമുദ്രോത്പന്ന ഇറക്കുമതിക്ക് പൂർണ്ണ നിരോധനം ഏർപ്പെടുത്തി. ജാപ്പനീസ് ഗായകരുടെ കോൺസെർട്ടുകൾ റദ്ദാക്കുകയും ജാപ്പനീസ് സിനിമാ റിലീസുകൾ തടയുകയും ചെയ്തു. സെങ്കാകു ദ്വീപുകളിലൂടെ കോസ്റ്റ്ഗാർഡ് കപ്പൽ അയച്ചും യോനഗൂണി ദ്വീപിനടുത്ത് ഡ്രോണുകൾ പറത്തിയും ചൈന തങ്ങളുടെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്.

### തായ്‌വാനിൽ കണ്ണുംനട്ട് ചൈന

തായ്‌വാനുമേൽ ചൈന നേരത്തെ അവകാശവാദം ഉന്നയിക്കുകയും സ്വന്തം ഭാഗമായി കണക്കാക്കുകയും ചെയ്തിരുന്നു. എന്നാൽ ഇതിനെ തായ്വാൻ നേരത്തെ നിരസിക്കുകയും ചെയ്തിരുന്നു. സൈനിക ബലം ഉപയോഗിച്ച് ആവശ്യമെങ്കിൽ തായ്വാനിൽ അധിനിവേശം നടത്തുമെന്നും ചൈന വ്യക്തമാക്കിയിരുന്നു.

ജപ്പാന്റെ ഏറ്റവും അടുത്ത ദ്വീപിൽ നിന്ന് വെറും 100 കിലോമീറ്റർ ദൂരത്താണ് തായ്‌വാൻ സ്ഥിതി ചെയ്യുന്നത്. റിപ്പബ്ലിക ഓഫ് ചൈന എന്നാണ് തായ്‌വാന്റെ ഔദ്യോഗിക നാമം. രണ്ടരക്കോടിയോളം മനുഷ്യർ ഈ ദ്വീപിൽ താമസിക്കുന്നുണ്ട്. ജനാധിപത്യപരമായ രീതിയിൽ തിരഞ്ഞെടുക്കപ്പെട്ട സർക്കാരും സ്വന്തമായ ഭരണഘടനയും തായ്‌വാനുണ്ട്. സ്വതന്ത്ര പരമാധികാര റിപ്പബ്ലിക്കാണ് തങ്ങളെന്ന് തായ്‌വാൻ നേരത്തെ വ്യക്തമാക്കിയിട്ടുള്ളതാണ്.

1949ലെ ആഭ്യന്തര യുദ്ധത്തിൽ തായ്‌വാൻ ചൈനയിൽ നിന്ന് വേർപിരിഞ്ഞിരുന്നു. എന്നാൽ 20 ദശലക്ഷത്തിലധികം ജനസംഖ്യയുള്ള ദ്വീപിനെ ചൈന ഇന്നും അവരുടെ പ്രദേശമായാണ് കണക്കാക്കുന്നത്. സൈനിക ശക്തിയിലൂടെ ഇത് തന്റെ നിയന്ത്രണത്തിലാക്കുമെന്നാണ് ചൈന കണക്ക് കൂട്ടുന്നത്.

തായ്‌വാനെ ചേർത്തുകൊണ്ട് ഒറ്റ ചൈനയാക്കി മുന്നോട്ട് പോകണമെന്നും അതിന് ബലപ്രയോഗം നടത്താൻ പോലും മടിക്കില്ലെന്നാണ് ചൈനയുടെ വർഷങ്ങളായുള്ള നിലപാട്. ചൈനയുടെ മക്കൾ പുനരേകീകരണം ആഗ്രഹിക്കുന്നുണ്ടെന്നും സ്വാതന്ത്ര്യത്തിന് വേണ്ടി ശ്രമിച്ചാൽ ശക്തമായി അടിച്ചമർത്തുമെന്ന് 2021 ജൂലൈയിൽ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നൂറാം വാർഷിക സമ്മേളനത്തിൽ സംസാരിച്ചിരുന്ന ചൈനീസ് പ്രസിഡന്റ് ഷീ ജിൻ പിങ് വ്യക്തമാക്കിയിരുന്നു.

### പ്രസ്താവന പിൻവലിക്കാതെ തകായിച്ചി

തായ്‌വാനുമായി ബന്ധപ്പെട്ട പ്രധാനമന്ത്രി തകായിച്ചിയുടെ പരസ്യമായ പരാമർശങ്ങൾ ചൈന-ജപ്പാൻ ബന്ധങ്ങളുടെ രാഷ്ട്രീയ അടിത്തറയെ ദുർബലപ്പെടുത്തിയിട്ടുണ്ട്. ഉഭയകക്ഷി സാമ്പത്തിക, വ്യാപാര വിനിമയങ്ങളെ സാരമായി ബാധിച്ചെന്ന് മന്ത്രാലയ വക്താവ് ഹി യോങ്കിയാൻ കഴിഞ്ഞദിവസം വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ജപ്പാൻ തങ്ങളുടെ നടപടിയിൽ ഉറച്ചുനിൽക്കുകയും തെറ്റായ പാത പിന്തുടരുകയും ചെയ്താൽ, ചൈന ആവശ്യമായ നടപടികൾ സ്വീകരിക്കും, എല്ലാ അനന്തരഫലങ്ങളും ജപ്പാൻ നേരിടേണ്ടിവരുമെന്നും ചൈനീസ് വ്യക്താവ് പറഞ്ഞു. ചൈനയുടെ ആഭ്യന്തര വിഷയങ്ങളിൽ തലയിട്ടാൽ ആ കഴുത്ത് മുറിച്ച് മാറ്റാൻ തയ്യാറാണെന്ന് ജപ്പാനിലെ ചൈനീസ് കോൺസുൽ ജനറൽ ഷ്യൂ ജിയാൻ പറഞ്ഞതും ഏറെ വിവാദമായിരുന്നു.

### ടൂറിസം മേഖലയും കൂപ്പുകുത്തി

പരാമർശം പിൻവലിക്കില്ലെന്ന് തകായിച്ചി നിലപാടെടുത്തതോടെ ചൈനയും നിലപാട് കടുപ്പിച്ചു. ജപ്പാൻ സന്ദർശിക്കുന്നതിനെക്കുറിച്ച് യാത്രക്കാർക്കും വിദ്യാർഥികൾക്കും ബീജിംഗ് ഔദ്യോഗിക മുന്നറിയിപ്പുകൾ നൽകിയിരുന്നു. ജപ്പാനിലേക്ക് പോകരുതെന്ന് ചൈന പൗരന്മാർക്ക് മുന്നറിയിപ്പ് നൽകിയതോടെ ജാപ്പനീസ് ഓഹരികളും കൂപ്പുകുത്തി.

2024 മെയ് മാസത്തിലെ കണക്കനുസരിച്ച്, ജപ്പാനിൽ 120,000ത്തിലധികം ചൈനീസ് വിദ്യാർഥികളുണ്ടായിരുന്നു, ഈ വർഷത്തെ ആദ്യ എട്ട് മാസങ്ങളിൽ 6.7 ദശലക്ഷത്തിലധികം ചൈനീസ് വിനോദ സഞ്ചാരികൾ രാജ്യം സന്ദർശിച്ചു. ചൈനയുടെ ഏറ്റവും പുതിയ യാത്രാ മുന്നറിയിപ്പ് ജപ്പാന് 14 ബില്യൺ സാമ്പത്തിക നാശനഷ്ടമുണ്ടാക്കുമെന്ന് നോമുറ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ എക്സിക്യൂട്ടീവ് ഇക്കണോമിസ്റ്റായ തകാഹിഡെ കിയുച്ചി പറയുന്നു.

### ജാപ്പനീസ് സമുദ്രോത്പന്ന ഇറക്കുമതിക്ക് പൂർണ നിരോധനം

സംഘർഷങ്ങൾക്കിടെ കഴിഞ്ഞദിവസമാണ് ജാപ്പനീസ് സമുദ്രോത്പന്ന ഇറക്കുമതിക്ക് ചൈന പൂർണ്ണമായ നിരോധനം ഏർപ്പെടുത്തിയത്. ഫുകുഷിമ ആണവ നിലയത്തിൽ നിന്ന് ശുദ്ധീകരിച്ച വെള്ളം പുറത്തുവിടുന്നതിന് ഏകദേശം രണ്ട് വർഷത്തെ നിരോധനത്തിന് ശേഷം, അടുത്തിടെയാണ് ചൈന ജാപ്പനീസ് സമുദ്രോത്പന്ന ഇറക്കുമതി പുനരാരംഭിച്ചത്.

അതേസമയം, ജപ്പാനീസ് സമുദ്രോത്പന്ന ഇറക്കുമതിക്ക് ചൈന പൂർണ്ണമായ നിരോധനം ഏർപ്പെടുത്തിയത് ഇന്ത്യക്ക് നേട്ടമായി. നിരോധനത്തിന് തൊട്ടുപിന്നാലെ ഇന്ത്യൻ സമുദ്രോത്പന്ന കയറ്റുമതിക്കാരുടെ ഓഹരികൾ 11% വരെ ഉയരുകയും ചെയ്തു.

2023ൽ, ഫുകുഷിമ ആണവ നിലയത്തിൽ നിന്ന് റേഡിയോ ആക്ടീവ് ജലം പസഫിക്കിലേക്ക് തുറന്നുവിടാൻ ടോക്കിയോ തീരുമാനിച്ചതിനെത്തുടർന്ന്, എല്ലാ ജാപ്പനീസ് സമുദ്രവിഭവങ്ങളുടെയും ഇറക്കുമതിക്ക് ചൈന പൂർണ നിരോധനം ഏർപ്പെടുത്തിയിരുന്നു.

### ജാപ്പനീസ് ഉൽപ്പന്നങ്ങൾക്ക് മുന്നിൽ ചൈന വാതിലടക്കുമോ?

യുഎൻ കോംട്രേഡ് ഡാറ്റ പ്രകാരം, 2024 ൽ ഏകദേശം 125 ബില്യൺ ഡോളറിന്റെ ജാപ്പനീസ് ഉൽപ്പന്നങ്ങളാണ് ചൈന വാങ്ങിയത്. വ്യാവസായിക ഉപകരണങ്ങൾ, ഓട്ടോമൊബൈലുകൾ തുടങ്ങിയവയാണ് പ്രധാനമാണ് ചൈന ഇറക്കുമതി ചെയ്യുന്നത്. ചൈന ജാപ്പനീസ് ഉൽപ്പന്നങ്ങൾക്ക് വാതിലുകൾ അടച്ചാൽ ചൈനക്ക് ബദൽ വിപണികൾ കണ്ടെത്താൻ ബുദ്ധിമുട്ടേണ്ടി വരും.

ജപ്പാന്റെ മൂന്നാമത്തെ കയറ്റുമതി രാജ്യം ദക്ഷിണ കൊറിയയാണ്. എന്നാൽ കഴിഞ്ഞവർഷം 46 ബില്യൺ ഡോളർ മൂല്യമുള്ള ഉൽപ്പന്നങ്ങൾ മാത്രമേ ദക്ഷിണ കൊറിയ ചൈനയിൽ നിന്ന് ഇറക്കുമതി ചെയ്തത്.








## ഇമ്രാൻ ഖാൻ ജയിലിൽ കൊല്ലപ്പെട്ടെന്ന് അഭ്യൂഹം, പാകിസ്ഥാനിൽ വൻ പ്രതിഷേധം

ഇസ്ലാമബാദ്: മുൻ പ്രധാനമന്ത്രിയും പാകിസ്ഥാൻ തെഹരികെ ഇൻസാഫ് നേതാവുമായ ഇമ്രാൻ ഖാൻ (73) ജയിലിൽ കൊല്ലപ്പെട്ടെന്ന് റിപ്പോർട്ടുകൾ. സ്ഥിരീകരണമില്ലെങ്കിലും വാർത്ത പ്രചരിച്ചതോടെ വൻ പ്രതിഷേധമുയർന്നു. ജയിലിന് മുന്നിലും ഇസ്ലാമാബാദ്, ലാഹോർ, കറാച്ചി തുടങ്ങിയ നഗരങ്ങളിലും അനുയായികൾ സുരക്ഷാസേനയുമായി ഏറ്റുമുട്ടി.

ഭരണകൂടമോജയിൽഅധികൃതരോ പ്രതികരിച്ചിട്ടില്ല. സൈനിക മേധാവി അസിം മുനീറും ഐ.എസ്.ഐയും ചേർന്ന് ഇമ്രാനെ ജയിലിൽ വച്ച് കൊലപ്പെടുത്തിയെന്ന് ബലൂചിസ്ഥാനിലെ വിദേശകാര്യ മന്ത്രാലയം എക്സിലൂടെ പറഞ്ഞു. അഴിമതി കേസിൽ 2023 മുതൽ ജയിലിലാണ്. റാവൽപിണ്ടിയിലെ അഡിയാല ജയിലിൽ കഴിയുന്ന അദ്ദേഹത്തെ കാണാൻ സഹോദരിമാരെ അനുവദിക്കാതിരുന്നതാണ് അഭ്യൂഹത്തിനിടയാക്കിയത്. കൊല്ലപ്പെട്ടതായി കഴിഞ്ഞ മേയിലും അഭ്യൂഹമുണ്ടായിരുന്നു. ജയിലിൽ പീഡനമനുഭവിക്കുന്നതായി കഴിഞ്ഞ ജൂലായിൽ ഇമ്രാൻ പറഞ്ഞിരുന്നു. തനിക്ക് എന്തെങ്കിലും സംഭവിക്കുകയാണെങ്കിൽ അസിം മുനീറായിരിക്കും ഉത്തരവാദിയെന്നും സൂചിപ്പിച്ചിരുന്നു.

## ഉറി വൈദ്യുതി നിലയം ലക്ഷ്യമിട്ട് പാകിസ്ഥാൻ, ശ്രമം പരാജയപ്പെടുത്തി സി.ഐ.എസ്.എഫ്



ന്യൂഡൽഹി: ഓപ്പറേഷൻ സിന്ദൂറിനിടെ ജമ്മു കാശ്മീരിലെ ഉറി ജലവൈദ്യുതി നിലയം ആക്രമിക്കാൻ പാകിസ്ഥാൻ പദ്ധതിയിട്ടിരുന്നുവെന്ന് സി.ഐ.എസ്.എഫ്വെളിപ്പെടുത്തൽ. ഡ്രോൺ ഉപയോഗിച്ച് ആക്രമിക്കാനുള്ള ശ്രമം സി.ഐ.എസ്.എഫ് ഉദ്യോഗസ്ഥർ പരാജയപ്പെടുത്തുകയായിരുന്നു. അന്ന് വൈദ്യുതിനിലയത്തിന്റെ സുരക്ഷാ ചുമതലയിലുണ്ടായിരുന്ന 19 സി.ഐ.എസ്.എഫ് സൈനികരെ ആദരിക്കുന്നതിന്റെ ഭാഗമായാണ് ഇക്കാര്യം വെളിപ്പെടുത്തിയത്. ന്യൂഡൽഹിയിലെ സി.ഐ.എസ്.എഫ് ആസ്ഥാനത്ത് നടന്ന ചടങ്ങിൽ ഉദ്യോഗസ്ഥരെ ഡയറക്ടർ ജനറലിന്റെ മെഡൽ നൽകി ആദരിച്ചു.

മേയ് ഏഴിന് ഇന്ത്യ ഓപ്പറേഷൻ സിന്ദൂർ ആരംഭിച്ചതിന് പിന്നാലെ പാകിസ്ഥാൻ അതിർത്തി മേഖലകളിൽ ഷെൽ, ഡ്രോൺ ആക്രമണം ആരംഭിച്ചു. ഝലം നദിയിൽ സ്ഥിതിചെയ്യുന്ന ഉറി ജലവൈദ്യുതി നിലയത്തിന് നേരെയും ആക്രമണമുണ്ടായി. നിയന്ത്രണരേഖയിൽ നിന്ന് ഏതാനും കിലോമീറ്റർ മാത്രം അകലെയുള്ള വൈദ്യുതിനിലയത്തിന് സമീപത്തെ ജനവാസ കേന്ദ്രങ്ങളും ഭീഷണിയിലായി.

കമാൻഡന്റ് രവി യാദവിന്റെയും ഡെപ്യൂട്ടി കമാൻഡന്റ് മനോഹർ സിംഗിന്റെയും നേതൃത്വത്തിൽ സി.ഐ.എസ്.എഫ് സംഘം വൈദ്യുതിനിലയത്തെയും ചുറ്റുമുള്ള സ്ഥാപനങ്ങളെയും ടൗൺഷിപ്പിനെയും സംരക്ഷിക്കാനുള്ള നടപടികളാരംഭിച്ചു. പാക് ഡ്രോണുകളെല്ലാം സി.ഐ.എസ്.എഫ് സൈനികർ നിർവീര്യമാക്കി. സമീപത്തെ ജനവാസ കേന്ദ്രങ്ങളിൽ പാക് ഷെല്ലുകൾ പതിച്ചപ്പോൾ സി.ഐ.എസ്.എഫ് ഉദ്യോഗസ്ഥർ 250ലേറെ ആളുകളെ സുരക്ഷിതസ്ഥാനങ്ങളിലേക്ക് മാറ്റി. നാഷണൽ ഹൈഡ്രോഇലക്ട്രിക് പവർ കോർപ്പറേഷൻ ജീവനക്കാരെയും മാറ്റി. അർദ്ധരാത്രിയിൽ ഉറങ്ങിക്കിടക്കുകയായിരുന്നവരെ വിളിച്ചുണർത്തിയാണ് രക്ഷപ്പെടുത്തിയത്.

# ഭീകര ബന്ധം ആരോപിച്ച് തട്ടിപ്പ്: അഭിഭാഷകൻ ആത്മഹത്യ ചെയ്തു

ഭോപ്പാൽ: ഭീകരബന്ധം ആരോപിച്ച് നടത്തിയ തട്ടിപ്പിനെത്തുടർന്ന് മദ്ധ്യപ്രദേശിൽ അഭിഭാഷകൻ ആത്മഹത്യ ചെയ്തു. ഭോപ്പാലിലെ ജഹാംഗിരാബാദ് പ്രദേശത്തുള്ള വസതിയിൽ തിങ്കളാഴ്ച രാത്രിയാണ് 68 കാരനായ മുതിർന്ന അഭിഭാഷകൻ ശിവ്കുമാർ വർമ്മയെ ആത്മഹത്യ ചെയ്ത നിലയിൽ കണ്ടെത്തിയത്.

1984 ലെ ഭോപ്പാൽ വിഷ വാതക ദുരന്തത്തിലെ ഇരകളുടെ കേസ് വാദിച്ച അഭിഭാഷകനാണ്. ഭീകര ഫണ്ടിംഗുമായി ബന്ധപ്പെടുത്തി ഫോൺ കോളുകൾ ലഭിച്ചതിനെത്തുടർന്ന് ആത്മഹത്യ ചെയ്യുകയായിരുന്നെന്ന് കുടുംബം ആരോപിച്ചു. 'ഡിജിറ്റൽ അറസ്റ്റ്' നടത്തുകയും വ്യാജ ഭീകരവാദ കുറ്റങ്ങൾ ചുമത്തുകയും ചെയ്യുമെന്ന് സൈബർ തട്ടിപ്പുകാർ പറഞ്ഞെന്നാണ് റിപ്പോർട്ട്.

ഭീഷണിയെത്തുടർന്ന് ഭോപ്പാലിൽ നടന്ന ആദ്യത്തെ അറിയപ്പെടുന്ന ആത്മഹത്യയായി ഈ സംഭവം ഉയർന്നുവരുന്നു. ജഹാംഗിരാബാദ് പോലീസിന്റെ അഭിപ്രായത്തിൽ, വർമ്മ ബർഖേഡി പ്രദേശത്താണ് താമസിച്ചിരുന്നത്, വൈകുന്നേരം 7:30 ഓടെയാണ് സംഭവം നടന്നത്. ഭാര്യ വിവാഹിതയായ മകളെ സന്ദർശിക്കാൻ ഡൽഹിയിലായിരുന്നു, മകൻ പൂനെയിൽ ജോലി ചെയ്യുന്നു.



വൈകുന്നേരം മുഴുവൻ ഭാര്യ അദ്ദേഹത്തെവിളിച്ചുകൊണ്ടിരുന്നു,പക്ഷേമറുപടിലഭിച്ചില്ല.അതേസ്ഥലത്ത്താമസിക്കുന്ന വാടകക്കാരനെ വിളിച്ചപ്പോൾ വാടകക്കാരൻ അന്വേഷിച്ചപ്പോൾ വർമ്മ തന്റെ മുറിയിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി, ഉടൻ തന്നെ പോലീസ് നടപടി സ്വീകരിച്ചു. അഭിഭാഷകൻ ആശുപത്രിയിൽ മരിച്ചതായി പ്രഖ്യാപിച്ചു. വൃദ്ധനായ അഭിഭാഷകനുണ്ടായ വേദനാജനകമായ മാനസിക ആഘാതം വെളിപ്പെടുത്തുന്ന ഒരു കൈപ്പടയിലെ ആത്മഹത്യാക്കുറിപ്പ് പോലീസ് കണ്ടെടുത്തു. ഡൽഹിയിലെ ചെങ്കോട്ടയ്ക്ക് സമീപമുള്ള ഒരു ഭീകരാക്രമണ ഗൂഢാലോചനയിൽ തന്റെ പേര് പുറത്തുവന്നിട്ടുണ്ടെന്ന് അവകാശപ്പെടുന്ന ഒരു അജ്ഞാതനിൽ നിന്ന് തനിക്ക് ഒരു ഫോൺ കോൾ ലഭിച്ചതായി വർമ്മ കുറിപ്പിൽ എഴുതി. പഹൽഗാം ഭീകരാക്രമണത്തിന് തന്റെ പേരിലുള്ള ഒരു അക്കൗണ്ട് ഉപയോഗിച്ചതായും, അസിം ജോജി എന്ന ഭീകരന് പണം അയച്ചതായും ആരോപിക്കപ്പെടുന്നു. തന്നെ 'ദേശവിരുദ്ധനായി' അറസ്റ്റ് ചെയ്യുമെന്ന് അദ്ദേഹം ഭയപ്പെട്ടു. അദ്ദേഹത്തിന്റെ കുറിപ്പിൽ ഇങ്ങനെയായിരുന്നു: 'ഞാൻ എന്റെ ജീവിതം അവസാനിപ്പിക്കുകയാണ്. ആരോ എന്റെ പേരിൽ എച്ച്ഡിഎഫ്സി ബാങ്കിൽ വ്യാജമായി ഒരു അക്കൗണ്ട് തുറന്ന് പഹൽഗാം ആക്രമണ ഭീകരൻ അസിം ജോജിക്ക് ധനസഹായം നൽകി. എന്നെ ദേശവിരുദ്ധനായി മുദ്രകുത്തുന്നത് എനിക്ക് സഹിക്കാൻ കഴിയില്ല.'

ഞെട്ടിപ്പിക്കുന്ന കാര്യം, ഭോപ്പാലിലെ വൃദ്ധ അഭിഭാഷകരെ ഭീകരവാദ ഫണ്ടിംഗ് ആരോപണങ്ങൾ ഉന്നയിച്ച് സൈബർ കൊള്ളക്കാർ ഭീഷണിപ്പെടുത്തിയതുമായി ബന്ധപ്പെട്ട മൂന്നാഴ്ചയ്ക്കുള്ളിൽ രണ്ടാമത്തെ കേസാണിത്. നവംബർ 3 ന്, കോഹഫിസയിലെ ഒരു അഭിഭാഷകനെ പുൽവാമ ആക്രമണത്തിന് ധനസഹായം നൽകിയെന്ന വ്യാജ ആരോപണത്തിൽ ലക്ഷ്യം വച്ചു. ലക്ഷക്കണക്കിന് രൂപ നഷ്ടപ്പെടുന്നത് അയാൾ കഷ്ടിച്ച് ഒഴിവാക്കി. നവംബർ 20 ന്, ഷാപുരയിലെ വിരമിച്ച ബാങ്ക് മാനേജരിൽ നിന്ന് ഡിജിറ്റൽ അറസ്റ്റിലൂടെ സൈബർ കുറ്റവാളികൾ ~ചെക്ക്~68 ലക്ഷം തട്ടിയെടുത്തു. മറ്റൊരുകേസിൽ,വിരമിച്ചഒരുപൊതുമേഖലാ ഉദ്യോഗസ്ഥനെയും ഭാര്യയെയും ദിവസങ്ങളോളം ഡിജിറ്റൽ അറസ്റ്റിൽ പാർപ്പിക്കുകയും തട്ടിപ്പുകാർക്ക് 65 ലക്ഷംരൂപ നഷ്ടപ്പെടുകയും ചെയ്തു. പോലീസ് കേസ് രജിസ്റ്റർ ചെയ്ത് പൂർണ്ണ തോതിലുള്ള അന്വേഷണം ആരംഭിച്ചു. വർമ്മയെ മരണത്തിലേക്ക്നയിച്ചസൈബർകുറ്റവാളികളെപുറത്തുകൊണ്ടുവരാൻ ഫോറൻസിക് വിദഗ്ധർ അദ്ദേഹത്തിന്റെ കോൾ റെക്കോർഡുകൾ, ബാങ്ക്വിശദാംശങ്ങൾ, ഡിജിറ്റൽ ചരിത്രം എന്നിവ വിശകലനം ചെയ്യുന്നു.







# ‘സർവ്വരാജ്യ’ തൊഴിലാളികളെ ഇതാ വരുന്നു കേന്ദ്രം വക ‘ആപ്പും’ ഇടതു സർക്കാർ വക ഇരട്ടത്താപ്പും

കേരളാ വിൻഡോ



ആന്റണി ചടയംമുറി

പുതിയ ലേബർ കോഡ് കേന്ദ്ര സർക്കാർ തൊഴിലാളിവർഗത്തിനുവച്ച പുതിയ ആപ്പോ കെണിയോ ഒക്കെ ആണെന്നു ബി.എം.എസ്. ഒഴിച്ചുള്ള തൊഴിലാളി യൂണിയനുകൾ പറയുന്നു. സംസ്ഥാന സർക്കാരാകട്ടെ തൊഴിലാളികളുടെ എപ്പോഴും കൂടെയാണെന്നു പറഞ്ഞ് മുതലാളിത്തത്തിന്റെ തോളിൽ കൈയിട്ടു നടക്കുകയാണെന്ന വാർത്തകൾ വേറെയുമുണ്ട്.

കൊല്ലം സംസ്ഥാന സമ്മേളനത്തിന്റെ റിപ്പോർട്ടിലെ ആറാം ഭാഗത്താണ് സംസ്ഥാന സർക്കാരിന്റെ ഭാവി പദ്ധതികൾ എന്ന പ്രധാനതലക്കെട്ടിനു താഴെ ഭരണനിർവഹണം വരെയുള്ള 20 ചെറിയ തലക്കെട്ടുകൾ വേറെയുമുണ്ട്. 92 ഭാവി പദ്ധതികളെല്ലാം തന്നെ തൊഴിലാളിവർഗത്തിന്റെ രാഷ്ട്രീയം സംരക്ഷിച്ചുകൊണ്ട് നടപ്പാക്കുമെന്നു ഈ റിപ്പോർട്ടിൽ പറയുന്നു. സ്റ്റേജിൽ അവതരിപ്പിച്ച ഈ റിപ്പോർട്ടിലെ തൊഴിലാളി രാഷ്ട്രീയം സംരക്ഷിക്കുന്നതിലെ പാർട്ടിയുടെ ഇരട്ടത്താപ്പാണ് ഇപ്പോൾ മറനീക്കി പുറത്തു വന്നിട്ടുള്ളത്.

85 തൊഴിൽ നിയമങ്ങൾ വെറും 4 കോഡുകളായി ചുരുക്കിയത് നാട്ടിൽ വ്യവസായങ്ങൾ വരാനുള്ള മാർഗമായി കരുതപ്പെടുന്നുണ്ട്. ഇന്ന് നടത്തിക്കഴിഞ്ഞ ദേശീയപണിമുടക്കിന്റെ പടഹ ധ്വനിയൊന്നും ഡെൽഹിയിൽ എത്തില്ല. വെറുതെ വഴിപാടു സമരം നടത്തി ഈ കേന്ദ്രനീക്കത്തെ ചെറുക്കാനുള്ള തടിമിടുക്കൊന്നും ഇപ്പോൾ രാജ്യത്തെ തൊഴിലാളി സംഘടനകൾക്കുണ്ടോ? ഡെൽഹിയിൽ വായു മലിനീകരണത്തിനെതിരെ സമരം ചെയ്ത യുവതീ യുവാക്കൾക്ക് ഡെൽഹി പൊലീസ് പുതിയൊരു പേര് നൽകിയിരുന്നു.

അർബൻ നക്സലുകൾ! ദേശദ്രോഹിയെക്കാൾ ഈ പേര് മാർക്കറ്റ് ചെയ്തു നീതിക്കുവേണ്ടിയുള്ള സമരങ്ങളെ പിടിച്ചുകെട്ടാമെന്ന് കേന്ദ്രം തീരുമാനിച്ചു കഴിഞ്ഞു. സമരം ചെയ്യാനുള്ള അവകാശം, സ്ഥിരം നിയമനം തുടങ്ങിയ കാര്യങ്ങളിലെല്ലാം പുതിയ ലേബർ കോഡ് തൊഴിലാളി വിരുദ്ധമാണെന്നു ട്രേഡ് യൂണിയൻ നേതാക്കൾ പറയുന്നുണ്ട്. ഇതു സംബന്ധിച്ച ചർച്ചകൾ പല വേദികളിൽ തുടരുമായിരിക്കാം. പക്ഷെ, 12 മണിക്കൂർ ആയി ജോലി സമയം നിജപ്പെടുത്തിയെന്നു അതേ നേതാക്കൾ പരാതിപ്പെടുമ്പോൾ, ഇക്കാര്യത്തിൽ ഒരു ഏകാധിപത്യ ശൈലിയുടെ മണമുയരുന്നുണ്ടോയെന്നു സംശയിക്കണം.

വനഭൂമി വൻ വ്യവസായികൾക്ക് പതിച്ചു നൽകുന്നത് ചെറുത്ത ആദിവാസി ഗോത്ര ജനതയിൽപെട്ടവരെ മാവോയിസ്റ്റുകളെന്നു കേന്ദ്രം മുദ്രകുത്തി തടവിലാക്കുകയോ ഏറ്റുമുട്ടൽ നാടകങ്ങളിലൂടെ വധിക്കുകയോ ചെയ്തു കഴിഞ്ഞു. ഇനി നഗരങ്ങളിലും അർധ നഗരങ്ങളിലും തൊഴിലാളികളുടെ നീതി നിഷേധത്തിനെതിരെയുള്ള സമരങ്ങൾക്ക് അർബൻ നക്സലിസമെന്ന പേരിൽ അടിച്ചമർത്താൻ ഭരണകൂടങ്ങൾ ശ്രമിച്ചേക്കാം. ചർച്ചകളിലൂടെ തൊഴിലാളികൾക്ക് പറയാനുള്ളത് കേൾക്കാനുള്ള ശ്രമമുണ്ടാവണം. ജനാധിപത്യത്തിൽ അതല്ലേ ശരി?



### ശിവൻകുട്ടിയുടെ പുതിയ ചുവടുകൾ

പരമശിവന് 108 തരത്തിലുള്ള നൃത്തശൈലികളുണ്ടെന്നാണ് വേദപണ്ഡിതർ എഴുതിവച്ചിട്ടുള്ളത്. ശിവൻകുട്ടിയുടെ വക പുതിയ നൃത്തച്ചുവടായി പുതിയ ലേബർ കോഡും കാണേണ്ടിവരുമോ? വിദ്യാഭ്യാസവും (ഉന്നതമൊഴിച്ച്) തൊഴിലും ഒരുമിച്ച് കൈയാളുന്ന ശിവൻകുട്ടിയുടെ പി.എം.ശ്രീ വിവാദം ഇനിയും കെട്ടടങ്ങിയിട്ടില്ല. ഇപ്പോൾ കേന്ദ്രം പുതിയ ലേബർകോഡുകൾ കൊണ്ടുവരുന്നതിനു മുമ്പു തന്നെ, 2021 ഡിസബറിൽ തൊഴിൽ വകുപ്പിന്റേതായ വിജ്ഞാപനമിറങ്ങിയെന്നാണ് ഇന്ന് മനോരമ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

പുറത്ത് കേന്ദ്രനടപടിക്കെതിരെ സമരം നടത്തുകയും രഹസ്യമായി ആ നീക്കങ്ങൾക്ക് കുടപിടിക്കുകയും ചെയ്യുകയാണോ സംസ്ഥാന സർക്കാർ? പി.എം.ശ്രീ വിവാദത്തിൽ എന്ന പോലെ ഈ വിജ്ഞാപനത്തിന്റെയും കാര്യവും ഇടതുമുന്നണിയോ മന്ത്രിസഭയോ അറിഞ്ഞിട്ടില്ലെന്നാണ് ജോജി സൈമണിന്റെ എക്സ്ക്ലൂസീവ് സ്റ്റോറിയിലുള്ളത്. അങ്ങനെയെങ്കിൽ, കേരളാ രാഷ്ട്രീയത്തിൽ മന്ത്രി ശിവൻകുട്ടി സാക്ഷാൽ പരമശിവനെയും തോൽപ്പിക്കുന്ന വിധം ചുവടുകൾ വയ്ക്കുകയാണെന്നുള്ള ചിലരുടെ ആരോപണം നമുക്ക് തള്ളിക്കളയാനാവില്ല. ‘കേരള കോഡ് ഓൺ വേജസ് റൂൾസ് 2021’ എന്ന പേരിലുള്ളതാണ് കരടുവിജ്ഞാപനം.

തൊഴിലാളികളുടെ വേതനവുമായി ബന്ധപ്പെട്ട ചട്ടങ്ങൾക്ക് പകരമാണത്രെ ഇത്. ഇതോടെ 1958ലെ മിനിമം വേതനം സംബന്ധിച്ച ഏഴ് ചട്ടങ്ങളും കരാറിൽ നിന്ന് ഒഴിവായെന്നതാണ് ഏറെ വിചിത്രം. കേന്ദ്രത്തിന്റെ ലേബർകോഡ് തൊഴിലാളികളുടെ അവകാശങ്ങളെ ചവിട്ടിമെതിക്കുന്ന ജംഗിൾ രാജെന്ന് സി.പി.എം.പൊളിറ്റ് ബ്യൂറോ പ്രസ്താവനയിറക്കിയിട്ടുണ്ട്. എന്നിട്ടും ശിവൻകുട്ടിയുടെ തൊഴിൽ വകുപ്പ് എങ്ങനെ ഇത്തരമൊരു വിജ്ഞാപനത്തിന് മുതിർന്ന്? ആരുടെ ആശിർവാദത്തോടെയാണ് പാർട്ടി പറഞ്ഞ ‘തൊഴിലാളി വർഗത്തിന്റെ രാഷ്ട്രീയം’ തള്ളിക്കളഞ്ഞുകൊണ്ട് ശിവൻകുട്ടി ഇത്തരമൊരു ഗൂഢനീക്കത്തിന് തയ്യാറായത്?

### തൊഴിലാളികളെ ഇരുട്ടിൽ നിർത്തുകയോ

തൊണ്ണൂറുകളിൽ ഉദാരവൽക്കരണത്തിന്റെ കൂറ്റൻ തിരമാലകൾ തച്ചു തകർത്ത നിരവധി തൊഴിൽ സംരംഭങ്ങൾ ഉണ്ട്. ആ കാലഘട്ടത്തിലെ തൊഴിൽ തർക്ക കേസുകളുടെ വിചാരണ വേഗം തീർക്കാതിരിക്കാൻ സംസ്ഥാനത്തെ ലേബർ കോടതികളിൽ വേണ്ടത്ര ജഡ്ജിമാരെ നിയമിക്കാതെ ഉഴപ്പുന്ന ചരിത്രമാണ് എല്ലാ ഭരണകൂടങ്ങൾക്കുമുള്ളത് സ്ഥിരം ജഡ്ജിമാരില്ലാത്ത ലേബർ കോടതികളിൽ ഇപ്പോഴും കേസുകൾ കെട്ടിക്കിടക്കുന്നു. വിചാരണയാകട്ടെ അനന്തമായി നീളുന്നു.

നമ്മുടെ വിദ്യാഭ്യാസ മന്ത്രിയുടെ വകുപ്പിനുവേണ്ട പാഠപുസ്തകങ്ങൾ കൃത്യമായി അച്ചടിച്ചു നൽകിക്കൊണ്ടിരിക്കുന്ന തൃക്കാക്കര കെ.ബി.പി.എസിൽ വിരമിക്കൽ ആനുകൂല്യങ്ങൾ ലഭിക്കാൻ തൊഴിലാളികൾ കോടതി കയറേണ്ടി വന്ന കാര്യം ഓർമ്മിക്കുക. 2025 ഓഗസ്റ്റ് 26ന് ആണ് 2 മാസത്തിനുള്ളിൽ സർക്കാർ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകണമെന്ന് ഹൈക്കോടതി വിധിച്ചത് എന്തായോ എന്തോ?

സർക്കാർ ജീവനക്കാരുടെ മൂന്ന് ശതമാനം ഡിഎ കുടിശ്ശിക പ്രഖ്യാപിച്ചത് ഓഗസ്റ്റ് മാസത്തെ അവസാന ആഴചയിൽ ആയിരുന്നു. ഏത് കാലഘട്ടത്തിലെതാണ് ഈ കുടിശ്ശിക എന്ന് വ്യക്തമാക്കാതെ ആയിരുന്നു ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിറങ്ങിയത് 37 മാസത്തെ ഡിഎ കുടിശ്ശിക ആയി ഓരോ ജീവനക്കാരോടും ശരാശരി ഒരു ലക്ഷം രൂപ വീതം കടം പറഞ്ഞു നിൽക്കുകയാണ് സർക്കാർ.

മാർക്സിസ്റ്റ് നേതാവ് എ.കെ. ഗോപാലൻ സ്ഥാപിച്ച ഇന്ത്യൻ കോഫീഹൗസ് ശൃഖലയുടെ കാര്യം കൂടി കേൾക്കൂ : തൃശൂർ മുതൽ തെക്കോട്ടുള്ള ഇന്ത്യൻ കോഫീ ഹൗസുകളിൽ 500ൽ ഏറെ ജീവനക്കാരുടെ ഒഴിവുണ്ട്. ഈ ഒഴിവുകൾ നികത്താൻ സർക്കാർ ഇതുവരെ അനുമതി നൽകിയിട്ടില്ല.

ജീവനക്കാരുടെ ക്ഷാമം മൂലം 14 കോഫീ ഹൗസുകൾ പൂട്ടിക്കഴിഞ്ഞു. 2017ൽ എല്ലാ ട്രേഡ് യൂണിയനുകൾക്കും പ്രാതിനിധ്യമുള്ള ഭരണസമിതിയെ സർക്കാർ പിരിച്ചുവിട്ടതോടെയാണ് പ്രശ്നങ്ങൾക്ക് തുടക്കമായത്. കോടതി സർക്കാർ ഉത്തരവ് റദ്ദാക്കി പഴയ ഭരണസമിതിയെ വീണ്ടും അധികാരത്തിലേറ്റി. അന്നു തുടങ്ങിയതാണ് സർക്കാർ വക പക. തൃശൂരിന് വടക്കോട്ടുള്ള കോഫീ ഹൗസുകൾ സി.ഐ.ടി.യു നിയന്ത്രണത്തിലുള്ള സൊസൈറ്റിയുടേതാണ്. അവിടെയുള്ള 59 ബ്രാഞ്ചുകളിലും ജോലിക്കാരെ നിയമിക്കാൻ സർക്കാർ അനുമതി നൽകി എന്നിട്ടും സി.ഐ.ടിയുവിന് ഭരണമില്ലാത്ത കോഫീഹൗസുകൾ ഇന്നും ഗതികേടിൽ തന്നെ. എങ്ങനെയുണ്ട് തൊഴിലാളി ക്ഷേമം?

### പ്രകടനപത്രികയിലെ ‘ചീപ്പ് പ്രകടനങ്ങൾ’

കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ 49 ഇനം നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുമെന്ന് ജനങ്ങൾക്ക് ഉറപ്പ് നൽകിയെങ്കിലും അതൊന്നും നടപ്പായില്ലെന്നതാണ് യാഥാർത്ഥ്യം. മാത്രമല്ല, പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് നിയമനം നടത്താൻ കേരളാ പബ്ലിക് സർവീസ് ബോർഡ് എന്നൊരു സംരംഭം തുടങ്ങിയത് പുതിയ നിയമനങ്ങളിൽ സി.പി.എമ്മിന് മേൽക്കൈ നേടാനാണെന്ന പരാതിയുർന്നിരുന്നു. റിട്ടയർ ചെയ്ത ചീഫ് സെക്രട്ടറിയെ കനത്ത ശമ്പളം നൽകി ഈ ബോർഡിന്റെ തലവനായി നിയമിക്കുകയും ചെയ്തു. ഈ ബോർഡ് പി.എസ്.സി. വഴിയല്ലാതെ 4000ഓളം നിയമനങ്ങൾ നടത്തിക്കഴിഞ്ഞിട്ടുണ്ട്. നിയമനം ലഭിച്ചത് ആർക്കായിരിക്കുമെന്ന് പറയില്ല. കാരണം, അത് പ്രതിപക്ഷത്തുള്ള ട്രേഡ് യൂണിയനുകളുടെ ജോലിയാണ്.

### മനുഷ്യജീവന് ഒരു വിലയുമില്ലേ?

തെരഞ്ഞെടുപ്പ് കമ്മീഷൻ വക എസ്.ഐ.ആർ നടപ്പാക്കൽ രാജ്യത്തെ ഒരു പറ്റം സർക്കാർ ജീവനക്കാരെ ആത്മഹത്യയിലേക്ക് തള്ളിവിട്ടിട്ടും ഇന്ന് കേരളത്തിലെ എസ്.ഐ.ആർ. നടപ്പാക്കുന്നതിനെതിരെ പുറപ്പെടുവിച്ച വിധിയിൽ ആ ഹതഭാഗ്യരെപ്പറ്റി പരാമർശമില്ലെന്നാണ് അറിയുന്നത്. കേസ് ഡിസബർ 2ലേക്ക് മാറ്റിയ സുപ്രീം കോടതിയിൽ ബി.എൽ.ഒ.മാരുടെ ദുരവസ്ഥയെപ്പറ്റി രാഷ്ട്രീയ പാർട്ടികളുടെ അഭിഭാഷകർ മൗനംപാലിക്കുകയാണോ ഉണ്ടായത്? അങ്ങനെ മൗനം പാലിച്ചിട്ടുണ്ടെങ്കിൽ, മനുഷ്യാവകാശ ലംഘനത്തിന് ചൂട്ടുപിടിക്കലാകുമെന്നാണ് രാഷ്ട്രീയ നിരീക്ഷകർ കരുതുന്നത്.

### തദ്ദേശയുദ്ധങ്ങളിലെ ഒളിപ്പോരുകൾ

കേരളത്തിലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഇത്തവണ ഒളിപ്പോരിനായിരിക്കും പ്രാധാന്യം. ഒരു സ്ഥാനാർത്ഥിയെ ജയിപ്പിക്കുന്നതിനെക്കാൾ തോൽപ്പിക്കുന്നതിനുള്ള കുതന്ത്രങ്ങളാണ് ഓരോ രാഷ്ട്രീയ പാർട്ടികളുടെയും അണിയറ തന്ത്രങ്ങളായി പരിണമിക്കാൻ പോകുന്നത്. വിമത സ്ഥാനാർത്ഥികളും മൽസരിക്കാൻ സ്ഥാനാർത്ഥികളെ നിർത്താത്തതും ഇത്തരം കുതന്ത്രങ്ങളിൽ പെടും. ബി.ജെ.പി. ഇത്തവണത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ 846 സീറ്റുകളിൽ സ്ഥാനാർത്ഥികളെ നിർത്തിയിട്ടില്ല. സ്ഥാനാർത്ഥികളെ നിർത്താത്ത സീറ്റുകളിൽ ബി.ജെ.പി. ഏതെങ്കിലും ഒരു സ്ഥാനാർത്ഥിക്കുവേണ്ടി കുതന്ത്രം പയറ്റുമായിരിക്കാം. തിരുവനന്തപുരം ജില്ലയിൽ ഏഴ് വിമത സ്ഥാനാർത്ഥികളുള്ള ബി.ജെ.പി. 50 സീറ്റുകളിൽ സ്ഥാനാർത്ഥികളെ നിർത്തിയിട്ടില്ല. തിരുവനന്തപുരത്തെ 14 നിയമസഭാമണ്ഡലങ്ങളിലും 13 ഉം ഇടതുമുന്നണിയുടെ കൈകളിലാണ്. ഇവിടെ 92 വാർഡുകൾ തോന്നിയതുപോലെ വെട്ടിമുറിച്ച് സി.പി.എം. ന് ജയിക്കാൻ ‘ഇടത് ഉദ്യോഗസ്ഥ ലോബി’ വഴിയൊരുക്കിയിട്ടുണ്ട്. എന്നാൽ പല റസിഡന്റ്സ് അസോസിയേഷനുകളും ഇക്കാര്യത്തിൽ കലിപ്പിലാണ്. ബി.ജെ.പി. പിന്തുണയോടെയാണെങ്കിലും തിരുവനന്തപുരം നഗരസഭ കൈപ്പിടിയിലൊതുക്കാനുള്ള സി.പി.എം.ന്റെ തന്ത്രത്തിലെ ആദ്യ ചുവടായി യു.ഡി.എഫ്. ഈ നീക്കത്തെ കാണുന്നു. ബി.ജെ.പി.യുടെ സഖ്യകക്ഷിയായ ബി.ഡി.ജെ.എസിന് കുറെയെല്ലാം സ്വാധീനമുള്ള കോട്ടയം ജില്ലയിൽ 169 സീറ്റുകളിൽ ബി.ജെ.പി. മൽസരിക്കുന്നില്ല. മുസ്ലീം ഭൂരിപക്ഷമുള്ള പ്രദേശങ്ങളിൽ സ്ഥാനാർത്ഥികൾ വേണ്ടെന്നുള്ള നിലപാട് കൊണ്ടാകാം അവിടെ 1200 സീറ്റുകളാണ് ബി.ജെ.പി. മൽസരിക്കാതെ ഒഴിവാക്കിയത്.

പാലക്കാട്ട് 158, കണ്ണൂർ 491, ഇടുക്കി 220 എന്നിങ്ങനെയാണ് ബി.ജെ.പി. മൽസരിക്കാത്ത സീറ്റുകളുടെ കണക്ക്. വിമതരുടെ കണക്ക് നോക്കുമ്പോഴും യു.ഡി.എഫ്. പട്ടികയിൽ ഏറ്റവും കൂടുതലുള്ളത് തിരുവനന്തപുരം 29, കണ്ണൂർ 30, തൃശൂർ 28, പാലക്കാട് 27 എറണാകുളം 23 എന്നീ ജില്ലകളിലാണ്. ആലപ്പുഴയിൽ ഇടതുമുന്നണിക്ക് 34 വിമതരുണ്ട്, പാലക്കാട്ട് 41 പേരും. പാർട്ടിയേതായാലും സീറ്റ് വേണമെന്ന മട്ടിലുള്ള ഈ പഞ്ചായത്ത് തെരഞ്ഞെടുപ്പ് ജനാധിപത്യത്തിലെ പുതിയ ഒളിയുദ്ധങ്ങളുടെ പരീക്ഷണശാലയായി മാറാം.

# മനുഷ്യനെപ്പോലെ തന്നെ ചിന്തിക്കാൻ ശേഷിയുള്ള റോബട്ടുകൾ വരുന്നു..!

ഡൽഹി ഡെർബാർ

1956ൽ യന്ത്രബുദ്ധിയെ കുറിച്ച് അമേരിക്കൻ ശാസ്ത്രജ്ഞനായ ജോൺ മക്കാർത്തിതുടങ്ങിവച്ചപഠനംഇന്ന്ലോകമെമ്പാടും അത്യാവേശത്തോടെ കത്തിപ്പടരുകയാണ്. ചിന്തിക്കാനും പഠിക്കുവാനും തീരുമാനമെടുക്കാനുമുള്ള കഴിവാണ് മനുഷ്യരെ യന്ത്രങ്ങളിൽ നിന്നും വേറിട്ട് നിർത്തുന്നത്. ഇത്തരം കഴിവുകൾ മനുഷ്യനെക്കാൾ മികച്ച രീതിയിൽ പ്രകടിപ്പിക്കാൻ കഴിയുന്ന യന്ത്രങ്ങൾ വന്നാൽ എന്തായിരിക്കും സംഭവിക്കുക?


അതേ, അതുതന്നെ സംഭവിക്കാൻ പോകുന്നു. സദൃശ്യത്തിലും പെരുമാറ്റത്തിലുമൊക്കെ തികച്ചും മനുഷ്യരെപ്പോലെ തന്നെ തോന്നിപ്പിക്കുന്ന റോബട്ടുകളെ കമ്പോളത്തിലെത്തിക്കാൻ തയ്യാറെടുത്തുവരുകയണത്രെ. മനുഷ്യൻ മാത്രമല്ല, മറ്റു ജീവികളേയും ഇങ്ങനെ സൃഷ്ടിക്കുന്നുണ്ട്.

സ്പർശം. ഗന്ധം, തണുപ്പ്, ചൂട് തുടങ്ങിയവ തിരിച്ചറിയാനും കഴിയുമത്രെ. മാത്രമല്ല, റോബട്ടുകൾക്ക് മനുഷ്യനെപ്പോലെ അനായസം ചലിപ്പിക്കുവാനും മനുഷ്യരെപ്പോലെ കാണുകയും അവയെക്കുറിച്ച് പ്രതികരിക്കുകയും ചെയ്യുക എന്നിങ്ങനെയുള്ള സവിശേഷതകളാണ് ഭാവിയിലെ ഇത്തരം സഹായി റോബട്ടുകൾക്കുണ്ടാകുക.

റബർ, സിലിക്കൺ, ജെൽ, ഇലാസ്റ്റമർ തുടങ്ങി വഴക്കമുള്ള പദാർത്ഥങ്ങൾ കൊണ്ടാകും അവ നിർമ്മിക്കുക. സോഫ്റ്റ് റോബട് എന്ന പേരിൽ അറിയപ്പെടുന്ന ഇവയുടെ ശേഷി വലിയതോതിൽ ഉയർത്തുന്ന ഒരു കണ്ടെത്തൽ നടന്നിരിക്കുന്നു. മനുഷ്യ നേത്രത്തേക്കാൾ മികച്ച കാഴ്ചയുള്ള റോബട് നേത്രങ്ങൾ നിർമ്മിക്കാനാകുമെന്ന് യുഎസിലെ ജോർജിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ വിദഗ്ദ്ധരാണ് ഇവ സൃഷ്ടിച്ചെടുത്തത്.

എന്തിനേറെ, ഗർഭിണിയാകാൻ കഴിവുള്ള റോബട്ടിനെ 2026ൽ പുറത്തിറക്കുമെന്നാണ് കൈവ ടെക്നോളജിയുടെ സ്ഥാപകൻ ഡോ. ഷാങ് ക്യുഫെങ് ബെയ്ജിങ്ങിൽ നടത്തിയ ലോക റോബോട്ട് കോൺഫറൻസിൽ പ്രഖ്യാപിച്ചത്.

എന്തുതന്നയായാലും യന്ത്രബുദ്ധി മനുഷ്യവംശത്തിനു കിട്ടിയ വിലമതിക്കാനാവാത്ത വരദാനങ്ങളിലൊന്നാണ് എന്ന് നിസംശയം പറയാം. പക്ഷേ, ധർമ്മാധർമ്മ വിവേചനത്തോടെ ആയിരിക്കുമോ അതിന്റെ പ്രയോഗമെന്ന കാര്യത്തിൽ മാത്രമാണ് ആശങ്ക. നിരവധി ആളുകൾ ഇന്ന് എഐ ആപ്പുകൾ വിവിധ കാര്യങ്ങൾക്കായി ഉപയോഗിക്കുന്നു. ചാറ്റ്ജിപിടി പോലുള്ളവ പലരും വ്യാപകമായി ഉപയോഗിച്ചുവരുന്നുണ്ട്. ശാസ്ത്രസാങ്കേതികവിദ്യകളുടെ അതിദ്രുതവികാസം മനുഷ്യർക്കു നന്മകൾ മാത്രമല്ല പ്രദാനം ചെയ്തിട്ടുള്ളതെന്ന മുൻകാലാനുഭവം നമ്മുടെ മുമ്പിലുണ്ട്.



ശരാശരി മനുഷ്യർക്കപോലും മുൻകാലങ്ങളിൽ 'പയറ്റു മുക്കാൽ ഏഴര' എന്നരീതിയിൽകണക്കുകൂട്ടിലക്ഷങ്ങളുടെ കണക്ക് നിഷ്പ്രയാസം കണ്ടെത്താനാകുമായിരുന്നു. അതുപോലെ കുറെയേറെ ടെലിഫോൺ നമ്പർ ഓർത്തുവയ്ക്കുവാനും കഴിഞ്ഞിരുന്നു. കാൽക്കുലേറ്ററും മൊബൈൽ ഫോണും വന്നതോടെ കണക്കുകൂട്ടലുകൾ കാൽക്കുലേറ്ററിലായി.മൊബൈൽഫോണുകളിൽ കോൺടാക്റ്റുകൾ സേവ് ചെയ്യാൻ തുടങ്ങിയതോടെ ആ കഴിവിലും കുറവുവന്നു. എന്തിന് സ്വന്തം മക്കളുടേയോ ഭാര്യയുടേയോ മാതാപിതാക്കളുടേയോ ഫോൺ നമ്പർ കാണാതെ അറിയാവുന്നവർ ചുരുക്കമായി.

ഇതുപോലെ തന്നെ മനുഷ്യന്റെ ഗവേഷണബുദ്ധി, വലിയ അളവിലുള്ള വിവരശേഖരങ്ങളിൽ നിന്നു വേണ്ടത് വേർതിരിച്ചെടുക്കാനുള്ള കഴിവ്, തീരുമാനങ്ങളെടുക്കാനുള്ള ശേഷി സർഗശക്തി എന്നിവയിലൊക്കെ യന്ത്രബുദ്ധി ഇടിവുവരുത്തിക്കൊണ്ടിരിക്കുകയാണ്. അതുപോലെ തന്നെ ഉദരത്തിലെ മനുഷ്യജീവൻ നേരിടുന്ന ഉപജാപങ്ങൾ മുതൽ, കൂട്ടനശീകരണ ശേഷിയുള്ള ആയുധങ്ങൾ വരെയുള്ള കെടുതികൾ ശാസ്ത്രം മനുഷ്യർക്കു സമ്മാനിച്ചതാണ്.

ഭ്രൂണഹത്യയും ഒരൊറ്റ ഭ്രൂണത്തിനുവേണ്ടി ഒരുകൂട്ടം ഭ്രൂണങ്ങളെ ജനിപ്പിച്ചു കൊല്ലുന്ന കൃത്രിമ ഗർഭധാരണ വിദ്യകളും മനുഷ്യശരീരത്തെ ക്രയവിക്രയ വസ്തുവാക്കുന്ന വാടകഗർഭവും ഡിസൈനർ ശിശുക്കളെ നിർമ്മിക്കുന്ന യൂജെനിക്സും കാരുണ്യവധത്തെ അധികമധികം സ്വീകാര്യമാക്കി മാറ്റുന്ന സംവാദങ്ങളുമെല്ലാം ശാസ്ത്രപുരോഗതിയുടെ ഉപോൽപന്നങ്ങളാണല്ലോ. പൊതുഭവനത്തിന്റെ പാരിസ്ഥിതിക നിലനിൽപിനെ സംശയമുനമ്പിൽ ആക്കിയതും ശാസ്ത്ര സാങ്കേതികവികാസം സൃഷ്ടിച്ച വ്യവസായവിപ്ലവം ആണെന്നും നമുക്കറിയാം.

കണ്ണുതുറന്നു പിടിച്ചുകൊണ്ട് ലോകം ഒരു മഹാഗർത്തത്തിനു നേരെ കുതിച്ചുപായുമ്പോൾ, അതു വിളിച്ചു പറയുന്ന ലോകമനസ്സാക്ഷിയുടെ പങ്കു നിർവഹിക്കുക നാമോരോരുത്തരടേയും ഉത്തരവാദിത്വമാണ്. നിർമ്മിത ബുദ്ധിയുടെ തീരുമാനങ്ങൾ മനുഷ്യരുടെ നിയന്ത്രണത്തിന് വിധേയമായിരിക്കേണ്ടതു മനുഷ്യാന്തസിന്റെ ആവശ്യമാണ്. സ്വതന്ത്രമായി തീരുമാനങ്ങൾ എടുക്കാൻ കഴിയുന്ന യന്ത്രങ്ങൾ ആവിഷ്കരിക്കപ്പെട്ടുകൊണ്ടിരിക്കുമ്പോൾ തങ്ങളെക്കുറിച്ച് തീരുമാനമെടുക്കാനുള്ള മനുഷ്യരുടെ കഴിവ് എടുത്തുമാറ്റി, അവരെ യന്ത്രങ്ങളുടെ തിരഞ്ഞെടുപ്പിനു വിട്ടുകൊടുത്താൽ മനുഷ്യവംശത്തിന്റെ ഭാവി പ്രത്യാശാരഹിതം ആകും. നിർമ്മിത ബുദ്ധിയുടെ എല്ലാ തിരഞ്ഞെടുപ്പുകൾക്കും മേൽ മനുഷ്യരുടെ ശരിയായ നിയന്ത്രണത്തിനുള്ള ഇടം നാം ഉറപ്പിക്കേണ്ടിയിരിക്കുന്നു.

കലയും സാഹിത്യവും മുതൽ, ആയുധനിർമ്മാണവും വൈദ്യശാസ്ത്രവും വരെയുള്ള രംഗങ്ങളിലേക്കു നിർമ്മിതബുദ്ധി കടന്നു കയറിയിരിക്കുന്നു. സകലമേഖലകളെയും അത് സ്വാധീനം ചെലുത്താനും തുടങ്ങിയിരിക്കുന്നു. വെറുമൊരു സാങ്കേതികവിദ്യാ കണ്ടുപിടിത്തമല്ല നിർമ്മിതബുദ്ധി. അതു വൈദ്യുതി പോലെയും വിവര സാങ്കേതികവിദ്യ പോലെയും പുതിയ ഇന്ധനങ്ങളുടെ കണ്ടെത്തൽ പോലെയും പ്രപഞ്ച വ്യവഹാരങ്ങളെയാകെ നിശ്ചയമായും സ്വാധീനിക്കുന്ന ഒന്നാണ്. തങ്ങളെക്കുറിച്ച് തീരുമാനമെടുക്കാനുള്ള മനുഷ്യരുടെ കഴിവ് എടുത്തുമാറ്റി, അവരെ യന്ത്രങ്ങളുടെ തിരഞ്ഞെടുപ്പിനു വിട്ടുകൊടുത്താൽ മനുഷ്യവംശത്തിന്റെ ഭാവി പ്രത്യാശാരഹിതമാകും. ഇപ്പോൾ തന്നെ ചൈനയുടെ തെരുവീഥിളിലൂടെ ഡ്രൈവർ ഇല്ലാ കാറുകൾ പായാൻ തുടങ്ങിയിരിക്കുന്നു.

ഇതൊക്കെ സൃഷ്ടിക്കുന്നവർ ഒരിക്കലുംഉദ്ദേശിച്ചിട്ടില്ലാത്തസദ്ഫലങ്ങൾമാത്രമല്ല, പ്രത്യാഘാതങ്ങളും നിർമ്മിത ബുദ്ധി സൃഷ്ടിച്ചേക്കും. പല രംഗങ്ങളിൽ നിന്നും അതിനുള്ള സൂചനകൾ ഇതിനകം ലഭ്യമായിക്കഴിഞ്ഞു. പ്രശ്നങ്ങൾക്ക് അപ്രതീക്ഷിതവും അത്ഭുതാവഹവുമായ പരിഹാരങ്ങൾ അവതരിപ്പിക്കാൻ മാത്രമല്ല, പരിഹാരം അതിവിദൂരസ്ഥമായ പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കാനും നിർമ്മിതബുദ്ധിക്കു കഴിയും.

മനുഷ്യന്റെ തലച്ചോറ് പോലെ കമ്പ്യൂട്ടറിന് ഓർമ്മിച്ചുവയ്ക്കാൻ പറ്റുന്ന മെമ്മറി വികസിപ്പിച്ചെടുത്തത് ജോൺ ഹോപ്ഫീൽഡ് ആയിരുന്നു. അസോസിയേറ്റഡ് മെമ്മറി എന്നാണ് ഇതിനെ വിശേഷിപ്പിക്കുന്നത്. ചിത്രങ്ങളിലെ തിരിച്ചറിയാവുന്ന വസ്തുക്കൾ ഡേറ്റയായി ഓർമ്മിച്ചുവയ്ക്കാൻ കമ്പ്യൂട്ടറിനെ സഹായിക്കുന്ന മാതൃകകൾ നിർമ്മിച്ചത് ജെഫ്രി ഹിന്റനായിരുന്നു. നിർമ്മിത ബുദ്ധിയുടെ തലതൊട്ടപ്പൻ എന്നാണ് പ്രൊഫ. ഹിന്റനെ വിശേഷിപ്പിക്കുന്നത്. നിർമ്മിത ബുദ്ധി അടുത്ത രണ്ടു പതിറ്റാണ്ടിനുള്ളിൽ മനുഷ്യരാശിയെ തുടച്ചുനീക്കുമെന്നും അപകടസാധ്യതയുണ്ടെന്നും മുന്നറിപ്പു നൽകിയ ആളാണ് 2023ൽ ഗൂഗിളിൽനിന്ന് രാജിവച്ചിറങ്ങിപ്പോയ ഹിന്റൺ.

അതുകൊണ്ടാണിപ്പോൾ ലോകമെങ്ങും ഉത്തരവാദിത്വമുള്ള മനുഷ്യർ നിർമ്മിതബുദ്ധിയുടെ നൈതികത രൂപപ്പെടുത്താനായി ആലോചനാപൂർവം പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. സുതാര്യത, നിഷ്പക്ഷത, ഉത്തരവാദിത്വബോധം, വിശ്വാസ്യത, സുരക്ഷ, സ്വകാര്യതാ സംരക്ഷണം തുടങ്ങിയവ എഐ നൈതികതയുടെ അടിസ്ഥാന സ്തംഭങ്ങളായിരിക്കണമെന്ന് സന്മനസ്സുള്ളവരെല്ലാം ആഗ്രഹിക്കുന്നു. നമ്മേ സംബന്ധിച്ച് സകലതിന്റെയും അളവകോലായി എന്നും നിലനിൽക്കുന്നത് മനുഷ്യാന്തസ്സാണ്.

സമഗ്ര മനുഷ്യവികസനത്തിനു ചാലകശക്തികളാകുകയാണ് ശാസ്ത്ര സാങ്കേതികവിദ്യകളുടെയെല്ലാം ധർമ്മം. മനുഷ്യാന്തസ്സിനെ പ്രത്യക്ഷമായോ പരോക്ഷമായോ ഹനിക്കാവുന്ന യാതൊന്നും മനുഷ്യരുണ്ടാക്കരുത്. നിർമ്മിത ബുദ്ധിരംഗത്തു പ്രവർത്തിക്കുന്ന അനേകർ ഇതിനെ മനുഷ്യ കേന്ദ്രീകൃതമായി നിറുത്താനും നന്മ ലക്ഷ്യമിടുന്നതാക്കാനും സവിശേഷമായ ശ്രദ്ധ കൊടുക്കുന്നവർ തന്നെയാണ്. അതേസമയം തന്നെ, ഇതു കൂടുതൽ പ്രചരിക്കുകയും കൂടുതൽ പേരുടെ കൈകളിലെത്തുകയും ചെയ്യുമ്പോൾ അപഭ്രംശങ്ങൾ സംഭവിക്കാനുള്ള സാധ്യതയും മുന്നിൽ കാണണം. ഐക്യരാഷ്ട്രസഭയും വിവിധ രാജ്യാന്തരസംഘടനകളും വൻ സാങ്കേതികവിദ്യാസ്ഥാപനങ്ങളും ഭരണകൂടങ്ങളും നിർമ്മിതബുദ്ധിയുടെ നൈതികത ശ്രദ്ധാവിഷയമായി എന്നും നിലനിറത്തേണ്ടതുണ്ട്.

എമ എൽസ എവിൻ

> **മനുഷ്യരെ യന്ത്രങ്ങളിൽ നിന്നും വേറിട്ട് നിർത്തുന്നത് ചിന്തിക്കാനും പഠിക്കുവാനും തീരുമാനമെടുക്കാനുമുള്ള കഴിവാണ്. ഇത്തരം കഴിവുകൾ മനുഷ്യരേക്കാൾ മികച്ച രീതിയിൽ പ്രകടിപ്പിക്കാൻ കഴിയുന്ന യന്ത്രങ്ങൾ വന്നാൽ എന്തായിരിക്കും സംഭവിക്കുക...? അതേ, അതുതന്നെ സംഭവിക്കാൻ പോകുന്നു. സദൃശ്യത്തിലും പെരുമാറ്റത്തിലുമൊക്കെ തികച്ചും മനുഷ്യരെപ്പോലെതന്നെ തോന്നിപ്പിക്കുന്ന റോബട്ടുകളെ കമ്പോളത്തിലെത്തിക്കാൻ തയ്യാറെടുത്തു വരുകയണത്രെ..!**

# ഇന്ത്യയുടെ ക്രൂഡ് ഓയിൽ ഖനി വറ്റുന്നു

റഷ്യയാണ് ഇന്ത്യയുടെ ഏറ്റവും വലിയ ക്രൂഡ് ഓയിൽ വിതരണക്കാർ. എന്നാൽ റഷ്യയിൽ നിന്നുള്ള ഇറക്കുമതി അടുത്ത മാസങ്ങളിൽ കുത്തനെ ഇടിയുമെന്നാണ് വിലയിരുത്തൽ. നവംബർ 21 മുതൽ പ്രാബല്യത്തിൽ വന്ന പുതിയ അമേരിക്കൻ ഉപരോധങ്ങൾ റഷ്യയുടെ ഏറ്റവും വലിയ എണ്ണ കമ്പനികളായ റോസ്നെഫ്റ്റും ലുക്കോയിലും ഉൽപ്പാദിപ്പിക്കുന്ന ക്രൂഡിനെ 'സാങ്ഷൻ മോളിക്യൂൾ' ആക്കി മാറ്റിയിരിക്കുന്നു. ഇതോടെ ഇന്ത്യൻ റിഫൈനറികൾക്ക് ഈ കമ്പനികളിൽ നിന്ന് നേരിട്ട് എണ്ണ വാങ്ങാനുള്ള സാധ്യത പൂർണമായും അടഞ്ഞിരിക്കുകയാണ്.

ഈവർഷംഇതുവരെറഷ്യയിൽനിന്ന് ശരാശരി പ്രതിദിനം 17 ലക്ഷം ബാരൽ എണ്ണയാണ് ഇന്ത്യ ഇറക്കുമതി ചെയ്തിരുന്നത്.ഉപരോധംവരുന്നതിന്മുമ്പ്പരമാവധി വാങ്ങാൻ ശ്രമിച്ചതിനാൽ നവംബറിൽ ഇത് 18-19 ലക്ഷം ബാരൽ വരെയെത്തിയിരുന്നു. എന്നാൽ ഡിസംബർ മുതൽ ഈ ഒഴുക്ക് 75-80 ശതമാനം കുറഞ്ഞ് ഏകദേശം നാല് ലക്ഷം ബാരൽ മാത്രമായി ചുരുങ്ങുമെന്നാണ് വിദഗ്ധർ പ്രവചിക്കുന്നത്. റിലയൻസ് ഇൻഡസ്ട്രീസ്, എച്ച്പിസിഎൽമിറ്റൽ എനർജി, മംഗളൂർ റിഫൈനറി തുടങ്ങിയ പ്രമുഖ കമ്പനികൾ ഇതിനകം റഷ്യൻ എണ്ണ ഇറക്കുമതി താൽക്കാലികമായി നിർത്തുകയും ചെയ്തു.



റോസ്നെഫ്റ്റിന്റെ ഉടമസ്ഥതയിലുള്ള നയാര എനർജി മാത്രമാണ് ഇപ്പോഴും തുടരുന്നത്. ഇതിന്റെ കാരണം അവർക്ക് റഷ്യൻ എണ്ണയെ ആശ്രയിക്കാതെ പ്രവർത്തിക്കാൻ സാധിക്കില്ല എന്നതാണ്. അതേ സമയം അമേരിക്കൻ ഉപരോധം റഷ്യൻ എണ്ണയെ മൊത്തത്തിൽ നിരോധിച്ചിട്ടില്ലെന്നതാണ് ശ്രദ്ധേയം. സുർഗുട്നെഫ്റ്റ്ഗാസ്, ഗാസ്പ്രോം നെഫ്റ്റ് തുടങ്ങിയ ഉപരോധമേൽക്കാത്ത കമ്പനികളുടെ എണ്ണ ഇപ്പോഴും വാങ്ങാം. പക്ഷേ ഉപരോധമേറ്റ കപ്പലുകൾ, ബാങ്കുകൾ, ഇടനിലക്കാർ, ഇൻഷുറൻസ് സേവനങ്ങൾ എന്നിവ ഉപയോഗിക്കരുതെന്ന് മാത്രമാണ് നിബന്ധന.

കഴിഞ്ഞ രണ്ട് വർഷമായി വൻ കിഴിവിൽ ലഭിച്ച റഷ്യൻ ക്രൂഡാണ് ഇന്ത്യൻ റിഫൈനറികളുടെ റെക്കോർഡ് ലാഭവും പെട്രോൾഡീസൽ വിലയിടിവും സാധ്യമാക്കിയത്. ഇപ്പോൾ ആ കിഴിവ് എണ്ണയുടെ ഭൂരിഭാഗവും നഷ്ടപ്പെടുന്നതോടെ റിഫൈനറികളുടെ ലാഭം കുറയുകയും ഇന്ധന വിലയിൽ സമ്മർദം ഉണ്ടാവുകയും ചെയ്യും. റിലയൻസ് ജാംനഗർ SEZ റിഫൈനറി നവംബർ 20 മുതൽ റഷ്യൻ എണ്ണ സ്വീകരിക്കുന്നത് പൂർണമായി നിർത്തി.

ഈ കുറവ് നികത്താൻ ഇന്ത്യ ഇപ്പോൾ മിഡിൽ ഈസ്റ്റ്, ലാറ്റിൻ അമേരിക്ക, പശ്ചിമ ആഫ്രിക്ക, വടക്കേ അമേരിക്ക എന്നിവിടങ്ങളിൽ നിന്ന് കൂടുതൽ എണ്ണ ഇറക്കുമതി ചെയ്യാൻ നിർബന്ധിതമാകും. പക്ഷേ ഈ എണ്ണകൾക്ക് റഷ്യൻ ക്രൂഡിന്റെ കിഴിവ് ലഭിക്കില്ല. എങ്കിലും പൂർണമായ നിലച്ചുപോക്ക് ഉണ്ടാകില്ലെന്നാണ് വിലയിരുത്തൽ. കിഴിവ് എണ്ണയ്ക്ക് വേണ്ടി ഇന്ത്യ കൂടുതൽ സങ്കീർണവും സുതാര്യമല്ലാത്തതുമായ ചാനലുകളിലൂടെ വാങ്ങൽ തുടരും.

ഇന്ത്യയുടെ ഊർജ്ജ നയത്തിൽ ഇന്ധനവില കുറയ്ക്കുക, വിതരണ സുരക്ഷിതത്വം ഉറപ്പാക്കുക എന്നതിനാണ് എപ്പോഴും മുൻഗണന. അതുകൊണ്ട് തന്നെ റഷ്യൻ ടാങ്കറുകളുടെ എണ്ണം കുറഞ്ഞാലും പുതിയ മറയിട്ട പാതകളിലൂടെ ഒഴുക്ക് തുടരും. എന്നാൽ ആ പാതകളുടെ ചെലവ്, സുരക്ഷിതത്വം, സുതാര്യത എന്നിവ ഇന്ത്യൻ റിഫൈനറികൾക്ക് പുതിയ വെല്ലുവിളിയാകും എന്ന വിലയിരുത്തലുകളും ഉണ്ട്.

അമേരിക്ക-റഷ്യ സംഘർഷം തുടരുന്നിടത്തോളം ഇന്ത്യയുടെ ഏറ്റവും വലിയ എണ്ണ വിതരണക്കാരനിൽ നിന്നുള്ള ഒഴുക്ക് അനിശ്ചിതത്വത്തിലേക്കാണ് നീങ്ങുന്നത് എന്ന സൂചനയും ഉണ്ട്.

# ശൈത്യകാലത്തെ അലസത മാറ്റാൻ ഈ യോഗാസനങ്ങൾ പരീക്ഷിക്കൂ!

താപനില കുറയുമ്പോൾ, നമ്മളിൽ പലരും അലസതയ്ക്ക് അടിമപ്പെടും. കിടക്കയിൽ നിന്ന് എഴുന്നേൽക്കാൻ, കുളിക്കാൻ തുടങ്ങാൻ, അങ്ങനെ പലതും ചെയ്യാൻ പ്രയാസമായിരിക്കും. പ്രത്യേകിച്ച് ശൈത്യകാലത്ത് ഈ സീസണൽ മന്ദത നമ്മുടെ ശരീരത്തെയും മനസ്സിനെയും ബാധിക്കും. എന്നാൽ യോഗ നമ്മുടെ ശരീരത്തിന് ഒരു സൗമ്യവും സ്വാഭാവികവുമായ ഹീറ്ററായി പ്രവർത്തിക്കുന്നത് ഇവിടെയാണ്.

ഇത് പ്രതിരോധശേഷി വർദ്ധിപ്പിക്കാനും, രക്തചംക്രമണം മെച്ചപ്പെടുത്താനും, മാനസികാവസ്ഥ ഉയർത്താനും, ശൈത്യകാലത്തെ സുഖകരവും എന്നാൽ അലസവുമായ അന്തരീക്ഷത്തിൽ നിന്ന് രക്ഷപ്പെടാനും സഹായിക്കുന്നു. ഈ ലേഖനത്തിൽ, നിരന്തരമായ അലസതയെ ചെറുക്കാൻ നിങ്ങൾക്ക് ഈ ശൈത്യകാലത്ത് പരീക്ഷിക്കാവുന്ന യോഗ ആസനങ്ങൾ പരിചയപ്പെടാം.



### ഭുജംഗാസനം

മുഖം നിലത്തേക്ക് അഭിമുഖമായി തറയിൽ കിടക്കുക. ഇനി, നിങ്ങളുടെ കൈപ്പത്തികൾ വശങ്ങളിൽ വയ്ക്കുക, പതുക്കെ ശരീരം ഉയർത്തുക.

ഈ ഘട്ടത്തിൽ, നിലത്ത് തൊടുന്ന ശരീരഭാഗങ്ങൾ നിങ്ങളുടെ കൈപ്പത്തികളും താഴത്തെ ശരീരവും മാത്രമായിരിക്കണം. ഈ സ്ഥാനം 30 സെക്കൻഡ് പിടിച്ച് വിടുക. ദിവസവും 34 തവണ ആവർത്തിക്കുക

### ത്രികോണാസനം

ഇരു കാലും മൂന്നടിയോളം അകത്തിവച്ചു നട്ടെല്ലു നിവർന്നു നിൽക്കുക. അതോടൊപ്പം കൈ രണ്ടും ശരീരത്തിന് ഇരുവശത്തേക്കും നീട്ടി തറയ്ക്കു സമാന്തരമായി കമഴ്ത്തിപ്പിടിക്കുക. ഈ നിലയിൽ ദീർഘമായി ശ്വാസം എടുക്കുകയും ശ്വാസം വിട്ടുകൊണ്ടു ശരീരം മുഴുവനായും വലതുവശത്തേക്കു തിരിക്കുകയും ചെയ്യുക. ശ്വാസമെടുത്തുകൊണ്ടു നിവർന്നു വരികയും വീണ്ടും ശ്വാസം വിട്ടുകൊണ്ട് ഇടതുവശത്തേക്കു തിരിക്കുകയും ചെയ്യുക. ഇതേ പോലെ ഇരുവശങ്ങളിലേക്കും മാറിമാറി അഞ്ചോ ആറോ തവണ ആവർത്തിക്കാം. ഇങ്ങനെ ശരീരം തിരിയുമ്പോൾ കൈ രണ്ടും ഒരേ നേർരേഖയിലാകണം.

### സേതുബന്ധാസനം

സേതുബന്ധാസനം ശരീരത്തിന് കൂടുതൽ സ്ട്രെച്ച് നൽകുന്നു. ഇത് നിങ്ങളുടെ നെഞ്ച്, കഴുത്ത്, നട്ടെല്ല്, കാലുകൾ, നിതംബം, താഴത്തെ പുറം എന്നിവയെ ശക്തിപ്പെടുത്തുകയും മികച്ച സ്ട്രെച്ച് നൽകുകയും ചെയ്യുന്നു. സമ്മർദ്ദവും ഉത്കണ്ഠയും കുറയ്ക്കുന്നതിനും ആർത്തവ അസ്വസ്ഥതകൾക്ക് പരിഹാരം കാണുന്നതിനും സഹായിക്കുന്നു. സേതുബന്ധാസനം ചെയ്യുന്നതിന് വേണ്ടി ആദ്യം മലർന്ന് കിടന്ന് കാൽമുട്ടുകൾ വളച്ച്, നിങ്ങളുടെ പാദങ്ങൾ തറയിൽ ഉറപ്പിക്കുക. പതുക്കേ ഇടുപ്പ് ഭാഗം ഉയർത്തുക. കൈകൾ ശരീരത്തോട് ചേർത്ത് വെക്കുന്നതിന് ശ്രദ്ധിക്കുക. ഇത് പോലെ തന്നെ താഴേക്കും വരുക. ദിനവും സേതുബന്ധാസനം ആവർത്തിക്കാവുന്നതാണ്. ഇത് നിങ്ങളുടെ ആരോഗ്യത്തെ സഹായിക്കുന്നു.

### തടാസനം

പർവ്വതത്തെ പോലെ സ്ഥിരതയും, ബലവും, ശക്തമായ അടിത്തറയും നൽകുന്ന ആസനമാണിത്. യഥാർത്ഥത്തിൽ നിൽക്കുക മാത്രമാണ് ഈ യോഗാസനത്തിൽ ചെയ്യുന്നത്. പക്ഷേ നിൽക്കുമ്പോൾ ശരീരം നേരെ, തറയിൽ ഉറച്ച് നിൽക്കുന്നു. വളരെ ലളിതമായി തോന്നാമെങ്കിലും വണ്ണം കുറയ്ക്കുന്നതിനും ശരീരത്തെ ബലപ്പെടുത്തുന്നതിനും മനസ്സിന് സമാധാനവും കൂടുതൽ ഉണർവ്വും നൽകുന്നതിനും ധാരണ മെച്ചപ്പെടുത്തുന്നതിനും ഈ യോഗാസനം ഫലപ്രദമാണ്.

### ഉഷ്ട്രാസനം


മുട്ടുകുത്തി നിവർന്നു നിൽക്കുക. മുട്ടിനു താഴോട്ടുള്ള ഭാഗവും കാൽപ്പാദങ്ങളും തറയിൽ പതിച്ചു വയ്ക്കുക. കാൽമുട്ടുകൾ തമ്മിലുള്ള അകലവും കാൽപ്പാദങ്ങൾ തമ്മിലുള്ള അകലവും രണ്ടരയിടയോളം വേണം. അതിനുശേഷം ശ്വാസം എടുത്തുകൊണ്ട് പുറകോട്ടു വളഞ്ഞ് ഇരു കൈകൾ കൊണ്ടും അതതു വശത്തെ കാലുകളുടെ ഉപ്പൂറ്റിയിൽ പിടിക്കുക. പിന്നീട് നടു മുന്നോട്ടു തള്ളി തല പുറകോട്ടു വളച്ചു പിടിച്ച് ശ്വാസം വിടുകയും എടുക്കുകയും ചെയ്യാവുന്നതാണ്. ബുദ്ധിമുട്ടു വരുമ്പോൾ പൂർവസ്ഥിതിയെ പ്രാപിക്കുക. ഇതുപോലെ ഒന്നോ രണ്ടോ തവണ കൂടി ചെയ്യേണ്ടതാണ്. ശരീരത്തിലെ സകല ഗ്രന്ഥികളെയും ഉത്തേജിപ്പിക്കുന്നതിന് ഈ ആസനം സഹായിക്കുന്നു.

### വിപരീത കർണി

ചുമരിനോട് ചേർത്ത് കാലുകൾ പൊക്കി വയ്ക്കുന്ന യോഗയാണ് ഇത്. ഇത് ചെയ്യേണ്ട വിധം എങ്ങനെയാണെന്ന് നോക്കാം. ഭിത്തിയോട് ചേർന്ന് കിടന്ന് കാലുകൾ രണ്ടും ഭിത്തിയോട് ചേർത്ത് മുകളിലേയ്ക്ക് ഉയർത്തി വെക്കുക. ഇങ്ങനെ ഉയർത്തിപ്പിടിക്കുമ്പോൾ കാലിന്റെ മുട്ടുകൾ മടങ്ങാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഭിത്തി/ചുമര് നിങ്ങളുടെ കാലുകൾക്ക് താങ്ങായി ഉപയോഗിക്കുക. ആവശ്യമെങ്കിൽ നിങ്ങളുടെ മുതുകിനു താഴെ മടക്കിയ ഒരു പുതപ്പോ അല്ലെങ്കിൽ ഒരു ചെറിയ തലയണയോ ഉപയോഗിച്ച് സപ്പോർട്ട് കൊടുക്കാം.

കൈകൾ നെഞ്ചിലോ വശങ്ങളിലോ ചേർത്ത് വെക്കുക. ഏകദേശം 20 മിനിറ്റോളം ഇതേ പൊസിഷനിൽ തുടരുക. പൂർവ്വസ്ഥിതിയിലാകുമ്പോൾ ഒരു വശത്തേക്ക് തരിഞ്ഞു വേണം കാലുകൾ താഴേക്ക് കൊണ്ടു വരേണ്ടത്. അതിനു ശേഷം അൽപനേരം ശ്വാസം എടുത്തതിനു ശേഷം മാത്രം എഴുന്നേറ്റ് ഇരിക്കുക. ഈ യോഗ വൈകുന്നേരമോ കിടക്കുന്നതിനു മുമ്പോ ചെയ്യാവുന്നതാണ്.

# വിറ്റാമിൻ ബി 12ന്റെ അഭാവം ഫാറ്റി ലിവറിന് കാരണമാകുമോ?



കരളിൽ അധിക കൊഴുപ്പ് അടിഞ്ഞുകൂടുന്നത് മൂലമുണ്ടാകുന്ന വീക്കം മൂലമുണ്ടാകുന്ന ഒരു അവസ്ഥയാണ് ഫാറ്റി ലിവർ. മദ്യപാനം, പൊണ്ണത്തടി, ഉദാസീനമായ ജീവിതശൈലി, അനാരോഗ്യകരമായ ഭക്ഷണക്രമം എന്നിവയെല്ലാം ഫാറ്റി ലിവറിലേക്ക് നയിച്ചേക്കാവുന്ന ഘടകങ്ങളാണ്, എന്നാൽ ശരീരത്തിലെ വിറ്റാമിൻ ബി 12ന്റെ കുറവും ഫാറ്റി ലിവറിന് കാരണമാകുമെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.

കൊഴുപ്പിന്റെ മെറ്റബോളിസം ഉൾപ്പെടെ, നമ്മുടെ ശരീരത്തിന്റെ സുഗമമായ പ്രവർത്തനത്തിന് വിറ്റാമിൻ ബി12 ഒരു ആവശ്യ പോഷകമാണ്. അതിനാൽ തന്നെ വിറ്റാമിൻ ബി12ന്റെ കുറവു കരളിന്റെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കാം.

കൊഴുപ്പ് വിഘടിപ്പിക്കുന്നതിനും കരളിന്റെ ആരോഗ്യം നിലനിർത്തുന്നതിനും വിറ്റാമിൻ ബി12 പ്രധാനമാണ്. ശരീരത്തിൽ വിറ്റാമിൻ ബി12 കുറയുന്നതോടെ കൊഴുപ്പിനെ ശരിയായി സംസ്കരിക്കുന്നതിനും പുറന്തള്ളുന്നതിനും കരളിന് കഴിയാതെ വരുന്നു.

ഇതോടെ കൊഴുപ്പ് കരൾ കോശങ്ങളിൽ അടിഞ്ഞുകൂടാനും വീക്കമുണ്ടാക്കാനും കാരണമാകും. നോൺ ആൽക്കഹോളിക് ഫാറ്റിലിവർ രോഗമുള്ളവരിൽ വിറ്റാമിൻ ബി 12ന്റെ അളവ് സാധാരണയായി കുറവായിരിക്കുമെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്.

## വിറ്റാമിൻ ബി 12ന്റെ അഭാവത്തിന്റെ ലക്ഷണങ്ങൾ

### അമിത ക്ഷീണം

വിറ്റാമിൻ ബി 12ന്റെ കുറവിന്റെ സാധാരണ ലക്ഷണങ്ങളിൽ ഒന്നാണ് അമിത ക്ഷീണം. വിശ്രമിച്ചതിനുശേഷവും നിങ്ങൾക്ക് ഊർജ്ജക്കുറവ് അനുഭവപ്പെടുന്നുണ്ടെങ്കിൽ, നിങ്ങൾ ശ്രദ്ധിക്കണം. ചുവന്ന രക്താണുക്കളുടെ ഉത്പാദനം കുറയുന്നതാണ് ഇതിന് കാരണം.

### മരവിപ്പ്

കൈകളിലും കാലുകളിലും മരവിപ്പ് വിറ്റാമിൻ ബി 12ന്റെ കുറവിന്റെ ലക്ഷണമാണ്. തുടക്കത്തിൽ ശ്രദ്ധിച്ചില്ലെങ്കിൽ, അത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും.

### മാനസികാവസ്ഥയിലെ മാറ്റങ്ങൾ

സെറോടോണിൻ, ഡോപാമൈൻ എന്നിവയെ നിയന്ത്രിക്കാൻ ബി 12 സഹായിക്കുന്നു. അതിന്റെ അളവ് കുറയുമ്പോൾ, ആളുകൾക്ക് കോപം, ഉത്കണ്ഠ, വിഷാദം അല്ലെങ്കിൽ മറവി എന്നിവ അനുഭവപ്പെടാം.

### വിളറിയ ചർമ്മം

വിറ്റാമിൻ ബി 12ന്റെ കുറവ് ചർമ്മത്തെ വിളറിയതോ മഞ്ഞയോ ആയി കാണുന്നതിന് കാരണമാകും. ശരീരത്തിന് ആവശ്യത്തിന് ചുവന്ന രക്താണുക്കൾ ഉത്പാദിപ്പിക്കാൻ കഴിയാത്തതിനാലും കോശങ്ങൾ നശിക്കുമ്പോൾ ബിലിറൂബിൻ അടിഞ്ഞുകൂടുന്നതിനാലുമാണ് ഇത് സംഭവിക്കുന്നത്.

പലപ്പോഴും, രോഗം ഗുരുതരമാകുന്നതുവരെ ആരും അത്തരം ലക്ഷണങ്ങളിൽ വലിയ ശ്രദ്ധ ചെലുത്താറില്ല. പിത്താശയക്കല്ലുകൾ പോലുള്ള മറ്റ് കരൾ പ്രശ്നങ്ങളുമായി വിറ്റാമിൻ ബി 12ന്റെ കുറവ് ബന്ധപ്പെട്ടിരിക്കുന്നുവെന്നും വിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നു. കരളുമായി ബന്ധപ്പെട്ട ഗുരുതരമായ സങ്കീർണതകൾ ഒഴിവാക്കാൻ ബി 12ന്റെ കുറവ് നേരത്തെ കണ്ടെത്തി പരിഹരിക്കേണ്ടത് പ്രധാനമാണ്.

## ചികിത്സ

### ആരോഗ്യകരമായ ഭക്ഷണക്രമം

ഭക്ഷണത്തിൽ മാംസം, മത്സ്യം, മുട്ട, പാലുൽപ്പന്നങ്ങൾ എന്നിവ ഉൾപ്പെടുത്തുന്നത് വിറ്റാമിൻ ബി 12 ന്റെ കുറവ് ഒരു പരിധിവരെ പരിഹരിക്കാൻ സഹായിക്കും.

### സപ്ലിമെന്റുകൾ

പ്രായം, ചില മരുന്നുകളുടെ ഉപയോഗം, ദഹന വ്യവസ്ഥയുടെ രോഗങ്ങൾ എന്നിവ കാരണം ചില വ്യക്തികൾക്ക് വിറ്റാമിൻ ബി 12 ആഗിരണം ചെയ്യാൻ ബുദ്ധിമുട്ട് അനുഭവപ്പെട്ടേക്കാം. അത്തരം സന്ദർഭങ്ങളിൽ, ആരോഗ്യ വിദഗ്ധരുടെ നിർദ്ദേശ പ്രകാരം സപ്ലിമെന്റുകളും കുത്തിവയ്പ്പുകളും കഴിക്കാം.

# തൈറോയ്ഡ് ഉള്ളവർ 'നോ' പറയേണ്ട ഭക്ഷണങ്ങൾ



തൈറോയ്ഡ് എന്നത് കഴുത്തിന്റെ മുൻഭാഗത്തുള്ള ചിത്രശലഭത്തിന്റെ ആകൃതിയിലുള്ള ഒരു ഗ്രന്ഥിയാണ്. ഇത് ശരീരത്തിന്റെ ഉപാപചയ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന തൈറോക്സിൻ (T4) പോലുള്ള ഹോർമോണുകൾ പുറത്തുവിടുന്നു. ഈ ഹോർമോണുകളുടെ അളവ് കൂടുകയോ കുറയുകയോ ചെയ്യുന്നതാണ് പ്രധാന തൈറോയ്ഡ് രോഗങ്ങളായ ഹൈപ്പോതൈറോയിഡിസം, ഹൈപ്പർതൈറോയിഡിസം എന്നിവയ്ക്ക് കാരണം. തൈറോയ്ഡ് ഉള്ളവർ ഒഴിവാക്കേണ്ട ഭക്ഷണങ്ങളെക്കുറിച്ച് അറിയാം

### വെളുത്ത ബ്രെഡ്

വെളുത്ത ബ്രെഡ് നിരുപദ്രവകരമാണെന്ന് തോന്നുമെങ്കിലും, തൈറോയ്ഡ് പ്രശ്നങ്ങളുള്ളവർക്ക് ഇത് ഒരു നല്ല ഓപ്ഷനല്ല. വെളുത്ത ബ്രെഡ് ഉണ്ടാക്കാൻ ഉപയോഗിക്കുന്ന ശുദ്ധീകരിച്ച മാവിൽ നാരുകളും പോഷകങ്ങളും ഇല്ല, ഇത് രക്തത്തിലെ പഞ്ചസാരയുടെ വർദ്ധനവിനും ഉപാപചയ സമ്മർദ്ദത്തിനും കാരണമാകും. ധാന്യമോ ഗ്ലൂറ്റൻ രഹിത ബ്രെഡുകളോ മികച്ച തിരഞ്ഞെടുപ്പുകളാണ്.

### ഉരുളക്കിഴങ്ങ് ചിപ്സ്

മിക്ക ആളുകളും കഴിക്കുന്ന ഒരു സാധാരണ ലഘുഭക്ഷണമാണ് ഉരുളക്കിഴങ്ങ് ചിപ്സ്. അവ തൈറോയ്ഡ് ആരോഗ്യത്തിന് നല്ലതല്ല. അവയിൽ പലപ്പോഴും അയോഡൈഡസ്ഡ് ഉപ്പ് അടങ്ങിയിട്ടുണ്ട്, പക്ഷേ യഥാർത്ഥ പ്രശ്നം ട്രാൻസ് ഫാറ്റുകളിലും ശുദ്ധീകരിച്ച എണ്ണകളിലുമാണ്. ഈ കൊഴുപ്പുകൾ നിങ്ങളുടെ ശരീരത്തിന്റെ അയോഡിൻ ആഗിരണം ചെയ്യാനുള്ള കഴിവിനെ തടസ്സപ്പെടുത്തും, ഇത് നിങ്ങളുടെ തൈറോയ്ഡ് ഹോർമോണുകൾ നിർമ്മിക്കാൻ ആശ്രയിക്കുന്ന ഒരു ധാതുവാണ്.

### നിലക്കടല

പ്രോട്ടീനിൽ സമ്പന്നമാണെങ്കിലും, നിലക്കടലയിൽ ഗോയിട്രോജൻ അടങ്ങിയിട്ടുണ്ട്, അവ തൈറോയ്ഡ് ഹോർമോൺ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്ന പ്രകൃതിദത്ത സംയുക്തങ്ങളാണ്. തൈറോയ്ഡ് മരുന്ന് കഴിക്കുന്ന ഒരാൾക്ക്, ഇത് ഗ്രന്ഥിയുടെ കാര്യക്ഷമത കുറയ്ക്കും. ഇടയ്ക്കിടെ ചെറിയ അളവിൽ കഴിക്കുന്നത് നല്ലതാണ്, പക്ഷേ എല്ലാ ദിവസവും നിലക്കടല വെണ്ണയോ വറുത്ത നിലക്കടലയോ ആശ്രയിക്കുന്നത് തൈറോയ്ഡിന്റെ അയോഡിൻ ശരിയായി ആഗിരണം ചെയ്യാനുള്ള കഴിവിനെ തടസ്സപ്പെടുത്തിയേക്കാം. ബദാം അല്ലെങ്കിൽ വാൽനട്ട് സുരക്ഷിതമായ ഓപ്ഷനുകളാണ്.

### കാപ്പി

കപ്പ് കാപ്പി തൈറോയ്ഡ് ഹോർമോൺ ആഗിരണം തടസപ്പെടുത്തും. തൈറോയ്ഡ് മരുന്ന് കഴിച്ച ഉടനെ കാപ്പി കുടിക്കുന്നത് അതിന്റെ ഫലപ്രാപ്തി കുറയ്ക്കുമെന്ന് പഠനങ്ങൾ കാണിക്കുന്നു. കഫീൻ സ്ട്രെസ് ഹോർമോണായ കോർട്ടിസോളിനെയും വർധിപ്പിക്കുന്നു, ഇത് തൈറോയ്ഡ് ക്ഷീണ ലക്ഷണങ്ങൾ വഷളാക്കും.


കാപ്പി കുടിക്കുന്നതിന് മുമ്പ് മരുന്ന് കഴിച്ചതിന് ശേഷം കുറഞ്ഞത് 30-45 മിനിറ്റെങ്കിലും കാത്തിരിക്കുകയോ ചമോമൈൽ അല്ലെങ്കിൽ തുളസി ചായ പോലുള്ള ഹെർബൽ ബദലുകളിലേക്ക് മാറുകയോ ചെയ്യുക.

### കാബേജ്, ബ്രോക്കോളി, കോളിഫ്ളവർ

ഈ പച്ചക്കറികൾ പോഷകങ്ങളാൽ സമ്പുഷ്ടമാണ്, പക്ഷേ പച്ചയായോ വലിയ അളവിലോ കഴിക്കുമ്പോൾ തൈറോയ്ഡ് രോഗികൾക്ക് പ്രശ്നമുണ്ടാക്കുന്നു. തൈറോയ്ഡ് ഗ്രന്ഥിയിലെ അയോഡിനുമായി മത്സരിക്കുന്ന തയോസയനേറ്റുകൾ അവയിൽ അടങ്ങിയിട്ടുണ്ട്. കാലക്രമേണ, ഇത് ഹോർമോൺ അസന്തുലിതാവസ്ഥയ്ക്കോ വീക്കത്തിനോ കാരണമാകും.

# ഫേസ്ബുക്ക് ഗ്രൂപ്പുകളിൽ ഇനി യഥാർത്ഥ പേരില്ലാതെ പോസ്റ്റ് ചെയ്യാം; പുതിയ 'വിളിപ്പേര്' ഫീച്ചർ എത്തി


ഫേസ്ബുക്ക്ഗ്രൂപ്പുകളിലെ അംഗങ്ങൾക്ക് തങ്ങളുടെ യഥാർത്ഥ ഐഡന്റിറ്റി വെളിപ്പെടുത്താതെ ചർച്ചകളിൽ പങ്കെടുക്കാൻ അവസരം നൽകുന്ന പുതിയ 'വിളിപ്പേര്' (Nickname) ഓപ്ഷൻ അവതരിപ്പിച്ചു. ഗ്രൂപ്പുകളിൽ പോസ്റ്റ് ചെയ്യുമ്പോഴോ കമന്റ് ചെയ്യുമ്പോഴോ ഇനി അംഗങ്ങൾക്ക് സ്വന്തം പേരിന് പകരം ഇഷ്ടമുള്ള വിളിപ്പേരും അതോടൊപ്പം ഒരു ഓൾട്ടർനേറ്റീവ് പ്രൊഫൈൽ ചിത്രവും തിരഞ്ഞെടുക്കാവുന്നതാണ്. ഈ ഫീച്ചർ വഴി, ഒരു പ്രത്യേക വിഷയത്തിൽ താൽപര്യമുള്ളവർക്ക് സ്വന്തം വ്യക്തിത്വം വെളിപ്പെടുത്താതെ തന്നെ ഗ്രൂപ്പ് ചർച്ചകളിൽ കൂടുതൽ സ്വാതന്ത്ര്യത്തോടെ പങ്കുചേരാൻ സാധിക്കും. തങ്ങളുടെ യഥാർത്ഥ ജീവിതത്തിലെ ഐഡന്റിറ്റിയെ പ്രതിനിധാനം ചെയ്യേണ്ടിവരുമ്പോൾ ഉണ്ടാകുന്ന സമ്മർദ്ദം ഒഴിവാക്കാൻ ഇത് ഉപയോക്താക്കളെ സഹായിക്കുമെന്നാണ് ഫേസ്ബുക്ക് കരുതുന്നത്.




ഗ്രൂപ്പിൽ പ്രൊഫൈൽ ഉണ്ടാക്കുമ്പോൾ തന്നെ ഉപയോഗിക്കാൻ സാധ്യതയുള്ള വിളിപ്പേരുകൾ ഫേസ്ബുക്ക് നിർദ്ദേശിക്കുകയും ചെയ്യും. വിളിപ്പേര് ഉപയോഗിക്കുമ്പോൾ, ഒപ്പം ഒരു ഇൻകോഗ്നിറ്റോ ശൈലിയിലുള്ള അവതാർ (incognito-style avatar) തിരഞ്ഞെടുക്കാനും ഉപയോക്താക്കൾക്ക് സാധിക്കും. ഇത് ഓരോ ഗ്രൂപ്പിലും അവരെ പ്രതിനിധീകരിക്കുന്ന ഐഡന്റിഫയറായിരിക്കും.

വിളിപ്പേര് ഓപ്ഷൻ, നേരത്തെ ഗ്രൂപ്പുകളിൽ ലഭ്യമായ അജ്ഞാത പോസ്റ്റുകൾക്കും കമന്റുകൾക്കും പകരമുള്ളതല്ല. താൽക്കാലികമായി ഒരു സംശയം ചോദിക്കാനായി മാത്രം ഉപയോഗിക്കുന്ന അജ്ഞാത പോസ്റ്റുകളിൽ നിന്ന് വ്യത്യസ്തമായി, ഈ വിളിപ്പേരുകൾ തുടർച്ചയായ പങ്കാളിത്തത്തിനായി രൂപകൽപ്പന ചെയ്തതാണ്. എങ്കിലും, ആളുകൾ തങ്ങളെ തെറ്റായി പ്രതിനിധീകരിച്ച് ഗ്രൂപ്പുകളിൽ പ്രവേശിക്കാനും ആശയക്കുഴപ്പങ്ങൾ ഉണ്ടാക്കാനും സാധ്യതയുണ്ടെന്ന ആശങ്കകളും നിലനിൽക്കുന്നുണ്ട്. എന്നാൽ, നിയമപരമായ പ്രശ്നങ്ങളോ ദുരുപയോഗമോ ഉണ്ടായാൽ, ഈ വിളിപ്പേരുകൾ യഥാർത്ഥ ഫേസ്ബുക്ക് അക്കൗണ്ടുമായി ബന്ധപ്പെടുത്തിയിരിക്കുമെന്നും, അതിനാൽ തന്നെ കുറ്റക്കാർ ആരാണെന്ന് കണ്ടെത്താൻ സാധിക്കുമെന്നും ഫേസ്ബുക്ക് ഉറപ്പുനൽകുന്നു. നിലവിൽ എല്ലാ ഫേസ്ബുക്ക് ഗ്രൂപ്പുകളിലും ഈ പുതിയ വിളിപ്പേര് ഫീച്ചർ ലഭ്യമായി തുടങ്ങിയിട്ടുണ്ട്.

# വാട്ട്സ്ആപ്പിൽ ഇനി കോപൈലറ്റ് എഐ ചാറ്റ്ബോട്ട് ഉണ്ടാകില്ല; എന്തുകൊണ്ട്? 2026 ജനുവരി 15 മുതൽ സേവനം നിർത്തലാക്കും




ലോകത്തിലെ ഏറ്റവും ജനപ്രിയമായ മെസേജിങ് പ്ലാറ്റ്ഫോമായ വാട്ട്സ്ആപ്പിൽ മൈക്രോസോഫ്റ്റിന്റെ കോപൈലറ്റ് എഐ ചാറ്റ്ബോട്ടിന്റെ സേവനം 2026 ജനുവരി 15 മുതൽ പൂർണ്ണമായും അവസാനിപ്പിക്കും. വാട്ട്സ്ആപ്പിന്റെ പ്ലാറ്റ്ഫോം പോളിസികളിൽ മെറ്റാ വരുത്തിയ പുതിയ മാറ്റങ്ങളാണ് ഈ നിർണ്ണായക തീരുമാനത്തിന് പിന്നിൽ. കോപൈലറ്റ് മാത്രമല്ല, ഓപ്പൺഎഐയുടെ ചാറ്റ്ജിപിടി ഉൾപ്പെടെയുള്ള മറ്റ് ജനറൽപർപ്പസ് എഐ ചാറ്റ്ബോട്ടുകൾക്കും വാട്ട്സ്ആപ്പ് ബിസിനസ് സൊല്യൂഷനിലൂടെ ഇനി പ്രവർത്തിക്കാൻ കഴിയില്ല.

വാട്ട്സ്ആപ്പ് പ്ലാറ്റ്ഫോം പോളിസിയിൽ 'എഐ പ്രൊവൈഡർമാർ'ക്കായി കൊണ്ടുവന്ന പ്രത്യേക വിഭാഗമാണ് കോപൈലറ്റിന്റെ പിന്മാറ്റത്തിന് കാരണം. ഈ പുതിയ നിയമമനുസരിച്ച്, സംശയങ്ങൾക്ക് ഉത്തരം നൽകാനും സംഭാഷണങ്ങൾ നടത്താനുമായി രൂപകൽപ്പന ചെയ്ത, വലിയ ഭാഷാ മോഡലുകൾ (LLM) അടിസ്ഥാനമാക്കിയുള്ള എല്ലാ പൊതു എഐ അസിസ്റ്റന്റുകളെയും വാട്ട്സ്ആപ്പ് ബിസിനസ് എപിഐ വഴി പ്രവർത്തിക്കാൻ അനുവദിക്കില്ല. വാട്ട്സ്ആപ്പ് ബിസിനസ് ആശയവിനിമയങ്ങൾക്കായി മാത്രം ഉപയോഗിക്കാനാണ് മെറ്റാ ലക്ഷ്യമിടുന്നത്. പൊതുവായ ആവശ്യങ്ങൾക്കുള്ള എഐ ചാറ്റ്ബോട്ടുകൾക്കായി ഒരു വിതരണ ചാനലായി മാറുന്നത് ഒഴിവാക്കാനാണ് ഈ നിയന്ത്രണം.


ഈ മാറ്റം മൈക്രോസോഫ്റ്റ് ഔദ്യോഗികമായി സ്ഥിരീകരിച്ചിട്ടുണ്ട്. എങ്കിലും കോപൈലറ്റ് ഉപയോഗിക്കുന്നവർക്ക് മറ്റ് പ്ലാറ്റ്ഫോമുകളിലൂടെ സേവനം തുടർന്നും ലഭ്യമാകും. ജനുവരി 15ന് ശേഷം, ഉപയോക്താക്കൾക്ക് കോപൈലറ്റ് മൊബൈൽ ആപ്പ് വഴിയോ (ഐഒഎസ്, ആൻഡ്രോയിഡ്), copilot.com വെബ്സൈറ്റ് വഴിയോ, അല്ലെങ്കിൽ വിൻഡോസ് പിസികളിലെ ഇൻബിൽറ്റ് കോപൈലറ്റ് വഴിയോ എഐ അസിസ്റ്റന്റുമായി ചാറ്റ് ചെയ്യാം.

വാട്ട്സ്ആപ്പിലെ കോപൈലറ്റ് സംഭാഷണ ചരിത്രം മറ്റ് മൈക്രോസോഫ്റ്റ് പ്ലാറ്റ്ഫോമുകളിലേക്ക് കൈമാറ്റം ചെയ്യപ്പെടില്ല എന്നൊരു പ്രധാന വെല്ലുവിളിയുണ്ട്. അതിനാൽ, പ്രധാനപ്പെട്ട സംഭാഷണങ്ങൾ സൂക്ഷിക്കാൻ ആഗ്രഹിക്കുന്ന ഉപയോക്താക്കൾ, ജനുവരി 15ന് മുമ്പ് വാട്ട്സ്ആപ്പിന്റെ എക്സ്പോർട്ട് ടൂളുകൾ ഉപയോഗിച്ച് ചാറ്റ് ഹിസ്റ്ററി മാനുവലായി എക്സ്പോർട്ട് ചെയ്യണമെന്ന് മൈക്രോസോഫ്റ്റ് ഉപദേശിച്ചിട്ടുണ്ട്.

# യൂട്യൂബ് മ്യൂസിക്കിൽ എഐയുടെ മാന്ത്രികം: 2025ലെ സംഗീത വിശേഷങ്ങൾ അറിയാൻ പുതിയ 'റീക്യാപ്' ഫീച്ചർ

പ്രശസ്ത മ്യൂസിക് സ്ട്രീമിങ് പ്ലാറ്റ്ഫോമായ യൂട്യൂബ് മ്യൂസിക് 2025ലെ തങ്ങളുടെ വാർഷിക ശ്രവണാനുഭവങ്ങളുടെ സംഗ്രഹമായ 'റീക്യാപ്' അവതരിപ്പിച്ചു. സ്പോട്ടിഫൈയുടെ ജനപ്രിയമായ 'റാപ്പ്ഡ്' ഫീച്ചറിന് സമാനമായി, ഒരു വർഷം മുഴുവൻ ഉപയോക്താവ് കേട്ട സംഗീതത്തിന്റെയും പോഡ്കാസ്റ്റുകളുടെയും വിശദാംശങ്ങൾ ഈ റീക്യാപ് വഴി അറിയാൻ സാധിക്കും. എന്നാൽ, ഇത്തവണ യൂട്യൂബ് ഒരുപടി മുന്നോട്ട് കടന്ന് ഇതിൽ എഐയുടെ സാധ്യതകൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ വർഷത്തെ യൂട്യൂബ് മ്യൂസിക് റീക്യാപിന്റെ ഏറ്റവും വലിയ പ്രത്യേകത, എഐ സഹായത്തോടെ പ്രവർത്തിക്കുന്ന ചോദ്യോത്തര സംവിധാനമാണ്. ഉപയോക്താക്കൾക്ക് തങ്ങളുടെ സംഗീത ആസ്വാദന ശീലങ്ങളെക്കുറിച്ച് നേരിട്ട് ചോദ്യങ്ങൾ ചോദിക്കാൻ




ഈ ഫീച്ചർ സൗകര്യമൊരുക്കുന്നു. ഉദാഹരണത്തിന്, 'എന്റെ സംഗീതാഭിരുചിക്കിണങ്ങുന്ന മൃഗം ഏതാണ്?' എന്നോ അല്ലെങ്കിൽ 'എന്റെ ശ്രവണശീലങ്ങളെക്കുറിച്ച് ജെൻ സി (Gen Z) ഭാഷയിൽ ഒരു വിവരണം നൽകുക' എന്നോ പോലുള്ള സംഭാഷണ രൂപത്തിലുള്ള ചോദ്യങ്ങൾ എഐയോട് ചോദിക്കാവുന്നതാണ്. ഇതുവഴി വ്യക്തിഗത വിവരങ്ങൾ കൂടുതൽ രസകരമായ രീതിയിൽ കണ്ടെത്താൻ ഉപയോക്താക്കൾക്ക് സാധിക്കും.

ഇതുകൂടാതെ, ഒരു വർഷം മുഴുവൻ താൻ ഏറ്റവും കൂടുതൽ കേട്ട കലാകാരൻ ആരെന്ന് വ്യക്തമാക്കുന്ന 'മ്യൂസിക്കൽ ബെസ്റ്റി', ഓരോ ദിവസവും ആ ആർട്ടിസ്റ്റിനെ എത്രത്തോളം കേട്ടു എന്ന് കാണിക്കുന്ന കലണ്ടർ രൂപത്തിലുള്ള വിവരണം എന്നിവയും റീക്യാപ് നൽകുന്നുണ്ട്. കേട്ട സംഗീതം ഏത് ഭൂപ്രദേശത്തുനിന്നുള്ളതാണെന്ന് സൂചിപ്പിക്കുന്ന 'മ്യൂസിക്കൽ പാസ്പോർട്ട്' എന്നൊരു ഘടകവും ഈ വാർഷിക റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യൂട്യൂബ് മ്യൂസിക് സബ്സ്ക്രൈബർമാർക്കായി ഈ റീക്യാപ് ഫീച്ചർ നിലവിൽ ലഭ്യമായി തുടങ്ങി. ആപ്പിലെ പ്രൊഫൈൽ അവതാറിൽ ടാപ്പ് ചെയ്ത് ഉപയോക്താക്കൾക്ക് തങ്ങളുടെ വാർഷിക സംഗീതാനുഭവങ്ങളുടെ റിപ്പോർട്ട് പരിശോധിക്കാവുന്നതാണ്.

# നിങ്ങളുടെ ജിമെയിൽ അക്കൗണ്ട് എവിടെയെല്ലാം ലോഗിൻ ചെയ്തിരിക്കുന്നു? കണ്ടുപിടിക്കാം

ഇന്നത്തെ ഡിജിറ്റൽ യുഗത്തിൽ, നമ്മുടെ ഓൺലൈൻ ജീവിതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട താക്കോലാണ് ഇമെയിൽ അക്കൗണ്ടുകൾ. ബാങ്കിംഗ് വിവരങ്ങൾ, സോഷ്യൽ മീഡിയ ലോഗിനുകൾ, സ്വകാര്യ ഫോട്ടോകൾ, പ്രധാനപ്പെട്ട ഔദ്യോഗിക രേഖകൾ തുടങ്ങി എല്ലാം നാം ജിമെയിലുമായി ബന്ധിപ്പിച്ചാണ് സൂക്ഷിക്കുന്നത്. അതുകൊണ്ട് തന്നെ, നിങ്ങളുടെ അനുമതിയില്ലാതെ മറ്റൊരാൾ ഈ അക്കൗണ്ട് ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് അത്യാവശ്യമാണ്. കാരണം, ഇത് വലിയ സാമ്പത്തിക തട്ടിപ്പുകൾക്കും സ്വകാര്യതാനഷ്ടങ്ങൾക്കും വഴിവെച്ചേക്കാം.

നിങ്ങളുടെ ജിമെയിൽ അക്കൗണ്ട് നിലവിൽ ഏതെല്ലാം ഉപകരണങ്ങളിൽ ലോഗിൻ ചെയ്തിട്ടുണ്ട് എന്ന് എങ്ങനെ എളുപ്പത്തിൽ കണ്ടെത്താമെന്നും, അത് സുരക്ഷിതമാക്കാൻ ചെയ്യേണ്ട കാര്യങ്ങളെന്തൊക്കെയാണെന്നും നമുക്ക് നോക്കാം.

**1. നിങ്ങളുടെ ജിമെയിൽ ലോഗിൻ എവിടെയെല്ലാം എന്ന് കണ്ടെത്താൻ:**

നിങ്ങളുടെ അക്കൗണ്ട് ഉപയോഗിക്കുന്ന ഉപകരണങ്ങൾ (ഫോൺ, കമ്പ്യൂട്ടർ, ടാബ്ലെറ്റ്) പരിശോധിക്കാൻ ഗൂഗിൾ വളരെ ലളിതമായ ഒരു സംവിധാനം ഒരുക്കിയിട്ടുണ്ട്.

1. **ഗൂഗിൾ അക്കൗണ്ടിലേക്ക് പോകുക:** ആദ്യം നിങ്ങളുടെ ഫോണിലോ കമ്പ്യൂട്ടറിലോ myaccount.google.com എന്ന വെബ്സൈറ്റിൽ പ്രവേശിക്കുക, അല്ലെങ്കിൽ ജിമെയിലിൽ നിന്ന് നിങ്ങളുടെ പ്രൊഫൈൽ ചിത്രത്തിൽ ക്ലിക്ക് ചെയ്ത് 'Manage your Google Account' (നിങ്ങളുടെ ഗൂഗിൾ അക്കൗണ്ട് കൈകാര്യം ചെയ്യുക) എന്ന ഓപ്ഷൻ തിരഞ്ഞെടുക്കുക.
2. **'Securtiy' (സുരക്ഷ) ഓപ്ഷൻ തിരഞ്ഞെടുക്കുക:** മുകളിലുള്ള ടാബുകളിൽ നിന്ന് 'Securtiy' എന്ന വിഭാഗത്തിലേക്ക് പോകുക.
3. **'Your devices' (നിങ്ങളുടെ ഉപകരണങ്ങൾ) കണ്ടെത്തുക:** താഴേക്ക് സ്ക്രോൾ ചെയ്യുമ്പോൾ 'Your devices' എന്നൊരു വിഭാഗം കാണാം. ഇതിന് താഴെയുള്ള 'Manage all devices' (എല്ലാ ഉപകരണങ്ങളും കൈകാര്യം ചെയ്യുക) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
4. **വിവരങ്ങൾ പരിശോധിക്കുക:** നിങ്ങളുടെ ജീമെയിൽ അക്കൗണ്ട് ലോഗിൻ ചെയ്തിട്ടുള്ള എല്ലാ ഉപകരണങ്ങളുടെയും ലിസ്റ്റ്, അവ അവസാനം ഉപയോഗിച്ച സമയം, സ്ഥലം എന്നിവ ഇവിടെ കൃത്യമായി കാണാൻ കഴിയും.

ഈ ലിസ്റ്റ് പരിശോധിച്ച്, നിങ്ങൾക്ക് അപരിചിതമായി തോന്നുന്നതോ, നിങ്ങൾ ഇപ്പോൾ ഉപയോഗിക്കാത്തതോ ആയ ഉപകരണങ്ങൾ ഉണ്ടോയെന്ന് ഉറപ്പുവരുത്തുക.

**2. എല്ലാ ഉപകരണങ്ങളിൽ നിന്നും ലോഗൗട്ട് ചെയ്യാൻ (Logout From Everywhere):**

അപരിചിതമായി കാണുന്നതോ, നിങ്ങൾ മുമ്പ് ഉപയോഗിച്ചിരുന്നതും ഇപ്പോൾ ആവശ്യമില്ലാത്തതുമായ ഉപകരണങ്ങളിൽ നിന്ന് ഉടൻ തന്നെ ലോഗൗട്ട് ചെയ്യേണ്ടത് സുരക്ഷയ്ക്ക് അത്യന്താപേക്ഷിതമാണ്.

1. മുകളിൽ കണ്ട 'Manage all devices' എന്ന പേജിൽ, നിങ്ങൾ ഒഴിവാക്കാൻ ആഗ്രഹിക്കുന്ന ഉപകരണത്തിന്റെ പേരിന് അടുത്തുള്ള **മൂന്ന് ഡോട്ടുകളുള്ള മെനുവിൽ ( ⋮ )** ക്ലിക്ക് ചെയ്യുക.
2. തുടർന്ന് **'Sign out' (പുറത്തുകടക്കുക)** എന്ന ഓപ്ഷൻ തിരഞ്ഞെടുക്കുക.
3. ഈ ഉപകരണം നിങ്ങളുടെ അക്കൗണ്ടിൽ നിന്ന് ഉടൻ പുറത്താക്കപ്പെടും. സംശയാസ്പദമായ ഉപകരണങ്ങൾ കണ്ടാൽ ഉടൻ തന്നെ ഈ പ്രക്രിയ പൂർത്തിയാക്കുക.

**3. ഇമെയിൽ എങ്ങനെ സംരക്ഷിക്കാം (How to Protect Email):**

സൈബർ തട്ടിപ്പുകൾ വർധിക്കുന്ന ഈ കാലത്ത് നിങ്ങളുടെ ഇമെയിലിന്റെ സുരക്ഷ ഉറപ്പുവരുത്താൻ ഈ ലേറ്റസ്റ്റ് ടിപ്സുകൾ ശ്രദ്ധിക്കുക.

- **ശക്തമായ പാസ്‌വേർഡ് ഉപയോഗിക്കുക:** നിങ്ങളുടെ പേര്, ജനനത്തീയതി, മൊബൈൽ നമ്പർ പോലുള്ള എളുപ്പത്തിൽ ഊഹിക്കാൻ കഴിയുന്ന പാസ്‌വേർഡുകൾ ഒഴിവാക്കുക. അക്ഷരങ്ങൾ (ചെറുതും വലുതും), സംഖ്യകൾ, ചിഹ്നങ്ങൾ എന്നിവ ചേർത്ത ഒരു നീണ്ട പാസ്‌വേർഡ് തിരഞ്ഞെടുക്കുക.
- **പാസ്‌വേർഡ് പതിവായി മാറ്റുക:** ഓരോ മൂന്ന് മാസം കൂടുമ്പോഴെങ്കിലും പാസ്‌വേർഡ് മാറ്റുന്നത് നിങ്ങളുടെ സുരക്ഷ ഇരട്ടിയാക്കും.
- **ഫിഷിംഗ് കെണികൾ തിരിച്ചറിയുക:** ബാങ്കിൽ നിന്നോ, മറ്റ് വലിയ സ്ഥാപനങ്ങളിൽ നിന്നോ എന്ന് പറഞ്ഞ് വരുന്ന വ്യാജ ഇമെയിലുകളിലെ ലിങ്കുകളിൽ ഒരിക്കലും ക്ലിക്ക് ചെയ്യരുത്. അക്കൗണ്ട് വിവരങ്ങൾ ആവശ്യപ്പെടുന്ന മെയിലുകൾക്ക് മറുപടി നൽകുകയോ അതിലെ അറ്റാച്ച്മെന്റുകൾ തുറക്കുകയോ ചെയ്യരുത്.
- **'Securtiy Checkup' നടത്തുക:** ഗൂഗിൾ അക്കൗണ്ടിലെ 'Securtiy' വിഭാഗത്തിൽ പോയി 'Securtiy Checkup' എന്ന ടൂൾ ഉപയോഗിച്ച് നിങ്ങളുടെ അക്കൗണ്ട് സുരക്ഷാപരമായ കാര്യങ്ങളെല്ലാം കൃത്യമാണോ എന്ന് പരിശോധിക്കുന്നത് പതിവാക്കുക.

**4. 2-ഫാക്ടർ ഓതന്റിക്കേഷൻ (2FA) ഇങ്ങനെ ഓൺ ചെയ്യാം:**

ഓൺലൈൻ സുരക്ഷയുടെ ഏറ്റവും നിർണായകമായ പടിയാണ് 2-Step Verification (രണ്ട് ഘട്ടങ്ങളായുള്ള സ്ഥിരീകരണം) അഥവാ 2FA. നിങ്ങളുടെ പാസ്‌വേർഡ് ആരെങ്കിലും മോഷ്ടിച്ചാലും, ഈ സുരക്ഷാ സംവിധാനം കാരണം അവർക്ക് അക്കൗണ്ടിലേക്ക് പ്രവേശിക്കാൻ കഴിയില്ല.

1. **'Securtiy' പേജിൽ പോകുക:** നിങ്ങളുടെ ഗൂഗിൾ അക്കൗണ്ടിലെ 'Securtiy' എന്ന ടാബ് തിരഞ്ഞെടുക്കുക.
2. **2-Step Verification:** 'Signing in to Google' എന്ന വിഭാഗത്തിൽ, '2-Step Verification' എന്ന ഓപ്ഷൻ കാണാം. അതിൽ ക്ലിക്ക് ചെയ്യുക.
3. **സജ്ജീകരിക്കുക:** 'Get Started' ക്ലിക്ക് ചെയ്ത്, നിങ്ങളുടെ ഫോൺ നമ്പർ നൽകുക. ലോഗിൻ ചെയ്യുമ്പോൾ ഒരു പാസ്‌വേഡിന് പുറമെ, നിങ്ങളുടെ ഫോണിലേക്ക് ലഭിക്കുന്ന ഒരു കോഡ് കൂടി നൽകിയാൽ മാത്രമേ അക്കൗണ്ട് തുറക്കാൻ കഴിയൂ.
4. **Google Prompt ഉപയോഗിക്കുക:** കോഡിന് പകരം, നിങ്ങളുടെ ഫോണിലേക്ക് ഗൂഗിൾ അയയ്ക്കുന്ന ലോഗിൻ അലർട്ട് (Yes/No) ഓപ്ഷൻ ഉപയോഗിക്കുന്നത് കോഡ് എന്റർ ചെയ്യുന്നതിനേക്കാൾ കൂടുതൽ എളുപ്പമാണ്. ഇത് സജ്ജീകരിക്കാൻ ശ്രമിക്കുക.

ഓൺലൈൻ ലോകത്തെ വിദഗ്ദ്ധനും (Software Developer) സോഷ്യൽ മീഡിയ മാർക്കറ്ററും എന്ന നിലയിൽ, നിങ്ങളുടെ വിവരങ്ങളുടെ സുരക്ഷയിൽ നിങ്ങൾ തന്നെയാണ് പ്രധാന പങ്കുവഹിക്കേണ്ടതെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു. ഈ സുരക്ഷാ നിർദ്ദേശങ്ങൾ ഉടൻ തന്നെ പാലിച്ചുതുടങ്ങുക.




◗ റോബിൻസ് ആന്റണി